# അൽമായവേദി

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ മുഖപത്രം

പുസ്തകം 2 | ലക്കം 5 | പേജ് 8

## സ്വപ്നങ്ങൾ ബാക്കിവെച്ച് നിത്യതയിലേക്ക്

### എം. കുര്യൻ തോമസ്

**പ.** വാകത്താനം ബാവായുടെ പരിശുദ്ധ പ്രഖ്യാപനം, ചക്കുപള്ളം ഗത്സീമോൻ അരമന ചാപ്പലിന്റെ പൂർത്തീകരണം, ഇടുക്കി ഭദ്രാസനത്തിലെ പള്ളികളുടെ വികസനം, പ. വട്ടക്കുന്നേൽ ബാവായുടെ സമ്പൂർണ്ണകൃതികളുടെ പ്രസിദ്ധീകരണം..... ദേശീയപാത 220 ലെ വാഹനാപകടത്തിൽ ഇടുക്കി ഭദ്രാസനാധിപൻ ഔഗേൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ കാലം ചെയ്തത് ഒരു പിടി സ്വപ്നങ്ങൾ ബാക്കിവച്ചുകൊണ്ടാണ്.

മലങ്കരസഭയിലെ പ്രായം കുറഞ്ഞ മെത്രാപ്പോലീത്താമാരിലൊരാളായ ഔഗേൻ മാർ ദീവന്നാസ്യോസ് പ. വട്ടക്കുന്നേൽ ബാവായുടെ സെക്രട്ടറിയായാണ് സഭാ രംഗത്ത് ശ്രദ്ധേയനായത്. സമീപകാലത്ത് മലങ്കരസഭ കണ്ട ഏറ്റവും മികച്ച പ്രിൻസിപ്പൾ സെക്രട്ടറി എന്ന നിലയിൽ ആരോപണരഹിതമായും മാതൃകാപരമായും മികച്ച രീതിയിലാണ് പ. പിതാവ് കാലം ചെയ്യുന്നതുവരെ അദ്ദേഹത്തെ സേവിച്ചത്.

യാദൃച്ഛികമായാണ് വള്ളിക്കാട്ടു ദയറായുടെ മാനേജർ സ്ഥാനം ഏറ്റെടുക്കേണ്ടിവന്നത്. അനാഥമായികിടന്ന രണ്ടാം കാതോലിക്കായുടെ കബറിടവും വള്ളിക്കാട്ടു ദയറായും പ. വട്ടക്കുന്നേൽ ബാവാ ഏറ്റെടുത്തപ്പോൾ അവിടേക്ക് "ആർ നമുക്കുവേണ്ടി പോകും" എന്ന ചോദ്യത്തിനു "അടിയനിതാ അടിയനെ അയക്കേണമേ" എന്നു പറഞ്ഞ് സ്വയം ഏറ്റെടുത്ത കഷ്ടപ്പാടായിരുന്നു മാനേജർ സ്ഥാനം. പ്രതിബന്ധങ്ങളെ അതിജീവിച്ച് വള്ളിക്കാട്ടു ദയറാ ചാപ്പൽ പുതുക്കിപ്പണിതു. ഇന്ന് മലങ്കരയിലെ പൊതു തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന വള്ളിക്കാട്ടു ദയറാ ഏറ്റവും വൃത്തിയായി സൂക്ഷിക്കപ്പെടുന്ന പൊതുസ്ഥാപനവുമാണ്.

ചരിത്രത്താളുകളിൽ അവഗണിക്കപ്പെട്ടു കിടന്നിരുന്ന വാകത്താനത്തു ബാവായുടെ മഹത്വം തിരിച്ചറിഞ്ഞു പൊതുജനശ്രദ്ധയിൽ കൊണ്ടുവന്നതിന്റെ പ്രധാന ഉത്തരവാദി ഔഗേൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായാണ്. ആ ശ്രമത്തിന്റെ ഭാഗമായിരുന്നു അദ്ദേഹത്തിന്റെ സമഗ്ര ജീവചരിത്രവും, കൃതികളും പഠനങ്ങളും ഉൾപ്പെട്ട "കാതോലിക്കേറ്റിന്റെ നിധി" എന്ന സമാഹാര ഗ്രന്ഥം.

പ. വാകത്താനത്തു ബാവായെ പരിശുദ്ധനായി പ്രഖ്യാപിക്കുക എന്നത് അദ്ദേഹത്തിന്റെ സ്വപ്നമായിരുന്നു. അതിനുള്ള പ്രാഥമിക ശ്രമങ്ങളും അദ്ദേഹം നടത്തിയിരുന്നു.

*(ശേഷം 6–ാം പേജിൽ)*

## വർക്കിംഗ് കമ്മറ്റി പുനഃസംഘടിപ്പിച്ചു

### അൽമായവേദി ന്യൂസ് സർവീസ്

പരുമല: മലങ്കരസഭാ വർക്കിംഗ് കമ്മറ്റി പുനഃസംഘടിപ്പിച്ചു. സ്ഥാനന്യായേന ഉൾപ്പെടുന്നവരെ കൂടാതെ ഫാ. ഏലിയാസ് ചെറുകാട്, മാമ്മൻ വർഗീസ്, ഇ. ജേക്കബ് ജോൺ എന്നിവരെയാണ് പ. കാതോലിക്കാബാവാ നോമിനേറ്റ് ചെയ്തത്. മെയ് 21–ന് പരുമലയിൽ ചേർന്ന സ്ഥാനികളുടെ യോഗമാണ് ഈ തീരുമാനമെടുത്തത്.

നാടകീയമായ സംഭവ പരമ്പരകളുടെ പരിസമാപ്തിയായാണ് പുനഃസംഘടന പ്രഖ്യാപിച്ചത്. മലങ്കരസഭാ ഭരണഘടനയുടെ 87–ാം വകുപ്പുപ്രകാരം വിളിച്ചുചേർത്ത യോഗമാണ് ഈ തീരുമാനം എടുത്തത്.

നേരത്തെ ഏകപക്ഷീയമായി വർക്കിംഗ് കമ്മറ്റി പുനഃസംഘടിപ്പിക്കുവാൻ പുതിയ സെക്രട്ടറിയും പ. പിതാവിന്റെ സെക്രട്ടറിയും ചേർന്ന് ഒരു ലിസ്റ്റ് തയാറാക്കിയിരുന്നു. എന്നാൽ ഈ നീക്കം ഭരണഘടനാ ലംഘനമാണെന്ന കാരണത്താൽ കൂട്ടുട്രസ്റ്റിമാർ ശക്തിയുക്തം എതിർത്തു. തുടർന്നാണ് 87–ാം വകുപ്പു പ്രകാരമുള്ള യോഗം വിളിച്ചു കൂട്ടിയത്.

ആദ്യമുണ്ടാക്കിയ ലിസ്റ്റിന് പ. ബാവാ തിരുമനസ്സിലെ അംഗീകാരമില്ലായിരുന്നെന്നും തന്ത്രപൂർവ്വം ഒപ്പിട്ടുവാങ്ങാൻ ശ്രമിച്ചതാണെന്നും ആരോപണമുണ്ട്.

വർക്കിംഗ് കമ്മറ്റിയിലെ സഭാസ്നേഹികളായ അംഗങ്ങളെ പുറത്താക്കാൻ നീക്കമുണ്ടെന്ന് *അൽമായവേദി* നേരത്തെ റിപ്പോർട്ടു ചെയ്തിരുന്നു. വിഭജനവാദികളുടെയും, ചുമന്ന കുപ്പായമോഹികളുടെയും രഹസ്യ അജൻഡയാണ് കമ്മറ്റി പുനഃസംഘടനയെന്ന് ശക്തമായ ആരോപണം ഉയർന്നിട്ടുണ്ട്. എന്നാൽ പുതുതായി നിയമിതിരായ അംഗങ്ങൾ ഈ രണ്ടു കൂട്ടരെയും പിൻതുണയ്ക്കുകയില്ലെന്നും അതിനാൽ രഹസ്യ അജൻഡ നടപ്പാകുകയില്ലെന്നും റിപ്പോർട്ടു ചെയ്യപ്പെടുന്നു.

ഏകപക്ഷീയമായി വർക്കിംഗ് കമ്മറ്റി പുനഃസംഘടിപ്പിക്കുന്നതിനും വടക്കൻ ഇടവകകളെ അന്യവൽക്കരിക്കാൻ ശ്രമിക്കുന്നതിനുമെതിരെ തെക്കൻ ഇടവകകളിലെ ഭൂരിപക്ഷം മെത്രാപ്പോലിത്താമാരും, സഭയിലെ പ്രമുഖരായ വ്യക്തികളും രംഗത്തു വന്നിരുന്നു. ഇത് പുനഃസംഘടനയ്ക്കു ചുക്കാൻ പിടിച്ച കുപ്പായ കോക്കസിനെ ഞെട്ടിച്ചിരുന്നു.

ദുർബലമായ ഒരു വർക്കിംഗ് കമ്മറ്റി സൃഷ്ടിച്ചെടുക്കാനും അങ്ങനെ അധികാരം തങ്ങളുടെ കൈപ്പിടിയിലൊതുക്കാനും ശ്രമിച്ച കുപ്പായ കോക്കസിനു കനത്ത തിരിച്ചടിയാണ് പുതിയ വർക്കിംഗ് കമ്മറ്റി രൂപീകരണത്തിലൂടെ ലഭിച്ചിരിക്കുന്നത്. ഈ കോക്കസിനു പിന്തുണ നൽകുന്ന വിഭജനവാദികളും ഇതോടെ മാളത്തിലേക്ക് വലിയാൻ നിർബന്ധിതരായി.


അടുത്ത മെത്രാൻ തെരഞ്ഞെടുപ്പിൽ ചുമന്ന കുപ്പായം ഉറപ്പാക്കാൻ ശ്രമിച്ച രണ്ടു സ്ഥാനമോഹികളും പുതിയ വർക്കിംഗ് കമ്മറ്റി രൂപീകരണത്തോടെ പരിഭ്രാന്തിയിലായതായി റിപ്പോർട്ട് ചെയ്യപ്പെടുന്നു. ഇവരാണ് ഈ നാടകത്തിനു സൂത്രധാരകത്വം വഹിച്ചത്. എന്നാൽ കൂട്ടുട്രസ്റ്റിമാർ കർശന നിലപാടെടുക്കുകയും പ. പിതാവ് അവരെ അനുകൂലിക്കുകയും ചെയ്തതോടെ തങ്ങളുടെ ഭാവി അപകടത്തിലായ പരിഭ്രാന്തിയിലാണവർ.

## ആരെയും ചുമതലപ്പെടുത്തിയിട്ടില്ല: ശ്രേഷ്ഠ നിയുക്ത ബാവാ

കോട്ടയം: സഭാവിഭജന ചർച്ചകൾക്കായി ആരെയും ഔദ്യോഗികമായി ചുമതലപ്പെടുത്തിയിട്ടില്ലെന്ന് ശ്രേഷ്ഠ നിയുക്ത കാതോലിക്കാ പൗലൂസ് മാർ മിലിത്തിയോസ് അറിയിച്ചു. വിശാല ഐക്യം എന്ന പേരിൽ ചിലർ സഭാവിഭജന ചർച്ചകൾ നടത്തുന്ന വിവരം ഓർത്തഡോക്സ് അൽമായവേദി പ്രവർത്തകർ ശ്രദ്ധയിൽപ്പെടുത്തിയപ്പോഴാണ് അദ്ദേഹം ഇപ്രകാരം പ്രതികരിച്ചത്.

"സഭയിൽ സമാധാനം അനിവാര്യമാണ്. അതിനു പല വിട്ടുവീഴ്ചകളും ചെയ്യുവാൻ തയാറാകണം'' അദ്ദേഹം പറഞ്ഞു. ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കേണ്ടത് പ്രശ്നബാധിതമായ വടക്കൻ ഇടവകകളാണെന്നും അവരുടെ മേൽ സ്വാർത്ഥമതികളുടെ തീരുമാനം അടിച്ചേൽപ്പിക്കുന്നത് ശരിയല്ലെന്നും ശ്രേഷ്ഠ നിയുക്ത ബാവാ *അൽമായവേദി*യോടു പറഞ്ഞു.

## ഔഗേൻ മാർ ദീവന്നാസ്യോസിന് കണ്ണീരോടെ വിട



കോട്ടയം: ഇടുക്കി ഭദ്രാസനാധിപൻ ഔഗേൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ കാറപകടത്തെത്തുടർന്ന് ജൂൺ 6 ന് കാലം ചെയ്തു. രാവിലെ പത്തു മണിയോടടുത്ത് പൊൻകുന്നത്തിനും കൊടുങ്ങൂരിനുമിടയിൽ മെത്രാപ്പോലീത്താ സഞ്ചരിച്ചിരുന്ന കാർ ബസുമായി കൂട്ടിയിടിച്ചാണ് അപകടമുണ്ടായത്. നിർദ്ധന വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യാനുള്ള നോട്ടുബുക്കുകൾ കയറ്റി വള്ളിക്കാട്ട് ദയറായിൽനിന്നും ഇടുക്കിക്ക് യാത്ര തിരിച്ചതായിരുന്നു മെത്രാപ്പോലീത്താ.

കബറടക്കം ജൂൺ 7 –ന് വള്ളിക്കാട്ട് ദയറായിൽ നടന്നു. ദീവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് മലങ്കരസഭ കണ്ണീരിൽ കുതിർന്ന യാത്രാമൊഴി ചൊല്ലി. ഭൗതിക ദേഹം ദർശിക്കാൻ മലങ്കരസഭയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് ആയിരങ്ങളെത്തി. പ. കാതോലിക്കാബാവാ കബറടക്ക ശുശ്രൂഷകൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

പ്രതിപക്ഷ നേതാവ് ഉമ്മൻചാണ്ടി, മന്ത്രിമാരായ ടി. യു. കുരുവിള, തോമസ് ഐസക്ക്, ഡപ്യൂട്ടി സ്പീക്കർ ജോസ് ബേബി, എം. പി. മാരായ സുരേഷ് കുറുപ്പ്, ഫ്രാൻസിസ് ജോർജ്, എം. എൽ. എ. മാരായ വി. എൻ. വാസവൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, സി. എഫ്. തോമസ് തുടങ്ങിയവർ ഭൗതികദേഹം ദർശിച്ച് ആദരാഞ്ജലികൾ അർപ്പിച്ചു.

## ആദരാഞ്ജലികൾ

**അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ സുഹൃത്തും അഭ്യുദയകാംക്ഷിയുമായിരുന്നു ഔഗേൻ മാർ ദീവന്നാസ്യോസ് തിരുമേനി. അൽമായവേദി എറണാകുളത്ത് സംഘടിപ്പിച്ച മലങ്കര വർഗ്ഗീസ് അനുസ്മരണ സമ്മേളനത്തിൽ വളരെയധികം തിരക്കുകളുടെ നടുവിലും അദ്ദേഹം ഓടിയെത്തി. സ്നേഹധനനായ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ ഓർമ്മയ്ക്കു മുമ്പിൽ ഓർത്തഡോക്സ് അൽമായവേദിയുടെ പ്രണാമം.**

## പുനരൈക്യ ചർച്ചകൾ ആരംഭിക്കുവാൻ സാദ്ധ്യത

മൂവാറ്റുപുഴ: മാറിയ സാഹചര്യങ്ങളിൽ പിടിച്ചുനിൽക്കാനാവാതെ പുത്തൻകുരിശു സൊസൈറ്റി മലങ്കരസഭയുമായി പുനരൈക്യപ്പെടുവാൻ സന്നദ്ധത പ്രകടിപ്പിച്ചു.

പുത്തൻകുരിശു സൊസൈറ്റിയുടെ ഉന്നത അധികാരികൾ മലങ്കരസഭയിലെ അധികാര സ്ഥാനത്തുള്ളവരെ നേരിട്ടു ഫോണിൽ വിളിച്ചാണ് ചർച്ചയ്ക്ക് സന്നദ്ധത പ്രകടിപ്പിച്ചത്.

സുപ്രീംകോടതി വിധിയെ തുടർന്ന്, വൈകുന്ന നീതിയുടെ ഗുണഭോക്താക്കളായി അധികകാലം ഇനി തുടരാനാവില്ലെന്ന തിരിച്ചറിവാണ് ഇത്തരമൊരു നീക്കത്തിന് സൊസൈറ്റി നേതൃത്വത്തെ മുഖ്യമായും പ്രേരിപ്പിച്ചത്. സൊസൈറ്റിക്കുള്ളിൽ ശ്രേഷ്ഠ കാതോലിക്കാ തോമസ് പ്രഥമനെതിരായി ശക്തമാകുന്ന എതിർപ്പും ഈ നീക്കത്തിനു പ്രേരകശക്തിയായി.

ഇതിനിടെ, മദ്ധ്യപൗരസ്ത്യദേശത്തെ രാഷ്ട്രീയവും അന്ത്യോഖ്യൻ സഭയുടെ ആഭ്യന്തര പ്രശ്നവും കൂടിക്കുഴഞ്ഞ് അതിസങ്കീർണമായ പ്രശ്നങ്ങളെ നേരിടുന്ന സഖാ പ്രഥമൻ ഇന്ത്യൻ സഭാപ്രശ്നങ്ങളിലിടപെടാനാവാത്തവിധം ഗുരുതര പ്രതിസന്ധിയിലാണ്. ആ പിന്തുണയും നഷ്ടമായതോടെ യോജിപ്പല്ലാതെ മറ്റു വഴിയില്ലെന്ന തിരിച്ചറിവിലാണ് പുത്തൻകുരിശു സൊസൈറ്റി നേതൃത്വം. സമീപകാലത്ത് കടമറ്റം, കത്തിപ്പാറത്തടം, പോത്താനിക്കാട് തുടങ്ങിയ പള്ളികളിൽ അതിക്രമം കാണിച്ചവരുടെ പേരിൽ പോലീസ് കർശന നടപടിയെടുത്തതും പുത്തൻകുരിശു സൊസൈറ്റിയെ ഇരുത്തിച്ചിന്തിപ്പിച്ചിട്ടുണ്ട്.

## വിഭജന തീരുമാനം നിയമവിരുദ്ധം: ഓർത്തഡോക്സ് സഭ

കോട്ടയം: ഏതാനും മേൽപ്പട്ടക്കാരുടെയും സ്ഥാനികളുടെയും അധികാരം നിലനിർത്തുന്നതിനുവേണ്ടി മലങ്കരസഭ രണ്ടായിത്തീരണമെന്ന വിഘടിത വിഭാഗത്തിന്റെ നിലപാട് അപഹാസ്യമാണെന്ന് ഓർത്തഡോക്സ് സഭാ വൈദികട്രസ്റ്റി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് പറഞ്ഞു.

യോജിപ്പാണ് സഭയിലെ ബഹുഭൂരിപക്ഷം ജനങ്ങളും ആഗ്രഹിക്കുന്നത്; വേർപിരിയലല്ല. 1934 –ലെ ഭരണഘടന എല്ലാവരും അംഗീകരിച്ച് സമാധാനം പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സുപ്രീംകോടതി വിശദീകരിച്ചിട്ടുള്ളതാണ്. എന്നാൽ, അതിനു വിപരീതമായി മറ്റൊരു ഭരണഘടന നടപ്പിൽവരുത്താൻ വിഘടിത വിഭാഗം ശ്രമിക്കുന്നതാണ് പ്രശ്നങ്ങൾക്കു കാരണം. ജനാധിപത്യ വ്യവസ്ഥിതിക്കു പ്രാധാന്യം കൽപ്പിക്കുന്നു എന്ന് അവകാശപ്പെടുന്നവർ അതേ സംവിധാനത്തിന്റെ ഭാഗമായ നീതിന്യായ വ്യവസ്ഥിതിയെ തള്ളിപ്പറയുന്നതു ഖേദകരമാണ്.

കോടതിവിധികളിലൂടെ പല പള്ളികളിലെയും പ്രശ്നങ്ങൾ തീർന്നുകഴിഞ്ഞു. തൃശൂർ ചുവന്നമണ്ണ്, കത്തിപ്പാറത്തടം, കുറിഞ്ഞി പള്ളികളെ സംബന്ധിച്ചുള്ള ഹൈക്കോടതി വിധികളും വിഘടിത വിഭാഗം രൂപംനൽകിയ ഭരണഘടനയ്ക്കു നിയമസാധുതയില്ലെന്നു വ്യക്തമാക്കുന്നവയാണ്. ഈ സാഹചര്യത്തിൽ വിഭജിക്കുക എന്ന ചിന്താഗതി മാറ്റി ഭരണഘടനാനുസൃതമായി യോജിക്കാനുള്ള ശ്രമം നടത്താനാണ് വിഘടിത വിഭാഗം തയാറാകേണ്ടതെന്നു ഫാ. ജോൺസ് ഏബ്രഹാം കോനാട്ട് പറഞ്ഞു.

# സഭാ സെക്രട്ടറിയുടെ പ്രാധാന്യം

## ജോയ്സ് തോട്ടയ്ക്കാട് & എം. കുര്യൻ തോമസ്

സഭാ സെക്രട്ടറിക്ക് ന്യായമായ പ്രാമുഖ്യം കിട്ടുന്നില്ല എന്ന് ഓർത്തഡോക്സ് ഹെറാൾഡ് എന്ന ഓൺലൈൻ പ്രസിദ്ധീകരണം കണ്ടെത്തുകയും ചില നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയും ചെയ്തത് വായിച്ചു. ദേവലോകം അരമനയിൽ വർഷങ്ങളോളം ഉണ്ടായിരുന്ന ഹെറാൾഡിന്റെ എഡിറ്റർക്ക് സെക്രട്ടറിയാര്, ട്രസ്റ്റിയാര് എന്നൊക്കെ അറിയാതിരിക്കാൻ വഴിയില്ല. ഇനി അറിയാൻ വയ്യ എന്നു തന്നെയിരിക്കട്ടെ. സഭാഭരണഘടന ജീവിതത്തിൽ എപ്പോഴെങ്കിലും മറിച്ചുനോക്കിയിട്ടുണ്ടാവണമല്ലോ; സഭയിലെ ഒരച്ചനല്ലേ! അപ്പോൾ ലേഖനമെഴുതിയത് എഡിറ്ററായിരിക്കില്ല. മറ്റാരെങ്കിലുമായിരിക്കാം. ആരെങ്കിലുമാവട്ടെ. പക്ഷേ, മണ്ടത്തരങ്ങൾ എഴുന്നള്ളിക്കുന്നതിനെ ആരും ചോദ്യം ചെയ്യാനില്ലാതെ വന്നാൽ അത് ചരിത്രമായിത്തീരാൻ ഇടയുണ്ട് എന്നതിനാൽ സഭാ സെക്രട്ടറിയെ സംബന്ധിച്ചും അടുത്ത കാലത്തായി ചിലർ എഴുതിവിടുന്ന തെറ്റായ ചില പരാമർശനങ്ങളെ സംബന്ധിച്ചും ചൂണ്ടിക്കാട്ടുകയാണ്.

സഭാ ഭരണഘടനയും സഭയുടെ കീഴ്‌വഴക്കവുമനുസരിച്ച് വൈദികട്രസ്റ്റി, അൽമായട്രസ്റ്റി, സഭാ സെക്രട്ടറി എന്നതാണ് മുൻഗണനാക്രമം. വൈദികട്രസ്റ്റി, അൽമായട്രസ്റ്റി എന്നിവരെ തിരഞ്ഞെടുക്കുന്നത് മലങ്കര മെത്രാപ്പോലീത്തായെയും മെത്രാന്മാരെയും തിരഞ്ഞെടുക്കുന്ന അതേ നടപടിക്രമങ്ങളിലൂടെയാണ്. പകുതിയിലധികം വോട്ടു കിട്ടുന്നവർക്ക് മാത്രമേ ഈ സ്ഥാനത്തു വരാൻ കഴിയുകയുള്ളു. എന്നാൽ സെക്രട്ടറി തിരഞ്ഞെടുപ്പ് മാനേജിംഗ് കമ്മറ്റിയിലാണ് നടക്കുന്നത്. കൂടുതൽ വോട്ട് കിട്ടുന്ന ആർക്കും സെക്രട്ടറിയാകാം. അമ്പതു ശതമാനം വോട്ട് നിർബന്ധമില്ല.

ഇപ്പോഴത്തെ സെക്രട്ടറിയാണ് ഏറ്റവും പ്രായം കുറഞ്ഞ സെക്രട്ടറി എന്ന പരാമർശനവും ശരിയല്ല. ഇ. എം. ഫിലിപ്പ് 25-ാം വയസ്സിലും (1883 ൽ) ഇ. ജെ. ജോസഫ് 30 -ാം വയസ്സിലും (1951) സെക്രട്ടറി സ്ഥാനത്ത് എത്തിയവരാണ്.

തുമ്പമൺ ഭദ്രാസനത്തിൽ നിന്നുള്ള ആദ്യ സെക്രട്ടറിയാണ് ഇപ്പോഴത്തെ ആളെന്നതും ശരിയല്ല. ചന്ദനപ്പള്ളി സ്വദേശിയായ ഫാ. കെ. ഡേവിഡാണ് (1938-1941) തുമ്പമൺ ഭദ്രാസനത്തിൽ നിന്നുള്ള ആദ്യ സെക്രട്ടറി.

ഇതുവരെ ട്രസ്റ്റിമാരായിരുന്ന ആരും സെക്രട്ടറിയാവുകയോ അതിനായി മത്സരിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ സെക്രട്ടറി സ്ഥാനത്ത് സേവനമനുഷ്ഠിച്ച പി. സി. ഏബ്രഹാം, ഇ. ജെ. ജോസഫ്, പോൾ മത്തായി എന്നിവർ ട്രസ്റ്റി സ്ഥാനത്തേക്ക് മത്സരിക്കുകയും പി. സി. ഏബ്രഹാം ട്രസ്റ്റിയായി സമീപകാലം വരെ പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്.

1873 ലെ പരുമല സുന്നഹദോസും തുടർന്ന് 1876 ലെ മുളന്തുരുത്തി സുന്നഹദോസുമാണ് മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനും മാനേജിംഗ്കമ്മറ്റിയും രൂപീകരിച്ചത്. മലങ്കര നസ്രാണികളുടെ മതസംബന്ധമായും ജാതിസംബന്ധമായും ഉള്ള സകല കാര്യങ്ങളിലും പരമാധികാരിയായിട്ടാണ് അസോസിയേഷൻ മാനേജിംഗ് കമ്മറ്റിക്ക് രൂപംകൊടുത്തത്.

ലഭ്യമായ രേഖകൾപ്രകാരം കോട്ടയം കാഞ്ഞിരത്തിൽ ചെറിയാനാണ് ആദ്യ അസോസിയേഷൻ സെക്രട്ടറി. തുടർന്ന് 1878 ൽ കാരിക്കൽ കുരുവിള ഈപ്പനെ തിരഞ്ഞെടുത്തു അദ്ദേഹത്തെ തുടർന്ന് ഇടവഴിക്കൽ ഇ.എം.ഫിലിപ്പ്, കെ.വി. ചാക്കോ, കെ.കെ. തോമസ്, കെ.എം. മാത്തൻ മാപ്പിള, എ.എം.വർക്കി, എം.പി. ജോസഫ്, എറികാട്ട് ഇ.ജെ. ജോസഫ്, പടിഞ്ഞാറേക്കര പി.സി. ഏബ്രഹാം, വീണ്ടും എറികാട്ട് ഇ.ജെ. ജോസഫ്, (80-85) പോൾ മത്തായി (85-90), എം.റ്റി. പോൾ (90-94), എ.കെ. തോമസ് (94-02), ഡോ.അലക്സാണ്ടർ കാരയ്ക്കൽ (02-07) എന്നിവർ യഥാക്രമം അസോസിയേഷൻ സെക്രട്ടറിമാരായി.

ഇതിനിടയിൽ രണ്ടു പ്രാവശ്യം താൽക്കാലിക സെക്രട്ടറിയായ ഫാ. എം. സി. കുറിയാക്കോസ് റമ്പാനും 1938-1941 കാലത്ത് സെക്രട്ടറിയായ ഫാ. കെ. ഡേവിഡുമാണ് ഈ ശ്രേണിയിലെ വൈദികസ്ഥാനികൾ. 1995 -ൽ സുപ്രീംകോടതി അംഗീകരിച്ച ഭരണഘടനപ്രകാരം ഇപ്പോൾ വൈദികർക്ക് അസോസിയേഷൻ സെക്രട്ടറിയാകാൻ സാദ്ധ്യമല്ല.

വളരെ വൈവിദ്ധ്യമാർന്ന പശ്ചാത്തലമാണ് അസോസിയേഷൻ സെക്രട്ടറിമാർക്കുള്ളത്, ഗുമസ്തന്മാരും, ഹെഡ്മാസ്റ്റർമാരും, പ്രിൻസിപ്പൾമാരും, സാങ്കേതിക വിദഗ്ദ്ധരും, ജഡ്ജിമാരും, വ്യവസായികളും അഭിഭാഷകരും ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ളതായി കാണാം. വാർത്താവിനിമയ, ഗതാഗത സൗകര്യങ്ങൾ കുറവായിരുന്ന പഴയകാലത്തുപോലും മലങ്കരസഭയുടെ നാനാഭാഗത്തുനിന്നും സെക്രട്ടറിമാർ ഉണ്ടായതായി കാണാം. ആലുവ യു.സി. കോളജ് പ്രിൻസിപ്പാൾ എ.എം. വർക്കി അവധിയെടുത്താണ് സെക്രട്ടറിസ്ഥാനം വഹിച്ചത്. ആദ്യകാലത്തെ അപേക്ഷിച്ച് മലങ്കരസഭയുടെ ഭരണഭാരം വർദ്ധിച്ചിരിക്കുന്നതിനാൽ സെക്രട്ടറിയുടെ ജോലിഭാരവും അതിന്റെ മാനങ്ങളും കാലോചിതമായി മാറിയിട്ടുണ്ട്. ഒരു കണക്കപ്പിള്ള (മുതൽപിടി) മാത്രമുണ്ടായിരുന്ന അവസ്ഥയിൽനിന്നും വലിയൊരു ഭരണസംവിധാനത്തിനു നേതൃത്വം വഹിക്കേണ്ട ഉത്തരവാദിത്വമാണ് ഇപ്പോൾ സെക്രട്ടറിക്കുള്ളത്.

അസോസിയേഷന്റെ ഇതഃപര്യന്തമുള്ള ചരിത്രത്തിലെ ഏറ്റവും പ്രഗൽഭനായ സെക്രട്ടറി തീർച്ചയായും ഇടവഴിക്കൽ ഇ.എം. ഫിലിപ്പാണ്. പിന്നീടുള്ള സ്ഥാനങ്ങൾ യഥാക്രമം എ.എം. വർക്കി, എറികാട്ട് ഇ. ജെ. ജോസഫ്, പടിഞ്ഞാറേക്കര പി.സി. ഏബ്രഹാം എന്നിവർക്ക് അർഹമാണ്.

# കുറിഞ്ഞി പള്ളിക്കേസ്: 1934-ലെ ഭരണഘടന അനുസരിച്ച് ഭരിക്കപ്പെടണമെന്ന് കോടതി

കൊച്ചി: കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിൽപെട്ട കുറിഞ്ഞി സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് പള്ളി 1934-ലെ ഭരണഘടനയ്ക്ക് വിധേയമായി ഭരിക്കപ്പെടേണ്ടതാണെന്നും 2002-ലെ പുത്തൻകുരിശ് ഭരണഘടന ഈ പള്ളിക്ക് ബാധകമല്ലെന്നും സ്പെഷ്യൽ കോടതി വിധി പ്രസ്താവിച്ചു.

1963-ൽ പാലാൽ കുടുംബത്തിന് പ്രത്യേക അവകാശങ്ങൾ നൽകുന്ന രീതിയിൽ പള്ളിയിൽ ഉണ്ടാക്കിയിരിക്കുന്ന ഉടമ്പടി 1934 -ലെ ഭരണഘടനയ്ക്ക് വിധേയമായി നിലനിൽക്കുമെന്നും അത് റദ്ദാക്കേണ്ട ആവശ്യമില്ലെന്നും സ്പെഷ്യൽ കോടതി വ്യക്തമാക്കി. എന്നാൽ പാലാൽ കുടുംബക്കാർ 1934-ലെ ഭരണഘടന ലംഘിക്കുന്നപക്ഷം അവർക്ക് ഈ ഉടമ്പടിയുടെ പരിരക്ഷ ലഭിക്കുകയില്ലെന്നും വിധിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതോടെ കുറിഞ്ഞിപള്ളി കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിന്റെ ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ പൂർണ്ണ ഭരണത്തിൻകീഴിലായി. അദ്ദേഹം നിയമിച്ച ഫാ. ജോൺ കോർഎപ്പിസ്ക്കോപ്പയാണ് ഇപ്പോൾ കുറിഞ്ഞി പള്ളി വികാരി.

# ചുവന്നമണ്ണ് പള്ളി: 1934 -ലെ ഭരണഘടനപ്രകാരം ഭരിക്കപ്പെടണമെന്ന് കോടതി

കൊച്ചി: തൃശൂർ ഭദ്രാസനത്തിനു കീഴിലുള്ള ചുവന്നമണ്ണ് സെന്റ് ജോർജ്ജ് ഓർത്തഡോക്സ് സുറിയാനിപള്ളി 1934 -ലെ മലങ്കരസഭാ ഭരണഘടനയനുസരിച്ച് ഭരിക്കപ്പെടണമെന്ന് എറണാകുളം അഡീഷണൽ ജില്ലാകോടതി വിധിച്ചു. 1934 -ലെ ഭരണഘടനയോട് വിധേയത്വം പ്രഖ്യാപിച്ച പള്ളി വികാരി ഫാ. ബേബി പോൾ പള്ളിയിൽ ആരാധനാകർമ്മങ്ങൾ നടത്തുന്നത് തടസ്സപ്പെടുത്തുന്നതിൽ നിന്ന് ശ്രേഷ്ഠ കാതോലിക്കാ തോമസ് പ്രഥമൻ ബാവായെയും മറ്റും അഡീഷണൽ ജില്ലാ ജഡ്ജി എസ്. ജഗദീഷ് വിലക്കി.

ഭദ്രാസന മെത്രാപ്പോലീത്തായായ യൂഹാനോൻ മാർ മിലിത്തിയോസിനെ പിന്തുണച്ചിരുന്ന പള്ളി വികാരി ഫാ. ബേബിയെ ആരാധനാകർമ്മങ്ങൾ നിർവഹിക്കുന്നതിൽ നിന്ന് 2003 -ൽ വിഘടിത വിഭാഗത്തിൽപെട്ടവർ തടഞ്ഞതാണ് കേസിനിടയാക്കിയത്. വികാരിക്കു വേണ്ടി ബിജു എബ്രഹാം, ബി. ജി. ഭാസ്ക്കർ എന്നിവർ ഹാജരായി.

# ബി. എം. എം. സ്കൂളിന്റെ മാനേജുമെന്റും പ്രശ്നം; ആശാകിരൺ പ്രശ്നം സങ്കീർണമാകുന്നു

പാമ്പാടി: പാമ്പാടിയിൽ കെ. ജി കോളജിനു സമീപം ഓർഫനേജ് അസോസിയേഷൻ നടത്തുന്ന ആശാകിരണിലെ കുട്ടികളെ മലങ്കരസഭയുടെ കാതോലിക്കേറ്റ് ആൻഡ് എം. ഡി. സ്കൂൾ മാനേജുമെന്റിലുള്ള എം. ഡി. എൽ. പി സ്കൂളിൽ പ്രവേശിപ്പിക്കുന്നതു സംബന്ധിച്ച വിവാദം മറ്റു മേഖലകളിലേയ്ക്കും കടക്കുന്നു.

പ. പാമ്പാടി തിരുമേനി പഠിച്ച പള്ളിവാതുക്കൽ സ്കൂൾ എന്നറിയപ്പെടുന്ന എം. ഡി. എൽ. പി സ്കൂൾ കുട്ടികളില്ലാതെ വിഷമിക്കുകയാണ്. അവിടെ എച്ച്. ഐ. വി. ബാധിതരായ കുട്ടികളെ പ്രവേശിപ്പിച്ചതു മൂലം മറ്റു കുട്ടികൾ വരാതായി. സ്കൂൾ പൂട്ടുന്ന നിലയിലെത്തി. ഈ അവസരത്തിലാണ് എം. ഡി. എൽ. പി. സ്കൂളിലെ നിർദ്ധനരായ കുട്ടികളുടെ രക്ഷിതാക്കൾ കുട്ടികളെ ആശാകിരണിനു സമീപമുള്ളതും "സഭാ മാനേജ്മെന്റി"ലുൾപ്പെട്ടതുമായ ബി. എം. എം. ഹയർ സെക്കൻഡറി സ്കൂളിൽ പ്രവേശിപ്പിക്കണമെന്ന ആവശ്യമുന്നയിച്ചത്. ഇതേ തുടർന്ന് ആശാകിരൺ മലങ്കരസഭയുടെ സ്ഥാപനമല്ലെന്നും പി. റ്റി. എ. തീരുമാനത്തോടു യോജിക്കുന്നതായും പള്ളിവാതുക്കൽ സ്കൂൾ സംരക്ഷിക്കുമെന്നും മാനേജർ പൗലൂസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ വ്യക്തമാക്കി. എന്നാൽ പാമ്പാടി ദയറാ വക പണം ആശാകിരണിലേയ്ക്കു വക മാറ്റുന്നതായി ആരോപണമുണ്ട്.

പാമ്പാടി ദയറാ വക സ്ഥലത്ത് സഭയുടേതെന്ന പേരിൽ നടത്തുന്ന അൺ എയ്ഡഡ് സ്കൂളായ ബി. എം. എം. സ്കൂളിന്റെ ഉടമസ്ഥതയെച്ചൊല്ലി വർഷങ്ങളായി ചിലർ സംശയം ഉയർത്തുന്നുണ്ട്. സഭയുടെ സ്വത്തും, പേരുമുപയോഗിച്ചു നടത്തുന്ന ഈ സ്ഥാപനം ഒരാളുടെ സ്വകാര്യ സ്വത്താണെന്നാണ് ആക്ഷേപം.

ആശാകിരൺ വിവാദത്തിൽ ഈ സ്കൂളിന്റെ ഉടമസ്ഥാവകാശത്തെപ്പറ്റി ചോദ്യമുണ്ടാകുമെന്ന ഭയം മൂലമാണ് പ്രശ്നം ഒതുക്കി തീർക്കാൻ ശ്രമിക്കുന്നതെന്നും ആരോപണമുണ്ട്. വിദ്യാഭ്യാസ മന്ത്രിയും ജനപ്രതിനിധികളും സാംസ്കാരികനായകരും പാമ്പാടിയിലെത്തി ബോധവത്കരണം നടത്തിയെങ്കിലും രക്ഷിതാക്കൾ തങ്ങളുടെ കുട്ടികളെ സ്കൂളിലയക്കാൻ തയാറായിട്ടില്ല. എച്ച്. ഐ. വി. ബാധിതരായ കുട്ടികളിലൊരാളെ ബി. എം. എം. സ്കൂളിൽ പഠിപ്പിച്ചുകൊള്ളാമെന്ന് പി. സി. യോഹന്നാൻ റമ്പാൻ കഴിഞ്ഞ അദ്ധ്യയനവർഷത്തിൽ സമ്മതിച്ചിരുന്നതാണെന്നും അതിൽ നിന്നും അദ്ദേഹം പിമ്പോട്ടുപോയതാണ് ഇപ്പോഴത്തെ പ്രതിസന്ധിക്ക് കാരണമെന്നും വിദ്യാഭ്യാസ മന്ത്രി ബോധവത്കരണത്തെ തുടർന്നു നടത്തിയ പത്രസമ്മേളനത്തിൽ ആരോപിച്ചു. ഈ പ്രശ്നം സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നിലവിലുണ്ട്.

# വിഭജനം അനുവദിക്കില്ല

എറണാകുളം: യാതൊരു വിധത്തിലും വിഭജനം അനുവദിക്കില്ലെന്നും കേസുകൾ ഉടൻ നടത്തിയെടുക്കുമെന്നും എറണാകുളത്തു ചേർന്ന വിഭജന വിരുദ്ധരുടെ യോഗം തീരുമാനിച്ചു.

അസോസിയേഷൻ സെക്രട്ടറി തിരഞ്ഞെടുപ്പിനെ തുടർന്നാണ് പുതിയ മാനേജിംഗ് കമ്മറ്റിയിലെ വിഭജന വിരുദ്ധർ സംഘടിക്കാൻ തീരുമാനിച്ചത്. ഇവരുടെ ആദ്യ അനൗപചാരിക യോഗം തിരുവല്ലയിൽ ചേർന്നു. എറണാകുളത്തു ചേർന്ന തുടർയോഗമാണ് ഈ തീരുമാനം എടുത്തത്. മാനേജിംഗ് കമ്മറ്റിയിൽ ഒരുമിച്ചു നിൽക്കാനും ഇവർ തീരുമാനിച്ചിട്ടുണ്ട്. പ്രശ്നബാധിത ഭദ്രാസനങ്ങളിലെ ഭൂരിപക്ഷം അംഗങ്ങളും തെക്കൻ, ബാഹ്യ കേരള ഭദ്രാസനങ്ങളിലെ വലിയൊരു വിഭാഗവും ഈ ചിന്താഗതിയോട് യോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്.

# കത്തിപ്പാറത്തടം പള്ളിക്കേസ്: അപ്പീൽ തള്ളി

കൊച്ചി: കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിൽപ്പെട്ട ഇടുക്കി ജില്ലയിലെ കത്തിപ്പാറത്തടം സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളി സംബന്ധിച്ച ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് വിധിക്കെതിരെ വിഘടിത വിഭാഗം ഡിവിഷൻ ബെഞ്ചിൽ നൽകിയ അപ്പീൽ തള്ളി. പള്ളിയുടെ നിയന്ത്രണം സംബന്ധിച്ച തർക്കത്തിനു സിവിൽ കോടതി വഴി പരിഹാരം തേടുന്നതിനു തടസ്സമില്ലെന്നു ഹൈക്കോടതി ഡിവിഷ് ബഞ്ച് വ്യക്തമാക്കി.

കഴിഞ്ഞ നവംബറിൽ ആർ. ഡി. ഒ. പൂട്ടി മുദ്ര വച്ച പള്ളിയുടെ താക്കോൽ ഓർത്തഡോക്സ് സഭ നിയമിച്ച വികാരിക്കു കൈമാറാനും 1934-ലെ സഭാഭരണഘടനപ്രകാരം പള്ളിഭരണം നടത്താനുമുള്ള സിംഗിൾ ബഞ്ച് വിധിക്കെതിരെ വിഘടിത വിഭാഗത്തിലെ ചിലർ സമർപ്പിച്ച അപ്പീൽ തീർപ്പാക്കിക്കൊണ്ടാണ് ജസ്റ്റീസുമാരായ കെ. എസ്. രാധാകൃഷ്ണനനും ആന്റണി ഡൊമിനിക്കും ഉൾപ്പെട്ട ഡിവിഷൻബഞ്ച് ഇക്കാര്യം വ്യക്തമാക്കിയത്.

1934-ലെ മലങ്കരസഭാ ഭരണഘടനയാണ് കത്തിപ്പാറത്തടം പള്ളിക്കു ബാധകമെന്നും ഭരണഘടനയെയും പ. കാതോലിക്കാ ബാവായെയും അംഗീകരിക്കാത്തവർക്ക് പള്ളി ഭരണത്തിൽ ഇടപെടാനാവില്ലെന്നും സിംഗിൾ ബഞ്ചിന്റെ വിധിയിൽ പറഞ്ഞിരുന്നു. ഈ വിധിപ്രകാരം പള്ളിയുടെ താക്കോൽ ഓർത്തഡോക്സ് സഭ നിയമിച്ച വികാരിക്ക് ആർ. ഡി. ഒ. കൈമാറിയിരുന്നു.

സിവിൽ കോടതിയിൽ കേസു ഫയൽ ചെയ്യുന്നതിനു തടസമില്ലെന്നു മാത്രമാണ് ഹൈക്കോടതി വ്യക്തമാക്കിയതെന്ന് കണ്ടനാട് ഈസ്റ്റ് ഭദ്രാസനകേന്ദ്രം അറിയിച്ചു.

ഫലത്തിൽ, 1971 -നു ശേഷം സ്ഥാപിച്ച ഇടവക പള്ളികൾ പോലും 1934 -ലെ സഭാ ഭരണഘടനയ്ക്കു വിധേയമാണെന്ന വിധി ഇപ്പോഴും പ്രാബല്യത്തിലാണെന്ന് നിയമവൃത്തങ്ങൾ ചൂണ്ടിക്കാട്ടി. കത്തിപ്പാറത്തടം അപ്പീലിൽ തങ്ങൾ ജയിച്ചെന്ന മട്ടിലുള്ള തോമസ് പ്രഥമന്റെ അവകാശവാദം ശരിയല്ലെന്നും അവർ വ്യക്തമാക്കി.

**അൽമായവേദി**

**വാർഷിക വരിസംഖ്യ: 100 രൂപ (ഇന്ത്യയിൽ)**

വിലാസം: **AKHILA MALANKARA ORTHODOX ALMAYA VEDI, Post Box No. 652, Kottayam PIN 686001**

## ഓഫ് സൈഡ് - ഓഫ് സൈഡ്

### ഒരു കുപ്പായം കിട്ടാൻ പെടുന്ന പാടേ....

*പത്രം നടത്തി മെത്രാനാകാം* എന്നു വ്യാമോഹിച്ച സെമിനാരി അദ്ധ്യാപകൻ ഇടയ്ക്കൊരു കള്ളക്കേസിൽ പെട്ട് സെമിനാരിയിൽ നിന്നു പുറത്തായി. എങ്കിലും കഴിഞ്ഞ തവണത്തെ മെത്രാൻ തിരഞ്ഞെടുപ്പിൽ പഠിച്ച പണി പതിനെട്ടും പയറ്റി നോക്കി. രക്ഷപെട്ടില്ല. തോറ്റവരെല്ലാം റമ്പാന്മാരായി വീണ്ടും മത്സരിക്കാൻ കച്ച കെട്ടുമ്പോൾ പത്രാധിപർ വേറൊരു വഴിക്കാണ് കരുക്കൾ നീക്കുന്നത്. ഭദ്രാസന മെത്രാപ്പോലീത്തായുടെ വിശ്വസ്തൻ കളിച്ച് *സൗത്ത് ആഫ്രിക്കായുടെ അപ്പോസ്തോലനായ* ഇദ്ദേഹം ആ ഭദ്രാസനത്തിൽനിന്നും വ്യാജമാർഗ്ഗത്തിലൂടെ മാനേജിംഗ് കമ്മറ്റിയിലെത്തി. മാനേജിംഗ് കമ്മറ്റിയിൽ മെത്രാൻ തെരഞ്ഞെടുപ്പിന് ഔദ്യോഗിക പാനൽ നിശ്ചയിക്കുമ്പോൾ അതിൽ കയറുകയാണ് ലക്ഷ്യം. സെക്രട്ടറി തെരഞ്ഞെടുപ്പിൽ അവസാന നിമിഷം മലക്കം മറിഞ്ഞ് യുവതുർക്കിയുടെ കൂടെ ചേർന്നത് ഭാഗ്യമായി. അങ്ങേര് സെക്രട്ടറിയായതോടെ വർക്കിംഗ് കമ്മറ്റി മെമ്പർ സ്ഥാനത്തിന് ഒന്നിടിക്കാൻ തീർച്ചപ്പെടുത്തി. സെക്രട്ടറി നന്നായി ഇദ്ദേഹത്തിനു വേണ്ടി വാദിച്ചെങ്കിലും, വിഘടിതവിഭാഗത്തിന്റെ നേതാവിനെ തൃക്കുന്നത്തു കയറ്റിയതുപോലെ ദേവലോകത്തെങ്ങാനും ഇങ്ങേര് കയറ്റുമോയെന്ന് പേടിച്ച് പ. ബാവായും കൂട്ടുട്രസ്റ്റിമാരും ആ നിർദ്ദേശം തള്ളിക്കളഞ്ഞു. മോഹങ്ങൾ അവസാനിക്കാത്ത കുപ്പായമോഹിയുടെ അടുത്ത മോഹമെന്താണാവോ? പാവപ്പെട്ട മലങ്കരസഭയെ ദൈവം രക്ഷിക്കട്ടെ എന്ന് ആശ്വസിക്കാം.

# ഓർത്തഡോക്സ് സഭയിലെ പ്രശ്നങ്ങൾ

**കെ. ഇ. മാമൻ**

**(സ്വാതന്ത്ര്യ സമര സേനാനി)**

സുപ്രീംകോടതി വിധി ഇരുവിഭാഗവും സന്തോഷത്തോടെ സ്വീകരിക്കേണ്ടതായിരുന്നു. സഭ രണ്ടാകാതെ പോകുന്നതിനുള്ള ഏക മാർഗ്ഗം. എന്നാൽ പാത്രിയർക്കീസ് ഭാഗത്തെ നേതൃത്വം ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചു, റിബൽ ഗ്രൂപ്പുണ്ടാക്കി. സമാധാനശ്രമങ്ങൾ എന്നും വിജയിക്കാതിരുന്നതു പാത്രിയർക്കീസ്സ് ഭാഗത്തെ "റിബൽ മെത്രാൻ" ഗ്രൂപ്പിന്റെ തടസ്സംകൊണ്ടു മാത്രമാണ്. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ, സമാധാനശ്രമങ്ങൾ തുടരണം. പാത്രിയർക്കീസ് ഭാഗത്തു നിൽക്കുന്ന ഇടവകപള്ളികൾ തുറക്കുന്നതിനും, സമാധാനബലി (വിശുദ്ധ കുർബ്ബാന) അർപ്പിക്കുന്നതിനും കാതോലിക്കാഭാഗം അനുവദിക്കണം. ഇടവക വികാരിമാർ കൂദാശകൾ നടത്തട്ടെ; സഭാഭരണഘടന സ്വീകരിക്കുന്നതിന് അവർക്കു സമയം അനുവദിക്കണം. റിബൽ മെത്രാന്മാരെയും റിബൽ കാതോലിക്കായേയും, ഭരണഘടന സ്വീകരിക്കുന്നതുവരെ പ്രവേശനം അനുവദിക്കേണ്ടതില്ല.

കങ്ങഴ ആശുപത്രിയുടെ ഉടമസ്ഥാവകാശം സഭയ്ക്കു മാത്രമാണ്. പുതിയ മാനേജിംഗ് കമ്മറ്റി അന്വേഷണം നടത്തി, റിപ്പോർട്ട് പരസ്യപ്പെടുത്തണം. തിരുവനന്തപുരം ഇടവക സ്വത്തിനുവേണ്ടി, മലങ്കര മെത്രാപ്പോലീത്താ വാദിയായി 23 വർഷമായി നടത്തുന്ന വ്യവഹാരം മലങ്കര മെത്രാപ്പോലീത്താ നിരുപാധികം പിൻവലിക്കണം.

അൽമായവേദിയെ ശക്തിപ്പെടുത്തണം. മെത്രാൻ ഏകാധിപത്യ ദുർഭരണത്തെ ചെറുക്കണം.

*സർവ്വാദരണീയനായ മാമ്മൻ സാറിന്റെ ലേഖനം പൂർണ്ണരൂപത്തിൽ ഞങ്ങൾ പ്രസിദ്ധപ്പെടുത്തുന്നു. ചില നിരീക്ഷണങ്ങളോട് ഞങ്ങൾക്ക് യോജിപ്പില്ലെങ്കിൽ പോലും - പത്രാധിപർ.*

# ജൂലൈ 3: മലങ്കരസഭ ദുഃഖിക്കേണ്ട ദുഖ്റോനോ പെരുന്നാൾ

**സവ്യസാചി**

ക്രിസ്തുവിൽ നമ്മെ ജനിപ്പിച്ച മാർത്തോമ്മാ ശ്ലീഹായെ സ്മരിക്കുവാൻ നീക്കിവച്ചിരിക്കുന്ന ദിനം ജൂലൈ 3 ആണ്. ആ തീയതിയുടെ പ്രാധാന്യം ഇന്ത്യയിൽ നിന്നും നമ്മുടെ കാവൽപിതാവിന്റെ തിരുശേഷിപ്പുകൾ ഉറഹായിലേക്ക് കൊണ്ടുപോയ ദിനം എന്നതാണ്. അതായത് ഭാരതത്തിന് തോമ്മാശ്ലീഹായുടെ തിരുശേഷിപ്പുകൾ നഷ്ടപ്പെട്ട ദിവസം.

ഡിസംബർ 18-ന് കുന്തമേറ്റ് 21-ാം തീയതി രക്തസാക്ഷിത്വമടഞ്ഞ ശ്ലീഹായുടെ പെരുനാൾ ആഘോഷിക്കേണ്ടത് ഡിസംബർ 21-നാണ്. ഈ ദിവസങ്ങൾ പ്രത്യേക പ്രാർത്ഥനയും ഉപവാസവും നടത്തുന്നതല്ലേ കൂടുതൽ ഉചിതം (എൽദോ നോമ്പ് കാലമായതിനാൽ). "എന്റെ കർത്താവും എന്റെ ദൈവവുമേ" എന്ന മഹാവിശ്വാസ പ്രഖ്യാപനദിനമായ പുതുഞായറാഴ്ചയല്ലേ പെരുനാളാഘോഷിക്കാൻ പറ്റിയ ദിവസം?

എന്തായാലും ഒരു വിശുദ്ധന്റെ തിരുശേഷിപ്പ് സ്വന്ത രാജ്യത്തുനിന്നു നഷ്ടപ്പെട്ട ദിവസം അതേ വിശുദ്ധന്റെ പെരുനാളാഘോഷിക്കുവാനുള്ള പാപ്പരത്തം മലങ്കരസഭക്കല്ലാതെ മറ്റാർക്കുമുണ്ടാകുമെന്ന് തോന്നുന്നില്ല. എഡേസ്സായിലേയും ഉറഹായിലേയും മദ്ധ്യപൗരസ്ത്യദേശങ്ങളിലും പെരുനാളാഘോഷിക്കുന്നത് യുക്തിസഹജമാണ് - അവർക്ക് ശ്ലീഹായുടെ തിരുശേഷിപ്പ് ലഭിച്ച ദിവസമാണ്. മദ്ധ്യപൗരസ്ത്യർ ചെയ്യുന്നതെല്ലാം കണ്ണുമടച്ച് സ്വീകരിക്കണമോ എന്നത് മലങ്കരസഭ ഒന്നു പുനർചിന്തനം ചെയ്യണ്ടേ? സഭാഭരണഘടനയിൽ നിന്നും അന്ത്യോഖ്യാ പാത്രിയർക്കീസിനെ പുറത്താക്കുവാൻ വെമ്പൽ കൊള്ളുന്നവർക്ക് ഇത്തരം കാര്യങ്ങളിലൊന്നും വ്യഥയില്ലേ?

# തോമസ് പ്രഥമൻ ഒറ്റപ്പെടുന്നു

**അൽമായവേദി ന്യൂസ് സർവ്വീസ്**

ആലുവാ : പുത്തൻകുരിശു സൊസൈറ്റിയിലും മുൻ പാത്രിയർക്കീസ് വിഭാഗത്തിലും തോമസ് പ്രഥമന്റെ സ്വാധീനം അനുദിനം കുറഞ്ഞുവരികയാണെന്ന് റിപ്പോർട്ടു ചെയ്യപ്പെടുന്നു.

മാന്യമായ ഒരു യോജിപ്പിനുള്ള സാദ്ധ്യതകൾ ഇല്ലാതാക്കുകയും സ്വന്തം സ്ഥാനമോഹത്തിനായി അണികളെ തെരുവിലിറക്കുകയും ചെയ്തതിനാൽ മുമ്പുതന്നെ നല്ലൊരു വിഭാഗം ഇദ്ദേഹത്തോട് മാനസികമായി അകൽച്ചയിലായിരുന്നു. പുതുതായി സ്ഥാനം നൽകിയ മെത്രാന്മാർക്ക് കാര്യമായ പള്ളികളോ അധികാരമോ നൽകാത്തതും ഏകപക്ഷീയമായി തീരുമാനമെടുക്കുന്നതും മെത്രാന്മാരിൽ ശക്തമായ അസംതൃപ്തിക്കു കാരണമായിട്ടുണ്ട്. കേവലം രണ്ടു മെത്രാന്മാർ മാത്രമാണ് ഇപ്പോൾ തോമസ് പ്രഥമനോടൊപ്പം നിൽക്കുന്നതെന്ന് വിശ്വസനീയ കേന്ദ്രങ്ങൾ വെളിപ്പെടുത്തി. ഭയം മൂലമാണ് മറ്റുള്ളവർ തുറന്നെതിർക്കാത്തതെന്നും അവസരം കിട്ടിയാൽ അവർ പൊട്ടിത്തെറിക്കുമെന്നും ഇതേ കേന്ദ്രങ്ങൾ സൂചിപ്പിക്കുന്നു.

സുപ്രീംകോടതി വിധിയെ തുടർന്ന് പുത്തൻകുരിശു സൊസൈറ്റി തോമസ് പ്രഥമന് മണർകാട് സംഘടിപ്പിച്ച സ്വീകരണം ഭൂരിപക്ഷംപേരും ബഹിഷ്കരിച്ചത് അവരെ ഞെട്ടിച്ചിരുന്നു. മോർ തീമോത്തിയോസ് കോട്ടയത്തുണ്ടായിട്ടും യോഗത്തിൽ പങ്കെടുക്കാതിരുന്നതും ശ്രദ്ധേയമായി.

കടമറ്റംപള്ളി കുത്തിത്തുറന്ന സംഭവവുമായി ബന്ധപ്പെട്ട് തോമസ് പ്രഥമന്റെ വിശ്വസ്ഥനായ ഫാ. സ്ലീബാ വെട്ടുവേലിയുടെ പേരിൽ ജാമ്യമില്ലാ വകുപ്പുകൾ പ്രകാരം പോലീസ് കേസെടുത്തിട്ടും പുത്തൻകുരിശു സൊസൈറ്റിയിലെ പ്രമുഖരാരും പ്രതികരിക്കാതിരുന്നതും ഈ ഒറ്റപ്പെടലിന്റെ സൂചനയായി വ്യാഖ്യാനിക്കുന്നുണ്ട്.

ഇതിനിടെ പുത്തൻകുരിശു സൊസൈറ്റിയുടെ ജിഹ്വയായ *വിശ്വാസസംരക്ഷകൻ* ഗുണത്തേക്കാളധികം ദോഷമാണുണ്ടാക്കുന്നതെന്നും അതിനാൽ അതു നിരോധിക്കണമെന്നും സൊസൈറ്റിയിലെ പ്രബല വിഭാഗം തോമസ് പ്രഥമനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

പുത്തൻകുരിശു സൊസൈറ്റിയിലെ പല മെത്രാന്മാരും മലങ്കരസഭയിലെ പല വ്യക്തികൾ വഴി രഹസ്യമായി സന്ധിസംഭാഷണം ആരംഭിച്ചിട്ടുണ്ട്. മാന്യമായ വ്യവസ്ഥകളിൽ പുനരൈക്യപ്പെടുവാൻ തങ്ങൾ തയാറാണെന്നും എന്നാൽ സംരക്ഷണം ഉറപ്പാക്കണമെന്നുമുള്ള സന്ദേശമാണ് അവർ മുമ്പോട്ടു വെച്ചിട്ടുള്ളതെന്ന് അറിയുന്നു.

# വിഭജനത്തിനായി രഹസ്യചർച്ച

**അൽമായവേദി ന്യൂസ് സർവ്വീസ്**

കോട്ടയം: *വിശാല ഐക്യം* എന്ന ഓമനപ്പേരിൽ സഭാവിഭജനത്തിനായുള്ള ചർച്ചകൾ രഹസ്യമായി ആരംഭിച്ചു. സഭാ കേന്ദ്രത്തിന്റെ അറിവോ അനുമതിയോ കൂടാതെ പാമ്പാടി പി. സി. യോഹന്നാൻ റമ്പാൻ, ഫാ. ഇ. കെ. ജോർജ് ഇഞ്ചക്കാട്ട്, സി. എൻ. ജോർജ് ചിറത്തലാട്ട് എന്നിവരാണ് ചർച്ചകൾ നടത്തുന്നത്.

തർക്കമുള്ള പള്ളികളിൽ ഇരു കൂട്ടരും തമ്മിൽ ധാരണയിൽ കർമ്മം നടത്തുക, ഇരുകൂട്ടത്തിലെയും വൈദികർ പരസ്പരം സഹകരിക്കുക, കേസുകൾ തൽക്കാലം മരവിപ്പിക്കുക എന്നിവയാണ് മലങ്കരസഭാ നേതൃത്വത്തിനു മുമ്പിൽ ഇവർ വയ്ക്കാനുദ്ദേശിക്കുന്ന മാർഗ്ഗരേഖ. കേസുകൾ നടത്താതിരിക്കുകയും തോമസ് പ്രഥമന്റെ സ്ഥാനം സംരക്ഷിക്കുകയും ചെയ്യുക എന്നതാണ് ഇവരുടെ ആത്യന്തിക ലക്ഷ്യം.

2007-ലെ സുപ്രീംകോടതി വിധിയിലൂടെ നിയമപരമായി അസ്തിത്വമില്ലാതായ പുത്തൻകുരിശു സൊസൈറ്റിയുമായി ഏതെങ്കിലും താൽകാലിക കരാറിൽ ഏർപ്പെടുന്നത് പരോക്ഷമായി ആ പ്രസ്ഥാനത്തിന്റെ നിലനിൽപ്പിനെ അംഗീകരിക്കുന്നതിനു തുല്യമാണെന്നും അത് കേസുകളിൽ സഭയ്ക്കു ദോഷം ചെയ്യുമെന്നും നിയമവിദഗ്ദർ ചൂണ്ടിക്കാട്ടുന്നു. വിഭജനവാദികളുടെ ആവശ്യവും ഇതാണ്.

മണർകാടു പള്ളിയുടെ നിയമാനുസൃത വികാരിയായി കോടതി അംഗീകരിച്ചിട്ടുള്ള ഫാ. ഇ. കെ. ജോർജ് കേസ് നടത്തിയെടുക്കാനുള്ള ഉത്തരവാദിത്വത്തിൽ നിന്നും തലയൂരാനാണ് വിഭജനചർച്ചകളുമായി മുന്നിട്ടിറങ്ങിയതെന്ന് ആരോപണമുണ്ട്. പുത്തൻകുരിശു വിഭാഗത്തിലുള്ള ബന്ധുക്കളെ പ്രീണിപ്പിക്കാനാണ് സി. എൻ. ജോർജിന്റെ ശ്രമമെന്നും ആരോപണമുണ്ട്.

ചർച്ചകൾക്കു നേതൃത്വം നൽകുന്ന യോഹന്നാൻ റമ്പാൻ വ്യക്തിപരമായി വിഭജനത്തിനെതിരാണെന്നും എന്നാൽ *ഉചാമറ* സഖ്യത്തിലെ യജമാനന്മാരുടെ നിർദ്ദേശമനുസരിച്ചാണ് വിഭജന ചർച്ചക്കിറങ്ങിയതെന്നും പറയപ്പെടുന്നു.

ഈ വിഭജന നിർദ്ദേശവുമായി സഭാനേതൃത്വത്തെ സമീപിച്ച ഇവർക്ക് വിഷയം അവതരിപ്പിക്കാനുള്ള അവസരം പോലും നേതൃത്വം നിഷേധിച്ചെന്ന് വിശ്വസനീയ കേന്ദ്രങ്ങളിൽ നിന്നറിയുന്നു. എങ്കിലും രഹസ്യചർച്ചകളുമായി ഇവർ ഇപ്പോഴും മുമ്പോട്ടു നീങ്ങുകയാണ്. സഭ വക സ്ഥാപനങ്ങൾ വിഘടിത പ്രവർത്തനങ്ങൾക്ക് ഇവർ ഉപയോഗിക്കുന്നതായും ആരോപണമുണ്ട്.

സഭയുടെ ഉത്തമ താല്പര്യത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്ന ഇത്തരം സഭാസ്ഥാനികളുടെ പേരിൽ കർശനനടപടികൾ എടുക്കണമെന്ന് അൽമായവേദി ആവശ്യപ്പെട്ടു.

# നഷ്ടം തോമസ് പ്രഥമനു മാത്രം

**അൽമായവേദി ന്യൂസ് സർവ്വീസ്**

മൂവാറ്റുപുഴ: സഭയിൽ പൂർണ്ണ യോജിപ്പുണ്ടാകുന്നപക്ഷം നഷ്ടം സംഭവിക്കുന്നത് തോമസ് പ്രഥമനു മാത്രമായിരിക്കുമെന്നും ഇരു കൂട്ടത്തിലും പെട്ട മറ്റെല്ലാവർക്കും ലാഭമായിരിക്കുമെന്നും പുത്തൻകുരിശു സൊസൈറ്റിയിലെ ഒരു മുതിർന്ന വൈദികൻ അഭിപ്രായപ്പെട്ടു. യോജിപ്പല്ലാതെ മറ്റൊരു മാർഗ്ഗവും ഇരു വിഭാഗത്തിന്റെയും മുമ്പിൽ ഇനിയില്ലെന്നും നേതാക്കന്മാർ മറിച്ചു പ്രചരിപ്പിച്ചാലും യോജിപ്പ് അനിവാര്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

"പാത്രിയർക്കീസു ഭാഗത്തെ ഒന്നുരണ്ടു പേർക്കൊഴികെ മറ്റു തിരുമേനിമാർക്കാർക്കും കാര്യമായ പള്ളികളോ അധികാരമോ തോമസ് പ്രഥമൻ നൽകിയിട്ടില്ല. ഓർത്തഡോക്സ് പക്ഷത്ത് പത്ത് പള്ളിയുള്ള ഭദ്രാസനം ലഭിച്ചാലും ഇപ്പോഴുള്ളതിന്റെ ഇരട്ടിയിലധികമാകും അവർക്കു ലഭിക്കുക. പട്ടക്കാർക്കു പള്ളികളും ശമ്പളവും ലഭിക്കും എന്നതും ഉറപ്പാണ്. അപ്രകാരം വരുന്ന മെത്രാന്മാരെയും പട്ടക്കാരെയും ഓർത്തഡോക്സ് വിഭാഗം വേർതിരിച്ചു നിർത്തുകയില്ലെന്ന് ഔഗേൻ കാതോലിക്കാ മുതലുള്ളവരുടെ ചരിത്രത്തിൽ നിന്നും വ്യക്തമാണ്. അതിനാൽ പാത്രിയർക്കീസുഭാഗത്തെ മെത്രാന്മാർക്കും പട്ടക്കാർക്കും സഭായോജിപ്പ് നേട്ടമാണുണ്ടാക്കുക" അദ്ദേഹം പറഞ്ഞു.

"1995-ലെ സുപ്രീംകോടതി വിധി കൂട്ടുട്രസ്റ്റികളടക്കമുള്ള സ്ഥാനികളുടെയും മാനേജിംഗ് കമ്മറ്റിയുടെയും കാലാവധി അഞ്ചു വർഷമായി നിശ്ചയിച്ചിരിക്കുന്നതിനാൽ പാത്രിയർക്കീസ് വിഭാഗത്തിലെ അൽമായക്കാർക്കും അധികാരസ്ഥാനങ്ങളിലെത്തുക വിഷമകരമല്ല. തിരഞ്ഞെടുപ്പ് ഭദ്രാസന അടിസ്ഥാനത്തിലായതിനാൽ വിജയവും ഉറപ്പാണ്" അദ്ദേഹം കൂട്ടിച്ചേർത്തു.

"നഷ്ടമുണ്ടാവുക തോമസ് പ്രഥമനു മാത്രമാണ്. അദ്ദേഹം 2002-ൽ കാതോലിക്കായായതു മാത്രമാണ് ഇന്ന് യോജിപ്പിനുള്ള ഏക തടസം. സഭായോജിപ്പുണ്ടായാൽ തന്റെ ഏകാധിപത്യം അവസാനിക്കും എന്ന കാരണത്താൽ യോജിപ്പിനുള്ള എല്ലാ ശ്രമവും അദ്ദേഹം അട്ടിമറിക്കുകയാണ്" ആദ്ദേഹം ആരോപിച്ചു.

1958-ലെ സമാധാനത്തിനു മുമ്പുള്ള ബാവാകക്ഷിയോ 1995- ലെ വിധിക്കു മുമ്പുള്ള പാത്രിയർക്കീസു വിഭാഗമോ സഭാ വിഭജനം ചിന്തിച്ചിട്ടു കൂടിയില്ല. പാത്രിയർക്കീസിന്റെ അധികാരത്തിന്റെ കീഴിലുള്ള ഏക സഭയായിരുന്നു അവരുടെ ലക്ഷ്യം. അതിനായി മെത്രാൻകക്ഷി കാതോലിക്കായെയും ഭരണഘടനയെയും അംഗീകരിക്കാൻ അവർ തയാറായി. 2002-ൽ തോമസ് പ്രഥമൻ കാതോലിക്കാ സ്ഥാനമേറ്റശേഷം മാത്രമാണ് വിഭജനം മുഖ്യ വിഷയമാക്കിയത്. അതദ്ദേഹത്തിന്റെ സ്ഥാനം നിലനിർത്താൻ മാത്രമാണ്" വൈദികൻ കൂട്ടിച്ചേർത്തു.

സഭാസമാധാനം ഉണ്ടാകുന്നതിനു മുമ്പ് താൻ മരിച്ചുപോയാൽ മാന്യമായ ഒരു ശവസംസ്ക്കാരം ലഭിക്കണമെന്ന ആഗ്രഹമുള്ളതിനാൽ തന്റെ പേരു വെളിപ്പെടുത്തരുതെന്ന് അദ്ദേഹം പറഞ്ഞു.

# അസോസിയേഷൻ ഡിസംബറിൽ: മെത്രാൻസ്ഥാനത്തേയ്ക്ക് ഏഴു പേർ

കോട്ടയം: ഡിസംബറിൽ അസോസിയേഷൻ വിളിച്ചുകൂട്ടാനും മെത്രാൻസ്ഥാനത്തേയ്ക്ക് ഏഴു പേരെ തിരഞ്ഞെടുക്കാനുമുള്ള ശ്രമം ആരംഭിച്ചു.

മലങ്കരസഭയിൽ പല ഭദ്രാസനങ്ങളിലും സഹായ മെത്രാന്മാരുടെ സേവനം അത്യന്താപേക്ഷിതമായിരിക്കുകയാണെന്നതു വാസ്തവമാണ്. എന്നാൽ ആസന്നമായ സഭായോജിപ്പുകൂടി പരിഗണിച്ചിട്ടു മതി മെത്രാൻ തിരഞ്ഞെടുപ്പെന്ന് അഭിപ്രായമുള്ളവർ അനേകരുണ്ട്. മറുഭാഗത്തുള്ള മെത്രാന്മാരിൽ യോഗ്യരായവരെ അസോസിയേഷന്റെ അംഗീകാരം വാങ്ങി നിയമിക്കുവാനുള്ള അവസരം ഒഴിവാക്കരുതെന്ന് ഇവർ വാദിക്കുന്നു.

ഈ ഭീഷണി മുമ്പിൽ കണ്ട് ചില *ചുമന്ന കുപ്പായ* മോഹികളാണ് തിടുക്കത്തിൽ മെത്രാൻ തിരഞ്ഞെടുപ്പിനു വട്ടം കൂട്ടുന്നത്. തങ്ങളുടെ മോഹങ്ങൾക്ക് തിരിച്ചടിയാകുന്നപക്ഷം സഭായോജിപ്പിനു തുരങ്കം വയ്ക്കാനും ഇവർ മടിയ്ക്കില്ലായെന്നും സൂചനയുണ്ട്. മെത്രാൻ സ്ഥാനത്തേക്ക് മാനേജിംഗ് കമ്മറ്റിയുടെ ഔദ്യോഗിക ലിസ്റ്റിൽ കടന്നുകൂടാനായി ഇവരിൽ രണ്ടു പേർ പല കൃത്രിമങ്ങളും കഴിഞ്ഞ മാനേജിംഗ് കമ്മറ്റി രൂപീകരണത്തിൽ കാണിച്ചതായി ആരോപണമുണ്ട്.

**അഖില മലങ്കര ഓർത്തഡോക്സ് അത്മായവേദി**

കെ. വി. ഏബ്രഹാം കൊടുവത്ത് (പ്രസിഡന്റ്) ഫോൺ: 93874 27940

സാബു വടകര (വൈസ് പ്രസിഡന്റ്) ഫോൺ: 94474 56969

ക്യാപ്റ്റൻ കോശി മത്തായി (വൈസ് പ്രസിഡന്റ്) ഫോൺ: 93876 10283

തോമസ് ചാണ്ടി (ജനറൽ സെക്രട്ടറി) ഫോൺ: 93494 37714

അംഗത്വത്തിനും യൂണിറ്റ് രജിസ്റ്റർ ചെയ്യുന്നതിനും അൽമായവേദിയെ സംബന്ധിച്ച വിശദവിവരങ്ങൾക്കും ബന്ധപ്പെടുക:

**AKHILA MALANKARA ORTHODOX ALMAYA VEDHI**

(Reg. No. K - 713/2005) Post Box No. 652, Kottayam 686 001

t^m¬: 93497 54448

E-mail: orthodoxalmayavedhi@yahoo.co.in

Web: www.malankaraorthodoxalmayavedhi.org

To visit Our Online Discussion group (Malankara Orthodox Renaissance Movement) on the web, go to:
http://in.groups.yahoo.com/group/MORM/

മുഖലേഖനം

# ദർശനം നഷ്ടപ്പെടുന്ന സഭ

മലങ്കര ഓർത്തഡോക്സ് സഭ സുവിശേഷാഭിമുഖ്യമില്ലാത്ത സഭയാണെന്ന് മറ്റു പല സഭകളും – പ്രത്യേകിച്ച് പ്രോട്ടസ്റ്റന്റ്കാർ – വിമർശിക്കാറുണ്ട്. അവർ ഉപയോഗിക്കുന്ന ഇംഗ്ലീഷ് പദം മിഷൻലസ്സ് ചർച്ച് എന്നാണ്. മിഷൻ എന്ന പദത്തെ പ്രോട്ടസ്റ്റന്റ് ചിന്താസരണിയിൽ മനസ്സിലാക്കുന്ന അതേയർത്ഥത്തിലല്ല ഓർത്തഡോക്സ് പാരമ്പര്യം വിശ്ലേഷിക്കുന്നതെന്നും മറ്റു പല വേദശാസ്ത്ര പ്രശ്നങ്ങളെപ്പോലെ ഇതും വാക്കുകളുടെ അർത്ഥതലങ്ങൾ വിശ്ലേഷിക്കുന്നതിലെ വ്യത്യസ്തതയാണെന്നുമെല്ലാം ഓർത്തഡോക്സ് പണ്ഡിതന്മാർ മറുപടി പറയാറുമുണ്ട്. എന്നാൽ ഓർത്തഡോക്സ് സഭയ്ക്ക് ഇന്ന് ഒരു ദർശനമില്ലെന്നും ആയതിനാൽ അത് ഒരു വിഷൻലസ്സ് ചർച്ച് ആണന്നും ആരെങ്കിലും പറഞ്ഞാൽ അതിനെ അത്ര എളുപ്പം ഖണ്ഡിക്കുവാൻ സാധിക്കയില്ല. വിഷൻ അല്ലെങ്കിൽ ദർശനം എന്ന പദം വ്യാഖ്യാനിച്ച് രക്ഷാമാർഗങ്ങൾ കണ്ടെത്തുവാൻ അവസരം നൽകുന്നില്ല എന്നു പറയുന്നതാവും കൂടുതൽ ശരി.

ലോകത്ത് അതിവേഗം സംഭവിക്കുന്ന മാറ്റങ്ങളും അവ മനുഷ്യജീവിതത്തിൽ സൃഷ്ടിക്കുന്ന പ്രശ്നങ്ങളും അതിനോട് സഭ ഏതു രീതിയിൽ പ്രതികരിക്കണം എന്നുമുള്ളതിനെക്കുറിച്ച് ചിന്തിക്കുവാൻ പോലും സഭയുടെ ഒരു തലത്തിലും ശ്രമം നടക്കുന്നില്ല എന്നത് കേവല യാഥാർത്ഥ്യമാണ്. ശുശ്രൂഷകളുടെ ദൈർഘ്യം കുറയ്ക്കുക, ഒഴിവാക്കാവുന്ന ആവർത്തനങ്ങൾ ഒഴിവാക്കുക തുടങ്ങിയ കാര്യങ്ങൾ ഉദാഹരണങ്ങളായെടുക്കാം. അനേക വർഷങ്ങളായി ചിന്തിക്കുന്ന ഒരു വിഷയമാണത്. മേൽപ്പട്ടക്കാരും പട്ടക്കാരുമൊക്കെ പല നക്കലുകളും തയ്യാറാക്കി. പരസ്പരം ഒതുക്കാനും വേല വെയ്ക്കാനുമുള്ള മറ്റൊരു ഗോദായായി ഇവയും പരിണമിച്ചിരിക്കുന്നതിനാൽ വഞ്ചി ഇന്നും തിരുനക്കരത്തന്നെയാണ്. സെമിനാരി ഫാക്കൽറ്റി പെന്തിക്കോസ്തി ഞായറാഴ്ചയുടെ ശുശ്രൂഷകൾ ആവർത്തനമുക്തമാക്കുവാൻ നടത്തിയ ഒരു ശ്ലാഘനീയമായ ശ്രമമാണ് ഏറ്റവുമൊടുവിലത്തെ ഉദാഹരണം. അതിന്റെ വിശദമായ വിശകലനം അന്യത്ര ചേർത്തിട്ടുള്ളതിനാൽ ആവർത്തിക്കുന്നില്ല. ഇവിടെ പരാമർശിക്കാനുദ്ദേശിക്കുന്നത് പരസ്പരം വേല വെയ്ക്കുവാനുള്ള വ്യഗ്രതയിൽ ചില സ്വാർത്ഥ താല്പര്യക്കാർ സഭാഗാത്രത്തിന് വരുത്തി വെയ്ക്കുന്ന ആഴമേറിയ ക്ഷതങ്ങളെക്കുറിച്ചാണ്.

വളരെയേറെ ശ്ലാഘനീയമാകുമായിരുന്ന ഒരു ഉദ്യമത്തിന് ഇനിയുമുണ്ടാകുവാൻ പോകുന്ന വിധി അലമാരകളിൽ വച്ച് പൂട്ടപ്പെടുക എന്നതാണെങ്കിൽ അതിന്റെ നഷ്ടം സഭയിലെ ജനങ്ങൾക്കാണ്. ഇതിനു മുൻപു നടന്ന ആരാധനാ പരിഷ്കരണത്തിനുള്ള അനേകം നക്കലുകൾ പല അലമാരകളിലും പൊടിപിടിച്ചു ഇരിക്കയോ ഇരട്ടവാലൻ, എലി, ചിതൽ തുടങ്ങിയവക്ക് ഭക്ഷണമായി പരിണമിക്കയോ ആക്രിക്കച്ചവടക്കാരന്റെ തുലാസിൽ തുങ്ങുകയോ ഒക്കെ ചെയ്തിട്ടുണ്ട്. മൂന്നോ, നാലോ വർഷത്തെ പരുമല പെരുനാളിന് അഭി: യാക്കോബ് മാർ ഐറേനിയസ് മെത്രാപ്പോലിത്തായുടെ പ്രസംഗം കേരളത്തിനു വെളിയിൽ വളരുന്ന യുവതലമുറയ്ക്കായി ഇംഗ്ലീഷിൽ ഒരു പ്രാർത്ഥനപുസ്തകം നൽകാൻ സഭയ്ക്ക് സാധിക്കാത്തതിനെക്കുറിച്ചുള്ള വിലാപങ്ങളായിരുന്നു. അതിന് പരിഹാരം കണ്ടെത്തേണ്ട എപ്പിസ്ക്കോപ്പൽ സിനഡിലെ അംഗമായ അദ്ദേഹം ദൂരസ്തരും സമീപസ്തരുമായ വിശ്വാസികളോട് അക്കാര്യം പ്രബോധിപ്പിച്ചിട്ട് എന്തു കാര്യം? ഉത്തരവാദിത്തമുള്ള സമിതികളിലെ അംഗങ്ങൾ കാര്യങ്ങൾ അവതരിപ്പിക്കേണ്ട വേദികളിൽ അതു ചെയ്യാതെ ആൾക്കൂട്ടത്തെയും മൈക്രോഫോണിനെയും ഒന്നിച്ചു കാണുമ്പോൾ ചുമതലാബോധം മറന്നുകൊണ്ട് വല്ലതുമൊക്കെ തട്ടിമൂളിച്ച് ആദരവു നേടാൻ ശ്രമിക്കുന്നതിന്റെ ഒരുദാഹരണം മാത്രമാണിത്. ഉദാഹരണങ്ങൾ ഇനിയും ധാരാളം പറയാനുണ്ട്. വിസ്തരഭയത്താലും സ്ഥലപരിമിതി മൂലവും അവയെ ഉദ്ധരിക്കുന്നില്ല.

ജനജീവിതത്തിലുണ്ടാകുന്ന വലിയ മാറ്റങ്ങൾക്കനുരൂപമായി അടിസ്ഥാന വിശ്വാസത്തെ മുറുകെപ്പിടിച്ചുകൊണ്ടുതന്നെ വരുത്താവുന്ന മാറ്റങ്ങളെക്കുറിച്ച് ചിന്തിക്കുകപോലും ചെയ്യാത്ത സഭയ്ക്ക്, ജനം മറ്റു കൂട്ടായ്മകളിലേക്ക് ചേക്കേറുന്നതിനെ കുറ്റപ്പെടുത്താനാവില്ല. ജനം എന്നാൽ ശല്യക്കാരനും കയ്യകലപ്പാടകലെ നിർത്തപ്പെടേണ്ടവനുമാണെന്ന ചിന്ത സഭാനേതൃതലങ്ങളിൽ ശക്തമായി വരുന്നത് ഇതിനോട് കൂട്ടിവായിക്കേണ്ടതാണ്. സഭയുടെയും പ്രസ്ഥാനങ്ങളുടെയും സ്വത്തുക്കളുള്ളിടത്തോളം കാലം ജനം വരുന്നതും പോകുന്നതും അപ്രസക്തമെന്നു ചിന്തിക്കുന്ന ഒരു നേതൃത്വത്തിനു കീഴിൽ എങ്ങിനെ ഒരു ദർശനമുണ്ടാകും? ഗൾഫ് – അമേരിക്കൻ പര്യടനങ്ങളിലൂടെ ശേഖരിക്കപ്പെടുന്ന ഡോളറുകളും, പ്രവാസികളുടെ കല്യാണം, മാമ്മോദിസ, ശവസംസ്ക്കാരങ്ങളുമുള്ളടത്തോളം തങ്ങൾക്ക് ആരെയും ഒന്നിനെയും ഭയപ്പെടേണ്ടതില്ല എന്ന് ചിന്തിക്കുന്ന എപ്പിസ്ക്കോപ്പൽ നേതൃത്വം സ്വർഗ്ഗത്തോളമുയർന്ന കഫ്രന്നഹോമിനോട് പണ്ട് നസ്രായൻ പറഞ്ഞത് ഒന്ന് ഓർത്താൽ നല്ലത്. കാൽക്കീഴിൽ നിന്ന് മണ്ണൊലിച്ചു പോകുന്നു എന്ന യാഥാർത്ഥ്യം ഉൾക്കൊള്ളാതെ പരസ്പരം കണക്കുതീർക്കുവാൻ നിൽക്കുന്ന എപ്പിസ്ക്കോപ്പൽ – വൈദിക – അൽമായ നേതൃത്വങ്ങളും തന്നിൽത്തന്നെ ച്ഛിദ്രിക്കുന്ന ഭവനത്തെക്കുറിച്ചുള്ള നസ്രായന്റെ വചനങ്ങൾ ഒന്നു ശ്രദ്ധിച്ചാൽ നന്നായിരിക്കും. വലിയ വലിയ കാര്യങ്ങൾ കൺവൻഷൻ പന്തലുകളിൽ പ്രതിധ്വനിപ്പിച്ച് പുറത്തിറങ്ങി ഉപജാപങ്ങൾക്കും കുതികാൽവെട്ടിനും സമയം വിനിയോഗിക്കുന്ന കൺവൻഷൻ പ്രസംഗകരും നസ്രായൻ പരീശന്മാരെയും ശാസ്ത്രിമാരെയും പറ്റി പണ്ടു പറഞ്ഞത് ഒന്ന് ആവർത്തിച്ചു വായിക്കുന്നത് നന്നായിരിക്കും.

ഇങ്ങിനെയെല്ലാം പ്രസിദ്ധീകരണങ്ങളിൽ വന്നാൽ അത് മറുഭാഗത്തിന് പ്രചരണായുധമാകും എന്ന് ഇമ്പാച്ചിക്കഥകൾ പറയുന്നവർ സ്വന്തം പ്രവർത്തി നന്നാക്കിയാൽ വിമർശനങ്ങൾ സ്വയം ഇല്ലാതെയാകുമെന്ന് മനസ്സിലാക്കുന്നത് നന്ന്.

## അൽമായവേദിയെ എങ്ങനെ സഹായിയ്ക്കാം?

**1. അഖില മലങ്കര ഓർത്തഡോക്സ് അൽമായ വേദി എന്ന പ്രസ്ഥാനത്തെയും അതിന്റെ മുഖപത്രമായ 'അൽമായവേദിയേയും' ഓൺലൈൻ ഡിസ്ക്കഷൻ ഗ്രൂപ്പായ മലങ്കര ഓർത്തഡോക്സ് നവോത്ഥാന പ്രസ്ഥാനത്തെയും പ്രാർത്ഥനയിൽ സ്മരിയ്ക്കുക. 2. അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയിൽ അംഗങ്ങളാകുകയും സജീവമായി പ്രവർത്തിയ്ക്കുകയും ചെയ്യുക. 3. അൽമായക്കാർ സ്വയം സംഘടിച്ച് സംഘടനയുടെ യൂണിറ്റുകൾ രൂപീകരിയ്ക്കുക.**

**4. സംഘടനയുടെ മുഖപത്രമായ അൽമായവേദി മാസിക പ്രചരിപ്പിയ്ക്കുക. 5. ഓരോ മാസത്തേയും അൽമായവേദി മാസിക സ്പോൺസർ ചെയ്യുക. 6. പരസ്യം, ഉപകാര സ്മരണ, ചരമ വാർഷികം, വിവാഹ വാർഷികം എന്നിവ പ്രസിദ്ധപ്പെടുത്തി മാസികയെ സഹായിയ്ക്കുക. 7. സംഭാവനകൾ നൽകി സംഘടനയെയും മാസികയെയും ശക്തിപ്പെടുത്തുക. 8. സഭയുടെ പുരോഗമനത്തിനുതകുന്ന നിർദ്ദേശങ്ങളും ലേഖനങ്ങളും അയച്ചുതന്ന് സഹകരിയ്ക്കുക.**

**നസ്രാണി പഠനങ്ങൾ ഭാഗം 1**

എം. കുര്യൻ തോമസ്

അവതാരിക: ഫാ. ഡോ. ജേക്കബ് കുര്യൻ

വില: 50 രൂപ മാത്രം
കോപ്പികൾക്ക് എം. ഒ./ഡ്രാഫ്റ്റ് അയക്കുക. വിലാസം: AKHILA MALANKARA ORTHODOX ALMAYAVEDHI, POST BOX NO. 652, KOTTAYAM - 686 001

ജനറൽ സെക്രട്ടറി എഴുതുന്നു

# ചാപ്പലുകൾ ഇടവകകളാകുമ്പോൾ

ഇടവകയെന്ന പദത്തിന് *ദേശത്തിന്റെ പൊതുവായ* എന്നാണ് ശരിയായ അർത്ഥം. ഒരു പ്രത്യേക പ്രദേശത്ത് താമസിക്കുന്ന വിശ്വാസ ഐക്യമുള്ള ജനങ്ങളുടെ കൂട്ടായ്മ എന്ന് അല്പം കൂടി വിശാലമായി നിർവചിക്കാം. ചാപ്പൽ എന്നത് പാശ്ചാത്യസഭകളിൽ നിന്നും നാം കൈക്കൊണ്ട ഒരു പദമാണ്. ആരാധന നടത്തുവാനുള്ള ഒരു സ്ഥലം മാത്രമാണ് ചാപ്പൽ. വിശ്വാസികളുടെ കൂട്ടായ്മ ചാപ്പലിന് അനുപേക്ഷണീയമല്ല. വിദ്യാഭ്യാസസ്ഥാപനങ്ങൾ, ആശുപത്രികൾ മുതലായവയോടനുബന്ധിച്ചുള്ള ആരാധനാലയങ്ങൾ ഉദാഹരണമാണ്.

സൗകര്യാർത്ഥവും, ചരിത്രപരവും, അല്ലാത്തതുമായ കാരണങ്ങളാലും ചില ഇടവകകൾക്ക് പ്രധാന ദേവാലയത്തിനു പുറമെ ഒന്നോ അതിലേറെയോ ആരാധനാകേന്ദ്രങ്ങളുണ്ടാകുമ്പോൾ, പ്രധാന ദേവാലയമൊഴിച്ചുള്ളവയ്ക്ക് ചാപ്പൽ എന്ന് സമീപകാലങ്ങളിൽ പരാമർശിക്കപ്പെടുന്നു. പഴയ രേഖകളിൽ ഇവയ്ക്ക് കുരിശുപള്ളികൾ എന്നാണ് പറഞ്ഞു കാണുന്നത്. ആദ്യം ഒരു കുരിശും പിന്നീട് അതോടനുബന്ധിച്ച് ഒരു ആരാധനാലയവും വളരുന്നതിനാലായിരിക്കാമിങ്ങനെ പരാമർശിക്കപ്പെടുന്നത്. ചിതറിപ്പാർക്കുന്ന വിശ്വാസികൾക്ക് ഒരേ സ്ഥലത്ത് ആരാധനയ്ക്കായെത്തുവാനുള്ള പ്രയാസം മൂലം നഗരപ്രദേശങ്ങളിൽ പ്രത്യേകിച്ച് ചാപ്പലുകൾ ഉയർന്നുവരുന്നത് സമീപകാലത്തെ ഒരു നല്ല രീതിയാണ്. കാലാന്തരത്തിൽ ചാപ്പലിന് സ്വയം പര്യാപ്തത കൈവരിക്കുമ്പോഴോ അങ്ങിനെയുണ്ടാകുമെന്ന് ആത്മവിശ്വാസമുളവാകുമ്പോഴോ ചാപ്പൽ സ്വതന്ത്ര ഇടവകയാകുന്നതും നല്ല കാര്യം തന്നെയാണ്. മാതൃയിടവകയ്ക്കും പുത്രിഇടവകയ്ക്കും വളർച്ചയുണ്ടാകുവാനും ആരോഗ്യപരമായ മൈത്രീബന്ധങ്ങളുണ്ടാകുവാനും ഇത് ചിലപ്പോൾ ആവശ്യവുമാണ്.

പ്രായപൂർത്തിയും സ്വയംപര്യാപ്തതയും കൈവരിക്കുന്ന പുത്രൻ സ്വന്തം വീട്ടിലേക്ക് മാറിത്താമസിക്കുമ്പോൾ സന്തോഷപൂർവ്വം അനുഗ്രഹിച്ചയക്കുന്ന പിതാവിന്റെയും, തറവാടിനോട് സ്നേഹവും കരുതലും പുലർത്തുന്ന പുത്രന്റെയും മാതൃകാപരമായ ബന്ധത്തിന്റെ വലിയ പതിപ്പാകണം മാതൃഇടവകയും പുത്രിഇടവകയും തമ്മിലുള്ള ബന്ധം. ഒരു വലിയ ശതമാനം വരെ സഭയിൽ അങ്ങിനെ തന്നെയാണ് നടക്കുന്നതും. എന്നാൽ ചില സ്ഥലങ്ങളിൽ ഇതിനു വിരുദ്ധമായ ചില പ്രവണതകൾ സമീപകാലത്ത് വളർന്നുവരുന്നത് സഭയുടെ ആരോഗ്യപൂർണ്ണമായ വളർച്ചയെ തടസ്സപ്പെടുത്തുന്നതാണ്. കുന്നങ്കുളം ആർത്താറ്റ് മഹായിടവക, എറണാകുളത്തെ ഇളങ്ങുളം ചാപ്പൽ ഇടവകയായത് എന്നിവയെല്ലാം വളരെ രൂക്ഷമായ കലാപങ്ങൾക്ക് വഴി തെളിച്ചവയാണ്. പതിനെട്ടോളം സിവിൽ കേസുകൾക്കും ഏതാനും ക്രിമിനൽ കേസുകൾക്കും വഴിവെച്ച എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ / ഇളങ്ങുളം ചാപ്പൽ ഇടവക പ്രശ്നം ഏറ്റവും ജുഗുപ്സാവഹമായ ഒരു അദ്ധ്യായമാണ്. ഒരേ കാതോലിക്കാബാവായേയും ഇടവക മെത്രാപ്പോലീത്തായേയും അനുസരിക്കുന്നവർ തമ്മിൽ തല്ലു കൂടുന്നതെന്തിനെന്ന അക്രൈസ്തവനായ പോലീസുദ്യോഗസ്ഥന്റെ ചോദ്യം പോലും പ്രശ്ന പരിഹാരത്തിനുതകിയില്ലെന്നു തന്നെയല്ല, പൂർവ്വാധികം വാശിയോടെ ഇരുവിഭാഗങ്ങളും പോരടിച്ചുകൊണ്ടിരിക്കുകയുമാണ്.

ഇതിലേറെ സങ്കീർണ്ണമായേക്കാവുന്ന പരിതസ്ഥിതിയാണ് കോട്ടയം പുത്തനങ്ങാടി കുരിശുപള്ളിയിൽ ഇപ്പോൾ ഉരുണ്ടുകൂടിക്കൊണ്ടിരിക്കുന്നത്. പുറമെ പറയുന്ന കാരണങ്ങൾ എന്തെല്ലാമാണെങ്കിലും ഒരു വൈദികന്റെ പത്നിക്ക് പള്ളിവക സ്കൂളിൽ ജോലി നൽകിയതും പിരിഞ്ഞുപോയതും സംബന്ധിച്ച് ഒരു വൈദികനും പള്ളിയുമായുള്ള തർക്കമാണ് ഇന്നത്തെ നിലയിലേക്ക് കാര്യങ്ങൾ എത്തിച്ചത്. നിലവിലുള്ള വ്യവസ്ഥിതിയിൽ ആ പള്ളിയിൽ കൂടിനടക്കുന്ന ജനങ്ങൾ തൃപ്തരായിരിക്കേ അവരുടെ മേൽ ഇടവക അടിച്ചേൽപ്പിക്കേണ്ടയാവശ്യം ആർക്കാണ് എന്നാലോചിക്കുമ്പോൾ ഈ ആരോപണത്തിന്റ നിജസ്ഥിതി വ്യക്തമാകും.

മേൽ പ്രസ്താവിച്ച ഏതെങ്കിലും ഒരു പ്രശ്നത്തിന്റെ ന്യായാന്യായങ്ങളല്ല ഇവിടെ പരാമർശിക്കപ്പെടുന്നത്. ഏതെങ്കിലും ഒരു പക്ഷത്തിന് അനുകൂലമായോ പ്രതികൂലമായോ വാദിക്കുകയുമല്ല. ഇത്തരം പ്രശ്നങ്ങൾ ഉണ്ടായാൽ പരിഹരിക്കുവാനും അതിലും പ്രധാനമായി ഉണ്ടാകാതിരിക്കുവാനുമുള്ള സംവിധാനം സഭക്കുണ്ടാകണം എന്നതാണ് പ്രധാനം. അൽമായവേദിയുടെ ചില ക്രിയാത്മക നിർദ്ദേശങ്ങൾ മുന്നോട്ടു വെക്കുന്നു – കൂടുതൽ നല്ലയഭിപ്രായങ്ങൾ മുന്നോട്ടു വരും എന്ന ചിന്തയിൽ.

1. ഒന്നിലേറെ ആരാധനാലയങ്ങളുള്ള ഓരോ ഇടവകയോഗവും തങ്ങളുടെ ചാപ്പലുകളെപ്പറ്റി ഒരു നയം രൂപവൽക്കരിക്കണം. കാലാന്തരത്തിൽ സ്വതന്ത്ര ഇടവകളാക്കുവാനുള്ളവ ഏതെന്നും അപ്രകാരമല്ലാത്തവ ഏതെന്നുമുള്ള ഒരു വ്യക്തമായ രേഖാമൂലമുള്ള പ്രഖ്യാപനമുണ്ടാകണം. വോട്ടെടുപ്പിലൂടെയല്ലാതെ ഏകാഭിപ്രായ രൂപവൽക്കരണം വഴിയാവണം ഈ തീരുമാനം.

2. സിമിത്തേരി, ചരിത്രപരമായി പ്രത്യേകതയുള്ളവ എന്നിങ്ങനെയുള്ള ആരാധനാലയങ്ങൾ മാതൃ ഇടവകയുടെ കീഴിൽത്തന്നെ തുടരേണം.

3. അങ്ങിനെയല്ലാത്ത ചാപ്പലുകൾ അവിടെ കൂടിനടക്കുന്ന ജനങ്ങൾ ആവശ്യപ്പെടുമ്പോൾ വേണ്ടുന്ന സാദ്ധ്യതാ പഠനങ്ങൾ നടത്തി, ഭരണപരവും സാമ്പത്തികവും അടിസ്ഥാന സൗകര്യങ്ങളും എല്ലാമുണ്ടെന്ന് ഉറപ്പുവരുത്തി ഇടവകയോഗവും ഇടവക മെത്രാപ്പോലീത്തായും ചേർന്ന് ഏകാഭിപ്രായപ്രകാരമുള്ള തീരുമാനമുണ്ടാകണം.

4. ചാപ്പലുകളെ കറവപ്പശുക്കളാക്കുവാൻ ഇടവകയെയോ മറിച്ചോ അനുവദിക്കാൻ പാടില്ല.

5. ഏകപക്ഷീയമായ തീരുമാനങ്ങൾ ഒരു ഭാഗത്തുനിന്നും ഉണ്ടാകുവാൻ പാടില്ല.

6. ഇടവകയുടെ ഭാഗമല്ലാത്ത വൈദികരോ ജനങ്ങളോ ഈ പ്രക്രിയയിൽ നേരിട്ടോ അല്ലാതെയോ ഇടപെടരുത്.

ഇന്ന് സഭയ്ക്ക് ആവശ്യത്തിലേറെ പ്രശ്നങ്ങളുണ്ട്. പ്രശ്നങ്ങളില്ലാതെ സുഗമമായി പ്രവർത്തിക്കുന്ന സ്ഥലത്ത് സ്വകാര്യ മോഹഭംഗങ്ങൾ തീർക്കുവാൻ വേണ്ടി പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കുവാൻ ശ്രമിക്കുന്നവരെ കണ്ടെത്തുകയും ഒറ്റപ്പെടുത്തുകയും വേണം.

# ഫാ. ഡോ. സി. ജി. മാത്യുവിനെ സസ്പെന്റ് ചെയ്തു

അമയന്നൂർ: ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസിനെക്കുറിച്ച് മോശമായി എഴുതിയതിന് സസ്പെന്റ് ചെയ്യപ്പെട്ട ഫാ. ഡോ. സി. ജി. മാത്യൂസ് ജൂലൈ 1, 8 തീയതികളിൽ പ. കാതോലിക്കാബാവായുടെ കല്പന വകവയ്ക്കാതെ കുർബ്ബാന ചൊല്ലിയതായി അറിയുന്നു. 60 ലക്ഷം രൂപ മുടക്കി താൻ വച്ച പള്ളിയിൽ തനിക്ക് കുർബ്ബാന ചൊല്ലാൻ ബാവായുടെ അനുവാദമെന്തിനാണെന്നും, താൻ ഇവിടെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയും (?) വി. കുർബ്ബാന ചൊല്ലുകയുമല്ലാതെ മറ്റ് പള്ളികളിൽ വി. കുർബ്ബാന ചൊല്ലാൻ പോകാറില്ലെന്നുമാണ് ഫാ. ഡോ. സി. ജി. മാത്യൂസിന്റെ നിലപാടെന്നറിയുന്നു.

ഫാ. ഡോ. സി. ജി. മാത്യൂസിനെ പൗരോഹിത്യത്തിനടുത്ത കർമ്മങ്ങൾ അനുഷ്ഠിക്കുന്നതിൽ നിന്ന് വിലക്കിയതറിയാതെ അമയന്നൂർ പ്രദേശത്തുള്ള സഭാംഗങ്ങൾ ജൂലൈ 1, 8 തീയതികളിൽ ഫാ. ഡോ. സി. ജി. മാത്യൂസിന്റെ പള്ളിയിൽ വി. കുർബ്ബാനയിൽ സംബന്ധിച്ചതായാണ് അറിയുന്നത്. എട്ടരയോടെ കുർബ്ബാന പിരിയുമെന്നതിനാൽ വടക്കൻമണ്ണൂർ പള്ളി ഇടവകാംഗങ്ങളിൽ പലരും ഈ പള്ളിയിലാണിപ്പോൾ വി. കുർബ്ബാനയിൽ സംബന്ധിക്കുന്നത്.

ഇതിനിടെ ഫാ. ഡോ. സി. ജി. മാത്യൂസിനെതിരെ നടപടി എടുത്തത് സംബന്ധിച്ച് പി. ആർ. ഒ. ഫാ. മോഹൻ ജോസഫ് എഴുതി ഒപ്പിട്ടു നൽകിയ പത്രക്കുറിപ്പ് പുതിയ സഭാ സെക്രട്ടറി ഇടപെട്ടതു മൂലം സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണങ്ങളിൽ പ്രസിദ്ധീകരിച്ചില്ല എന്നും പറയപ്പെടുന്നു.

## ഓർത്തഡോക്സ് സഭ ആഗ്രഹിക്കുന്നത് ഐക്യമെന്ന് സഭാട്രസ്റ്റി

കോട്ടയം: വിഘടിതവിഭാഗം ഏതെങ്കിലും സ്വത്തുക്കൾ സ്വന്തമായി സമ്പാദിച്ചിട്ടുണ്ടെങ്കിൽ അവയുടെ മേൽ ഓർത്തഡോക്സ് സഭ ഒരു കാലത്തും അവകാശവാദം ഉന്നയിക്കുകയില്ലെന്ന് അൽമായട്രസ്റ്റി എം. ജി. ജോർജ് മുത്തൂറ്റ് വ്യക്തമാക്കി. സ്വത്തിനും സ്ഥാപനങ്ങൾക്കും ഭീഷണിയുണ്ടെന്നു തോന്നുന്നുവെങ്കിൽ വ്യവസ്ഥാപിത മാർഗങ്ങൾ ഉപയോഗിച്ച് അവയെ തടയാവുന്നതാണ്.

വിഭജനത്തിന്റെ പേരു പറഞ്ഞ് മദ്ധ്യസ്ഥ ശ്രമത്തിലൂടെ ഏന്തെങ്കിലും നേടിയെടുക്കാനുള്ള ശ്രമത്തെ ശക്തമായി എതിർക്കും. സ്വത്തുക്കളോ സ്ഥാപനങ്ങളോ സ്വന്തമാക്കാനല്ല, മറിച്ച് ഒരു ഭരണഘടനയുടെ കീഴിൽ സഭ ഒന്നായി നിലകൊള്ളണം എന്നതു മാത്രമാണ് ഓർത്തഡോക്സ് സഭയുടെ നിലപാട്. കോടതിവിധികളിൽ നിന്ന് 1934-ലെ ഭരണഘടന ഇടവകപ്പള്ളികൾക്കും ബാധകമാണെന്നു വ്യക്തമാണ്. ഭൂരിപക്ഷമുണ്ടെന്ന് അവകാശപ്പെടുന്ന വിഘടിത വിഭാഗത്തിന് അതു തെളിയിക്കുവാൻ 2002-ൽ സുപ്രീംകോടതി തന്നെ അവസരം ഒരുക്കിയതാണ്. അന്ന് ഇരുവിഭാഗങ്ങളും സമ്മതിച്ചതനുസരിച്ച് ജസ്റ്റീസ് മളീമഠിന്റെ മേൽനോട്ടത്തിൽ നടത്തിയ ഹിത പരിശോധന തിരസ്ക്കരിച്ചവർ ഇന്ന് മദ്ധ്യസ്ഥരിലൂടെ അത് ആവശ്യപ്പെടുന്നത് അർത്ഥശൂന്യമാണെന്ന് എം. ജി. ജോർജ് പറഞ്ഞു.

## നിയമനടപടികൾ തുടരും; വിഭജനവാദം തള്ളിക്കളയുന്നു: വർക്കിംഗ് കമ്മറ്റി

കോട്ടയം: ഓർത്തഡോക്സ് സഭയുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാനുള്ള നിയമനടപടികൾ തുടരുവാനും അവയെ സ്വാഭാവിക പരിണാമത്തിലെത്തിക്കുവാനും സഭാ വർക്കിംഗ് കമ്മറ്റി തീരുമാനിച്ചു. ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുവാൻ വൈദികട്രസ്റ്റി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, അൽമായട്രസ്റ്റി എം. ജി. ജോർജ് മുത്തൂറ്റ് എന്നിവരെ ചുമതലപ്പെടുത്തി. വിഭജനവാദം പരിഗണന പോലുമർഹിക്കാത്തതെന്നനിലയിൽ വർക്കിംഗ് കമ്മറ്റി തള്ളിക്കളഞ്ഞു.

ഇതിനിടെ കോട്ടയം ഭദ്രാസനത്തിലെ വാകത്താനത്തുള്ള പ്രമുഖ വ്യവസായിയും സഭയിലെ പ്രമാണികളിലൊരാളുമായ ഒരു വ്യക്തിയുടെ വീട്ടിൽ സഭയിലെ രണ്ടു മെത്രാന്മാരുൾപ്പെടെ ചിലരും പുത്തൻകുരിശു സൊസൈറ്റിയുടെ ചില നേതാക്കളുമായി ചർച്ച നടത്തിയതായറിയുന്നു. പ്രസ്തുത വ്യവസായിയുടെ വീട് കേന്ദ്രീകരിച്ച് പല ഉപജാപങ്ങളും ഇതിനു മുൻപും നടന്നിട്ടുണ്ട്.

## ഫാ. ഡോ. ഒ. തോമസ് സണ്ടേസ്കൂൾ ഡയറക്ടർ ജനറൽ

കോട്ടയം: സണ്ടേസ്കൂൾ ഡയറക്ടർ ജനറലായി ഫാ. ഡോ. ഒ. തോമസിനെ പ. കാതോലിക്കാബാവാ നിയമിച്ചു. ഈ സ്ഥാനം ലഭിച്ചതോടെ തിരഞ്ഞെടുപ്പ് തോൽവിയോടെയും വർക്കിംഗ് കമ്മിറ്റി പുനസംഘടനയോടെയും അസ്വസ്ഥനായിരുന്ന അദ്ദേഹം സന്തോഷവാനായെന്ന് അറിയുന്നു. മാനേജിംഗ് കമ്മിറ്റിയിൽ നിന്നുള്ള രാജിയും അദ്ദേഹം പിൻവലിച്ചേക്കുമെന്ന് കരുതുന്നു. ഫാ. റ്റി. ജെ. ജോഷ്വായെ പുറത്താക്കാൻ കുപ്പായ കോക്കസിൽ പെട്ട ചിലർ വർഷങ്ങളായി നടത്തിയ ശ്രമങ്ങളാണ് ഇതോടെ ഫലപ്രാപ്തിയിലെത്തിയിരിക്കുന്നത്.

## സുന്നഹദോസിന് സെക്രട്ടറി കീഴ്‌വഴങ്ങുമെന്ന് പ്രതീക്ഷിക്കുന്നതായി പൗലോസ് പക്കോമിയോസ്

കോട്ടയം: പുതിയ സെക്രട്ടറി സ്വന്ത നിലയ്ക്ക് ചില തീരുമാനങ്ങളൊക്കെ എടുത്ത് മുമ്പോട്ടു പോകുന്നതിൽ ചിലർക്കൊക്കെ പരാതിയുണ്ടെങ്കിലും പൗരോഹിത്യ പാരമ്പര്യമുള്ള കുടുംബത്തിൽ നിന്നും വന്ന ചെറുപ്പക്കാരനായ അദ്ദേഹം പ. സുന്നഹദോസിന് കീഴ്‌വഴങ്ങി പ്രവർത്തിക്കുമെന്നാണ് തന്റെ പ്രതീക്ഷയെന്ന് പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ പ്രത്യാശിച്ചു. പുതിയ സെക്രട്ടറിയെക്കുറിച്ച് സുന്നഹദോസ് അംഗങ്ങളിൽ പലർക്കുമുള്ള ഭയത്തെക്കുറിച്ച് അത്ര വ്യക്തമായല്ലെങ്കിലും തുറന്ന് സമ്മതിക്കുന്ന മെത്രാപ്പോലീത്തായുടെ ഈ പ്രസ്താവന, ശ്രേഷ്ഠ നിയുക്ത കാതോലിക്കായും, അൽമായ - വൈദിക ട്രസ്റ്റിമാരും സെക്രട്ടറിയുമുള്ള സമ്മേളനത്തിലാണ് ഉണ്ടായത്. എം. ജി. ഒ. സി. എസ്. എം. അൽമായ - വൈദിക ട്രസ്റ്റിമാർക്കും സെക്രട്ടറിയ്ക്കും നൽകിയ സ്വീകരണയോഗത്തിലാണ് മെത്രാപ്പോലീത്താ പ്രസ്താവന നടത്തിയത്. മറുപടി പ്രസംഗത്തിൽ സെക്രട്ടറി പക്ഷേ ഇതിനോടു പ്രതികരിച്ചില്ല. സഭ പാവങ്ങൾക്കായി നിലകൊള്ളുമെന്നും അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി സഹായങ്ങൾ ചെയ്യുമെന്നും സഭാകേന്ദ്രം 24 മണിക്കൂറും പ്രവർത്തിക്കുന്ന തരത്തിലേക്ക് മാറ്റുമെന്നും മറ്റുമാണ് സെക്രട്ടറി പ്രസംഗത്തിൽ പറഞ്ഞത്.

## നസ്രാണി വനിതകളുടെ മാഗ്നാകാർട്ടാ

**അൽമായവേദി ന്യൂസ് സർവ്വീസ്**

കോട്ടയം: ഫെബ്രുവരി മാസത്തിൽ നടന്ന സുന്നഹദോസിൽ വനിതകൾക്ക് ഇടവക പൊതുയോഗത്തിൽ നിരീക്ഷകരായി പങ്കെടുക്കാൻ അനുവാദം നൽകണമെന്ന തീരുമാനം (അൽമായവേദി മാർച്ച് ലക്കത്തിൽ റിപ്പോർട്ടു ചെയ്തിരുന്നത് വായനക്കാർ ഓർക്കുമല്ലോ) ജൂലൈ മാസത്തിൽ പ. ബാവാ തിരുമേനിയുടെ കല്പനയായി പുറത്തുവന്നു. നസ്രാണി വനിതക്ക് തുല്യാവസരങ്ങൾ ലഭിക്കണമെന്ന അൽമായവേദിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിലെ ഒരു ഇനം നടപ്പാക്കുന്നതിന്റെ പ്രാരംഭ നടപടികളുണ്ടായതിൽ വേദി പ്രവർത്തകർ സന്തോഷിക്കുന്നു.

ഈ വിഷയത്തിൽ അഭിപ്രായ രൂപവൽക്കരണത്തിനു വേണ്ടി അൽമായവേദി പല പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. അഡ്വ. ജെയ്സി കരിങ്ങാട്ടിലിന്റെ ലേഖനം പ്രസിദ്ധീകരിച്ചത് ഇതിലൊന്നു മാത്രം. ഈ സംഭവവികാസത്തോട് വനിതകൾ ക്രിയാത്മകമായി പ്രതികരിക്കേണ്ടത് അത്യന്തം അവശ്യമാണ്. വി. കുർബാനയിൽ പഴയനിയമവും ശ്ലീഹാവായനയും നടത്തുവാൻ വനിതകളെ അനുവദിച്ചുകൊണ്ട് വർഷങ്ങൾക്കു മുമ്പേ കല്പനയിറങ്ങിയെങ്കിലും കാര്യമായി ഒരിടത്തും തന്നെ അത് നടപ്പായിട്ടില്ല. ചില സ്ഥലങ്ങളിൽ വൈദികർ വനിതകളെ നിരുത്സാഹപ്പെടുത്തുന്നതും മറ്റു ചിലയിടങ്ങളിൽ വനിതകൾ ഈ ഉത്തരവാദിത്തമേറ്റെടുക്കുവാൻ വിമുഖത കാണിക്കുന്നതുമാണ് കാരണം. ഈ രണ്ടു ദുഷ്പ്രവണതകൾക്കുമെതിരെ പ്രതികരിക്കുവാൻ സ്ത്രീപുരുഷ ഭേദമെന്യേ വിശ്വാസികൾ മുന്നോട്ട് വരേണ്ടതാവശ്യമാണ്.

## അറിയിപ്പ്

**ഓർത്തഡോക്സ് സഭാംഗങ്ങളായ വിദ്യാർത്ഥികൾക്ക് സഭ വക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഡ്മിഷൻ സംബന്ധമായി എന്തെങ്കിലും തരത്തിലുള്ള തിക്താനുഭവങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അൽമായവേദിയെ എഴുതി അറിയിച്ചാൽ തുടർന്നുള്ള ലക്കങ്ങളിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും.**

**- പത്രാധിപർ**

## മലങ്കരസഭാദീപത്തിലെ പരാമർശനങ്ങൾ വസ്തുതാ വിരുദ്ധം

**എം. സി. പൗലോസ് ആലുവാ**

ജൂൺ 1-15 ലക്കം മലങ്കരസഭാദീപത്തിൽ മുൻ വർക്കിംഗ് കമ്മറ്റിയംഗം ജോൺ സഖറിയായെപ്പറ്റി വന്ന വാർത്ത തികച്ചും വസ്തുതാ വിരുദ്ധമാണ്.

ആദ്യകാലം മുതൽ ഓർത്തഡോക്സ് വിശ്വാസത്തിൽ ഉറച്ചു നിന്ന ആലുവാ കിഴക്കമ്പലത്തെ പുരാതനമായ വാലേൽ കുടുംബാംഗമാണ് ജോൺ സഖറിയ. പ്രശ്നബാധിതവും, കേസിലുൾപ്പെട്ടതുമായ കിഴക്കമ്പലം സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്. സുപ്രസിദ്ധ പ്രാസംഗികനും കിഴക്കമ്പലം ദയറായുടെ സ്ഥാപകനുമായ വി. സി. ഗീവർഗീസ് അച്ചന്റെ (അദ്ദേഹം പിന്നീട് റീത്തിൽ പോയി) സഹോദര പ്രപൗത്രനാണ് ജോൺ സഖറിയ. 1974-ൽ അങ്കമാലി ഭദ്രാസനത്തിൽ പ്രശ്നം രൂക്ഷമായപ്പോൾ ഡോ. ഫിലിപ്പോസ് മാർ തേയോഫിലോസ് മെത്രാപ്പോലീത്തായോടൊപ്പം ഉറച്ചു നിന്ന ഭദ്രാസന കൗൺസിലംഗം വി. സി. പൗലൂസ് മറ്റൊരു പിതൃവ്യനാണ്.

വിദ്യാഭ്യാസകാലം മുതൽ കുടുംബ ബിസിനസ് ഏറ്റെടുത്തു നടത്താൻ നാട്ടിൽ തിരിച്ചെത്തേണ്ട സ്ഥിതി സംജാതമാകുന്നതുവരെ ചെന്നൈയിലെ ബ്രോഡ്‌വേ കത്തീഡ്രലിലാണ് ജോൺ സഖറിയ വി. കർമ്മങ്ങളിൽ പങ്കെടുത്തിരുന്നത്.

ഇദ്ദേഹത്തിന്റെ പിതാവ് 2000 -മാണ്ടിൽ സംഭാവന ചെയ്ത സ്ഥലവും കുരിശുപള്ളിയും അട്ടപ്പാടി സെന്റ് തോമസ് ആശ്രമത്തിനുണ്ട്. ഈ വിവരങ്ങൾ ആർക്കും പരിശോധിക്കാവുന്നതാണ്.

വടക്കൻ പ്രദേശത്തെ പ്രശ്നബാധിത പള്ളികളിൽ അനേകം തീഷ്ണ വിശ്വാസികളുണ്ട്. ഉദാഹരണത്തിന് കൊച്ചി ഭദ്രാസനത്തിലെ വടവുകോട് ഓർത്തഡോക്സ് പള്ളി വികാരി ഫാ. പ്രൊഫ. ഒ. ജെ. ജേക്കബ് കടുംഗമംഗലം സെന്റ് പീറ്റേഴ്സ് പള്ളി ഇടവകക്കാരനാണ്. ഇവരോടൊക്കെ അംഗത്വത്തിനു തെളിവു കാണിക്കാൻ പറയുന്നത് അധിനിവേശ കാഷ്മീരിലെ ഇന്ത്യൻ പൗരന്മാരോട് വോട്ടർ കാർഡ് ഹാജരാക്കാൻ പറയുന്നതുപോലെ യുക്തിരഹിതമാണ്.

തുമ്പമൺ ഭദ്രാസനാംഗവും, ആലുവാ തൃക്കുന്നത്തു സെമിനാരി മാനേജർ സ്ഥാനവും, സൗത്ത് ആഫ്രിക്കാ പള്ളി വികാരി സ്ഥാനവും, അങ്കമാലി ഭദ്രാസന വൈദികയോഗം സെക്രട്ടറി സ്ഥാനവും, ക്യാനഡായിൽ നിന്നുള്ള മാനേജിംഗ് കമ്മറ്റി മെമ്പർ സ്ഥാനവും ഒരുമിച്ചു വഹിക്കുന്ന മാന്യദേഹത്തിനുപോലും തെളിവു ഹാജരാക്കാൻ കഴിഞ്ഞെന്നു വരികയില്ല.

വടക്കൻ പ്രദേശത്ത് ഓർത്തഡോക്സ് വിശ്വാസത്തിനായി പോരാടുന്നവരെ തിരഞ്ഞുപിടിച്ചു തേജോവധം ചെയ്യുന്നത് പുത്തൻകുരിശു സൊസൈറ്റിയെ സഹായിക്കാനല്ലാതെ മറ്റെന്തിനാണ്?

## ജോൺ സഖറിയക്കെതിരെ അപകീർത്തികരമായ വാർത്ത: ഫാ. ഡോ. എം. ഒ. ജോണിന് വക്കീൽ നോട്ടീസ്

എറണാകുളം: തനിക്കെതിരായി അപകീർത്തികരമായ പ്രസ്താവന പ്രസിദ്ധീകരിച്ചതിന് മലങ്കര സഭാദീപം ദ്വൈവാരികയുടെ പ്രിന്ററും പബ്ലീഷറുമായ ഫാ. ഡോ. എം. ഒ. ജോണിന് എതിരായി മുൻ വർക്കിംഗ് കമ്മറ്റിയംഗം ജോൺ സഖറിയ വക്കീൽ നോട്ടീസയച്ചു.

താൻ ഓർത്തഡോക്സ് സഭാംഗമല്ലെന്നും കഴിഞ്ഞ ജനുവരി 25-ന് ആലുവാ തൃക്കുന്നത്തു സെമിനാരിയിലും തുടർന്ന് തിരുവനന്തപുരത്തും നടന്ന അനിഷ്ട സംഭവങ്ങളുടെ ഉത്തരവാദി താനാണെന്നും ഉള്ള രീതിയിൽ വന്ന പരാമർശനം തനിക്ക് അപമാനകരമാണെന്നും അവ പിൻവലിച്ച് 10 ദിവസത്തിനുള്ളിൽ പരസ്യമായി ക്ഷമായാചനം നടത്തണമെന്നും 25 ലക്ഷം രൂപ നഷ്ടപരിഹാരം നൽകണമെന്നുമാണ് ജോൺ സഖറിയ ആവശ്യപ്പെട്ടിരിക്കുന്നത്.

കേരള ഹൈക്കോടതിയിലെ ഏറ്റവും പ്രമുഖ അഭിഭാഷകരിലൊരാളായ അഡ്വ. എസ്. രാംകുമാറാണ് ജോൺ സഖറിയായ്ക്കു വേണ്ടി നോട്ടീസ് അയച്ചിരിക്കുന്നത്.

## അത്മായ നേതൃത്വ പരിശീലന കളരിയും മാനേജിംഗ് കമ്മറ്റിയംഗങ്ങളും

**കെ. വി. ഏബ്രഹാം കൊടുവത്ത് (അൽമായവേദി പ്രസിഡന്റ്)**

*അത്മായ നേതൃത്വ പരിശീലന കളരി* എന്ന ഓമനപ്പേരിൽ അത്മായ ദൗത്യത്തിന്റെ നവ സാദ്ധ്യതകൾ എന്ന വിഷയം ആസ്പദമാക്കി ഓർത്തഡോക്സ് സെമിനാരിയിലെ സോഫിയാ സെന്ററിൽ ഈ മാസം 10-11 തീയതികളിൽ ഒരു സെമിനാർ നടത്തുവാൻ സെമിനാരി നേതൃത്വം കൊടുത്തു എന്നതു തന്നെ സഭയ്ക്ക് ഒരു പുത്തൻ ഉണർവിനു തിരി കൊളുത്തുകയായിരുന്നു എന്നു പറയുവാൻ അതിയായ സന്തോഷമുണ്ട്. അതിനു രൂപംകൊടുത്ത വൈദിക സെമിനാരി പ്രിൻസിപ്പാൾ ഫാ. ഡോ. കെ. എം. ജോർജ്ജ്, ഫാ. റ്റി. ജെ. ജോഷ്വാ, ഫാ. തോമസ് വർഗ്ഗീസ് എന്നിവരെ പ്രത്യേകം അഭിനന്ദിക്കുന്നു.

ഈ മഹൽ ഉദ്യമത്തിൽ ഈ അടുത്ത നാളുകളിൽ മാനേജിംഗ് കമ്മറ്റിയിലേയ്ക്കു തിരഞ്ഞെടുക്കപ്പെട്ടവരിൽ ഒരാൾ മാത്രമേ (ഇടുക്കി ഭദ്രാസനത്തിൽ നിന്നുള്ള സി. കെ. ജേക്കബ്) പൂർണ്ണസമയം സംബന്ധിച്ചുള്ളു എന്നതു ലജ്ജാകരമാണ് (കോട്ടയം ഭദ്രാസനത്തെ പ്രതിനിധീകരിച്ചു നാലു പേർ മാനേജിംഗ് കമ്മറ്റിയിൽ ഉണ്ടല്ലോ. അതിലൊരാൾ ഉദ്ഘാടനത്തിന് തല കാണിച്ച് ആമുഖ പ്രസംഗത്തിനു പകരം, തന്നെ അമേരിക്കയിൽ പ്രസംഗത്തിനു ക്ഷണിച്ചിരിക്കുന്ന കഥയുമൊക്കെ വിളമ്പിയിട്ട് പോയി). ഇതുപോലെയുള്ള സെമിനാറുകളും മറ്റും നടത്തുമ്പോൾ അത്മായക്കാരും അവരെ പ്രതിനിധീകരിക്കുന്ന മാനേജിംഗ് കമ്മറ്റി അംഗങ്ങളും നേതൃത്വം കൊടുക്കുവാൻ മുൻപോട്ടു വരണമെന്ന് അഭ്യർത്ഥിക്കുന്നു.

## പിയർ ഡൂപ്രെയുടെ മരണം അറിഞ്ഞില്ല; ഇന്റർ ചർച്ച് റിലേഷൻസ് പൂർണപരാജയം

കോട്ടയം: ഒരു ദശാബ്ദത്തിലധികം കാലം മലങ്കരസഭയുമായി അടുത്ത ബന്ധത്തിൽ കഴിഞ്ഞിരുന്ന വ്യക്തിയും റോമൻ കത്തോലിക്കാ സഭയുടെ ക്രൈസ്തവ ഐക്യത്തിനുള്ള തിരുസംഘത്തിന്റെ മുൻ സെക്രട്ടറിയുമായ പിയർ ഡൂപ്രെയുടെ മരണം മലങ്കരസഭ അറിഞ്ഞില്ല.

ദീർഘകാലമായി രോഗബാധിതനായിരുന്ന ഇദ്ദേഹം മെയ് 13 നാണ് കാലം ചെയ്തത്. ക്രിസ്തീയ സഭകൾ തമ്മിലുള്ള ഐക്യത്തിനുവേണ്ടി പരിശ്രമിച്ച ഇദ്ദേഹം കത്തോലിക്കാ - ഓർത്തഡോക്സ് ഔദ്യോഗിക ഡയലോഗിന്റെ കത്തോലിക്കാ സഭയുടെ പ്രതിനിധിസംഘത്തിന്റെ ചെയർമാനായി ദീർഘകാലം പ്രവർത്തിച്ചിരുന്നു. മെയ് 18 ന് റോമിലെ സെന്റ് പീറ്റേഴ്സ് ബസലിക്കായിൽ ശവസംസ്കാര ശുശ്രൂഷ നടന്നു.

ഇദ്ദേഹം പ്രൊ. ഓറിയന്റയുടെ ചുമതല വഹിച്ചിരുന്ന കാലത്താണ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ കോട്ടയം മാർ ഏലിയാ കത്തിഡ്രലിലെത്തി പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായെ സന്ദർശിച്ചത്. കോട്ടയം പഴയസെമിനാരിയിലടക്കം ഇദ്ദേഹം പല തവണ സന്ദർശനം നടത്തിയിട്ടുണ്ട്.

ഇദ്ദേഹത്തിന്റെ മരണവാർത്ത അറിയാതിരിക്കുകയും ഒരു അനുശോചന സന്ദേശം പോലും പുറപ്പെടുവിക്കാതിരിക്കുകയും ചെയ്ത മലങ്കരസഭയുടെ ഇന്റർ ചർച്ച് റിലേഷൻസ് കമ്മറ്റി പൂർണ പരാജയമാണെന്നു വീണ്ടും തെളിയിച്ചിരിക്കുകയാണ്.

# അച്ചനും കൊച്ചനും

**മാത്തുക്കുട്ടിച്ചായൻ**

കൊച്ചൻ: അച്ചോ നമ്മുടെ ബാവാ ജഡ്ജിയുടെ വീട്ടുപടിക്കൽ ഉപവാസപ്രാർത്ഥന നടത്താൻ പോകുന്നു എന്നു കേട്ടല്ലോ?

അച്ചൻ: എന്തായാലും വഴിയിലും പള്ളിയിലും ഇരുന്നും കിടന്നും സമരവും പ്രാർത്ഥനയും നടത്തി ബാവായ്ക്കും മെത്രാന്മാർക്കും ഏതുതരം സമരവും നടത്താം എന്ന് ബാവാ തെളിയിച്ചു.

കൊച്ചൻ: തൃക്കുന്നത്തെ പുതിയ മാനേജരും നമ്മുടെ ബാവായുടെ മാർഗ്ഗം സ്വീകരിച്ച് സെക്രട്ടറിയേറ്റ് പടിക്കൽ അവരുടെ മെത്രാന്മാരെ ഇറക്കി സമരം നടത്തി നാറ്റിച്ചില്ലേ? മുല്ലപ്പൂമ്പൊടി ഏറ്റുകിടക്കും കല്ലിനുമുണ്ട് ഒരു സൗരഭ്യം.

അച്ചൻ: ഉദ്ദിഷ്ടകാര്യസാദ്ധ്യങ്ങൾക്ക് മഞ്ഞനിക്കരയിലും, മണർകാട്ടും പ്രാർത്ഥനയജ്ഞമോ അഖണ്ഡപ്രാർത്ഥനയോ നടത്തിയിട്ടു കാര്യമില്ലെന്നു വിശ്വാസികളെ ബോദ്ധ്യപ്പെടുത്തുവാൻ നമ്മുടെ ബാവായുടെ പുതിയപുതിയ യജ്ഞങ്ങൾക്കു സാധിച്ചു, സമരങ്ങൾക്കും.

കൊച്ചൻ: ശരിയാ. ആലുവാ ഗ്രേറ്റ് മാർച്ചിന് നേതൃത്വം നല്കിയപ്പോൾ കസ്റ്റഡിയിൽ എടുത്ത പിതാവിന് ഇരിക്കാൻ നല്കിയ കുഷ്യൻ നെഞ്ചത്തുവച്ച് അലമുറയിട്ട് കരഞ്ഞാണ് ഈ സഭയ്ക്ക് അടിത്തറയിട്ടത്.

അച്ചൻ: അന്നു തുടങ്ങിയ വഴി തടയൽ, ശവം തടയൽ, അതിക്രമിച്ചു കടക്കൽ, തടസ്സം നിന്നവരെ തട്ടിക്കളഞ്ഞ് 30 വർഷത്തിനു ശേഷം തൃക്കുന്നത്തു കയറിയപ്പോൾ ഓർത്തഡോക്സിലെ നിയുക്തനും മാനേജരും മുഖത്തോടു മുഖം നോക്കി ഇരുന്നില്ലേ.

കൊച്ചൻ: അത് സെമിനാരിയിലെ പഴയ മാനേജരും പുതിയ മാനേജരും നമ്മുടെ ബാവായും കൂടിയുള്ള ഒത്തു കളിയാണെന്നാ തീവ്രവാദി ഓർത്തഡോക്സ് ഭാഷ്യം.

അച്ചൻ: സ്ഥാനവും, മാനവും, പണവും, മസനപ്സയും വച്ചു നീട്ടിയാൽ ഏതു കത്തനാരാ വേണ്ടെന്നു പറയുക.

കൊച്ചൻ: നമ്മുടെ ഒരു കുടുംബയോഗത്തിൽ ഒരു പ്രമുഖ ഓർത്തഡോക്സ് വൈദികൻ പറഞ്ഞത് ആറു മാസത്തിനകം നമ്മുടെ ബാവായെ തൃക്കുന്നത്തു കയറ്റും എന്നാണ്. എന്തായാലും മാനേജരേയും ഈ അച്ചനേയും ബാവാ കാണേണ്ടപോലെ കണ്ടു. ബാവാ കബറുങ്കൽ കയറുകയും ചെയ്തു. ആലുവയിൽ നമ്മളെ തല്ലിയതിനുപകരം ഇവരെ ഉപയോഗിച്ച് തിരുവനന്തപുരത്ത് അവർക്ക് തിരിച്ചും കൊടുത്തു.

അച്ചൻ: അതാണ് നമ്മുടെ ബാവാ: നമ്മളെ തല്ലിയ പോലീസിന്റെ തൊപ്പി നമ്മുടെ ബാവാ തെറിപ്പിച്ചു: ദിദിമോസ്സ് ബാവാ തിരുവനന്തപുരം സംഭവത്തിന് ഗവൺമെന്റിനോട് ക്ഷമ ചോദിച്ചു. മണർകാട് നമ്മുടെ ബാവാ കയററുത് എന്ന വിധിയുണ്ട്. എന്നിട്ടും കയറി - മാത്യൂസ് ദ്വീതീയൻ ബാവാ കയറുന്ന പരിപാടി ഉപേക്ഷിച്ചു. അതാണ് നമ്മുടെ ബാവായും - അവരുടെ ബാവാമാരുടെയും നിലപാടുകൾ.

കൊച്ചൻ: അത് അവർ ഇന്ത്യൻ സംസ്ക്കാരമുള്ള ബാവാമാരും നമ്മൾ മദ്ധ്യപൂർവ്വദേശത്തെ സംസ്കാരം സംരക്ഷിക്കുന്നവരുമാണച്ചാ. എന്നിരുന്നാലും നമ്മുടെ ബാവായെ സഹായിച്ചിട്ടുള്ള പള്ളികയ്യേറ്റക്കാരെയും പള്ളിപൂട്ടിച്ചവരേയും, ശവം തടഞ്ഞവരേയും, വർഗീസിനെ വധിച്ചവരേയും സഭയേ പങ്കുവയ്ക്കാം എന്നു പറയുന്നവരേയും ബാവാ സംരക്ഷിക്കുന്നില്ലേ. എന്നിട്ട്, ബാവായ്ക്ക് ഒപ്പം നില്ക്കുന്നവർ എല്ലാം ഓർത്തഡോക്സ്, യാക്കോബായ പക്ഷമില്ലാതെ ഷവലിയറും, കമണ്ടറുമായില്ലേ.

അച്ചൻ: സുപ്രീംകോടതി ഉത്തരവ് നമുക്ക് അനുകൂലം എന്നു പറഞ്ഞു കേസ്സു നടത്തിയവരെ ആദരിച്ച് സ്വീകരിച്ചു. പിന്നെ എങ്ങിനെയാ ഈ കീഴ്ക്കോടതി ജഡ്ജിമാർ ചുമന്നമണ്ണ്, കുറിഞ്ഞി, കത്തിപ്പാറ പള്ളിവിധികളിൽ 1934 -ലെ ഭരണഘടന പറയുന്നത്.

കൊച്ചൻ: അതിനാ ആ ജഡ്ജിമാരെ ഘരാവോ ചെയ്യണമെന്ന് ബാവാ കല്പിച്ചത്.

അച്ചൻ: ബാവാ കല്പിച്ചത്, മഞ്ഞനിക്കരയിലും മറ്റും പ്രാർത്ഥനയജ്ഞവും അഖണ്ഡപ്രാർത്ഥനയും നടത്തുന്നതുപോലെ ജഡ്ജിമാരുടെ വീട്ടുപടിക്കലും നടത്തിയാൽ രക്ഷ കിട്ടും എന്നാണ്.

അച്ചൻ: എടാ തുകലൻ സാർ പറഞ്ഞില്ലേ 34 അല്ല 2002ലെ ഭരണഘടനയാ കോടതി അംഗീകരിച്ചത് എന്ന്. അതു വിശ്വസിച്ചാ മതി.

കൊച്ചൻ: അതച്ചൻ പള്ളിയിൽ പറഞ്ഞാ മതി. നമ്മുടെ പെരുമ്പള്ളി തിരുമേനിയും ഇപ്പോഴത്തെ ബാവായും, കോടതികളിൽ എഴുതിക്കൊടുത്തിട്ടുണ്ടല്ലോ 1934ലെ ഭരണഘടന അംഗീകരിക്കുന്നു എന്ന്.

അച്ചൻ: അത് കോടതിയിലല്ലേ. പറയുമ്പോൾ 2002 എന്ന് പറഞ്ഞാൽ മതി. നീ ഈ സത്യങ്ങൾ പറഞ്ഞാൽ നമ്മുടെ വിശ്വാസികളിൽ ആശയക്കുഴപ്പം ഉണ്ടാവില്ലേടാ വിഡ്ഢി.

കൊച്ചൻ: ചുമ്മാതല്ല, കോടതിവേണ്ട മദ്ധ്യസ്ഥൻ മതി എന്ന് നമ്മൾ പറയുന്നത് അല്ലേ അച്ചാ. അവരുടെ അത്മായവേദിക്കാർ പറയുന്നത് രാജ്യത്തെ ഏറ്റവും വലിയ മദ്ധ്യസ്ഥൻ കോടതിയാണെന്നാ.

അച്ചൻ: അതൊന്നും വായിക്കരുത്. അവരുടെ സഭാസ്നേഹമുള്ളവരാരും അതു പരസ്യമായി വായിക്കില്ല. അവരുടെ ബാവായും നിയുക്തനും നമ്മുടെ കൂടെ നിന്നു പോയ മെത്രാന്മാരും നീയും മാത്രമാ അതു വായിക്കുന്നത്.

**കത്തുകൾ... കത്തുകൾ....**

## അൽമായവേദി

കഴിഞ്ഞ ആഴ്ച സോഫിയ സെന്ററിലെ അൽമായ നേതൃത്വ പരിശീലന ക്യാമ്പിൽ ജോഷാ അച്ചൻ പല അത്മായവേദികൾ ഉണ്ടെന്ന് സൂചിപ്പിച്ചു. അതിനു വിശദീകരണം തരാമോ?

**ഏബ്രഹാം തോമസ്സ്, തിരുവല്ല**

ഓർത്തഡോക്സ് വിശ്വാസികളുടേതായി അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി എന്ന പേരിൽ കോട്ടയം കേന്ദ്രമായി പ്രവർത്തിക്കുന്ന ഒരേ ഒരു സംഘടനയേ ഉള്ളൂ. എന്നാൽ ഈ സംഘടനയുടെ ക്രിയാത്മക പ്രവർത്തനങ്ങൾ മൂലം സഭയിലെ സ്ഥാപിത താല്പര്യക്കാരുടെ മുഖംമൂടികൾ ഭാഗികമായി മാറ്റപ്പെട്ടതിനാൽ രാഷ്ട്രീയ, വ്യവസായ പ്രമുഖരും അവരുടെ ബിനാമികളുമായവർ ചങ്ങനാശ്ശേരിയിലെ ഒരു മുസ്ലീം ലോഡ്ജ് കേന്ദ്രമാക്കി അത്മായ അസോസിയേഷൻ എന്ന ഒരു സംഘടനക്കു രൂപം നല്കിയിട്ടുണ്ട്. മണർകാട് പള്ളിക്കാരനായ ഒരു വക്കീൽ അത്മായവേദി എന്ന പേരിൽ ചിലയെഴുത്തുകുത്തുകൾ നടത്തുന്നുണ്ട്. പള്ളികളെ ക്രിസ്തീയ *ദേവസ്വം* ബോർഡിന്റെ കീഴിലാക്കി സർക്കാർ ഏറ്റെടുക്കണമെന്നും മറ്റുമാണ് അദ്ദേഹത്തിന്റെ ആവശ്യം. അദ്ദേഹത്തിന്റെ പ്രസ്ഥാനത്തിന്റെ പേര് സിറിയൻ ഓർത്തഡോക്സ് അത്മായവേദി എന്നാണ്. കോട്ടയം നീലിമംഗലത്ത് യാക്കോബായ അത്മായവേദിയും ഉണ്ട്.

**- പത്രാധിപർ**

**ഓഫ് സൈഡ് - ഓഫ് സൈഡ്**

## സത്യംപറഞ്ഞാൽ... അച്ഛൻ പട്ടിയിറച്ചി തിന്നും

ഒരു പഴഞ്ചൊല്ലാണ് - "സത്യം പറഞ്ഞാൽ അമ്മ തല്ലുകൊള്ളും, പറഞ്ഞില്ലെങ്കിൽ അച്ഛൻ പട്ടിയിറച്ചി തിന്നും." നിഷ്കളങ്കനായ ഒരു ബാലൻ നേരിട്ട ധർമ്മസങ്കടമാണിത്. അൽമായവേദിക്കാരും നേരിടുന്ന പ്രതിസന്ധി മറ്റൊന്നല്ല.

ഉന്നതരും ഇടത്തരവും ഇത് രണ്ടിലും പെടാത്ത 'ചിന്ന' സ്ഥാനികളുടെയും ധാർമ്മികവും മറ്റു വിധത്തിലുമുള്ള അപഥസഞ്ചാരത്തെപ്പറ്റി ആധികാരികമായ വിവരങ്ങൾ ഞങ്ങളെ ഞെട്ടിപ്പിക്കുന്നു, വേദനിപ്പിക്കുന്നു. ഒരു തിരുത്തൽ ശക്തിയായി പ്രവർത്തിക്കുന്ന - പ്രവാചക ദൗത്യം നിർവ്വഹിക്കുവാൻ ശ്രമിക്കുന്ന ഒരു സംഘടന എന്ന നിലയിൽ ഇവ വെളിയിൽ കൊണ്ടുവരേണ്ടതല്ലേ? ഇവയെല്ലാം പുറത്തറിഞ്ഞാൽ സഭ സമൂഹമദ്ധ്യേ അവഹേളിതമാവില്ലേ? പരസ്പരവിരുദ്ധമായ രണ്ട് ചോദ്യങ്ങളാണ്. രണ്ടിന്റേയും ഉത്തരം "അതെ" എന്നാണ്.

ഞങ്ങൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധിയും ഇതു തന്നെ. ആട്ടിറച്ചിക്കു പകരം പട്ടിയിറച്ചി കറിവച്ച് ഭർത്താവിനു നൽകിയതിനെ തുടർന്ന് ആ ദമ്പതികളുടെ മകൻ അനുഭവിച്ച മാനസികസംഘർഷം ഞങ്ങളും അനുഭവിക്കുന്നു.

# ഫാ. ഡോ. മാത്യു ബേബിയുടെ സസ്പെൻഷൻ പിൻവലിച്ചു

കോട്ടയം: ഓർത്തഡോക്സ് വൈദികസെമിനാരി അദ്ധ്യാപകനായ ഫാ. ഡോ. മാത്യു ബേബിയുടെ സസ്പെൻഷൻ പിൻവലിച്ചു. പെന്തിക്കോസ്തിക്രമം കോട്ടയം - നാഗ്പൂർ സെമിനാരികളുടെ സംയുക്ത ഫാക്കൽറ്റി തീരുമാനപ്രകാരം പുതുതായി തയ്യാറാക്കിയത് ശ്രേഷ്ഠാനുമതിയില്ലാതെ പ്രസിദ്ധീകരിച്ചു എന്നതിനാണ് അദ്ദേഹത്തെ വൈദിക സെമിനാരി അദ്ധ്യാപകസ്ഥാനത്തു നിന്നും സസ്പെന്റ് ചെയ്തിരുന്നത്.

ജൂൺ 9 നാണ് പ. കാതോലിക്കാബാവാ സസ്പെൻഷൻ പിൻവലിച്ചുകൊണ്ടുള്ള കല്പന ഫാ. മാത്യു ബേബിക്ക് നേരിട്ട് നൽകിയത്. അതേസമയം, പഠനത്തിനും അഭിപ്രായത്തിനുമായി അയച്ചുകൊടുത്ത പെന്തിക്കോസ്തിക്രമം ഔദ്യോഗികമാണെന്ന തെറ്റിദ്ധാരണ ഉണ്ടാകുന്ന തരത്തിൽ ആമുഖമെഴുതി പ്രസിദ്ധീകരിച്ചതിന് ആലുവാ തൃക്കുന്നത്തു സെമിനാരി മാരേജരും മലങ്കരസഭാദീപം പത്രാധിപരുമായ ഫാ. ഡോ. എം. ഒ. ജോണിന് പ. കാതോലിക്കാ ബാവാ കാരണം കാണിക്കൽ നോട്ടീസ് നൽകി. ഏഴു ദിവസത്തിനകം മറുപടി നൽകണമെന്നാണ് കല്പനയിൽ ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ ഇത് ഒരു ഒത്തുകളി ആണെന്ന് അരോപണമുണ്ട്. ഫാ. ഡോ. മാത്യു ബേബിക്ക് സ്വന്തം ഭാഗം വിശദീകരിക്കുവാനുള്ള സാവകാശം പോലും നൽകാതെ സസ്പെൻഷൻ വാങ്ങിക്കൊടുത്തവർ നാമമാത്രമായ ഒരു വിശദീകരണം ഏഴുതിവാങ്ങി ഫാ. ഡോ. എം. ഒ. ജോണിന്റെ പേരിലുള്ള നടപടികൾ അവസാനിപ്പിക്കാനാണ് നീക്കമെന്നാണ് ആരോപണം.

തെറ്റിദ്ധാരണ ഉളവാക്കുന്ന തരത്തിൽ പെന്തിക്കോസ്തി ക്രമം പ്രസിദ്ധീകരിച്ചതിൽ ഫാ. ഡോ. എം. ഒ. ജോണിനെതിരെ നടപടി എടുക്കാത്തതിൽ കടുത്ത പ്രതിഷേധം ഉയർന്നതിനെ തുടർന്നാണ് നാമമാത്രമായെങ്കിലും ഒരു കാരണം കാണിക്കൽ നോട്ടീസ് നൽകാൻ നിർബന്ധിതമായത്.

*നാഗ്പൂർ - കോട്ടയം സെമിനാരികളുടെ സംയുക്ത ഫാക്കൽറ്റി തീരുമാനമനുസരിച്ച് ആരാധനക്രമങ്ങളുടെ ക്രമപ്പെടുത്തലിന്റെ ഭാഗമായാണ് പെന്തിക്കോസ്തി ശുശ്രൂഷാക്രമം പുനർക്രമീകരിച്ചത്. സുന്നഹദോസ് അംഗങ്ങളുടെയും വൈദികരുടെയും വിലപ്പെട്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അറിയുന്നതിനുവേണ്ടിയുള്ള പരിശ്രമത്തിന്റെ ഭാഗമായാണ്* ഇത് സഭാ പ്രസിദ്ധീകരണങ്ങൾക്ക് നൽകിയത്. ഈ കാര്യങ്ങളും *ഈ ശുശ്രൂഷാക്രമം അഭിപ്രായത്തിനായും നിർദ്ദേശങ്ങൾക്കുമായി പ്രസിദ്ധീകരിക്കുന്നുവെന്നും* ഈ ക്രമം പ്രസിദ്ധീകരിച്ച മറ്റൊരു സഭാ പ്രസിദ്ധീകരണമായ ഓർത്തഡോക്സ് ഹെറാൾഡ് ആമുഖമായി കൊടുത്തിട്ടുണ്ട്.

ഫാ. ഡോ. മാത്യു ബേബി എഴുതിയ ഈ ആമുഖത്തിനു പകരം മറ്റൊരു ആമുഖം ഫാ. ഡോ. എം. ഒ. ജോൺ മലങ്കരസഭാദീപത്തിൽ ചേർക്കുകയും കൂട്ടത്തിൽ തന്റെ പേര് കൊടുക്കുകയും ചെയ്തതാണ് സസ്പെൻഷന് കാരണമായിത്തീർന്നത്. മനഃപൂർവ്വം ഫാ. മാത്യു ബേബിയെ കുടുക്കാനാണ് അപ്രകാരം ചെയ്തതെന്നാണ് കോട്ടയം ഓർത്തഡോക്സ് സെമിനാരിയിലെ പല അദ്ധ്യാപകരും വിശ്വസിക്കുന്നത്. പെന്തിക്കോസ്തി ക്രമത്തിന്റെ പേരും പറഞ്ഞ് ഫാ. മാത്യു ബേബിയെ ക്രൂശിച്ചത് തികച്ചും തെറ്റാണെന്ന് കോട്ടയം ഓർത്തഡോക്സ് സെമിനാരിയിലെ ഒരദ്ധ്യാപകൻ *അൽമായവേദി*യോടു പറഞ്ഞു.

ഓഗസ്റ്റിൽ നടക്കുന്ന പ. സുന്നഹദോസിൽ തീരുമാനിക്കപ്പെടുംവരെ സസ്പെൻഡ് ചെയ്യുന്നുവെന്നാണ് കല്പനയിൽ പറഞ്ഞിരുന്നത്. 10 ദിവസത്തിനകം പരാതി ഉണ്ടെങ്കിൽ ബോധിപ്പിക്കാവുന്നതാണെന്നും പറഞ്ഞിരുന്നു.

ഓർത്തഡോക്സ് വൈദികസെമിനാരിയെ പൊതുജനമദ്ധ്യത്തിൽ അപഹാസ്യമാക്കുവാനുള്ള ചില ചുമന്ന കുപ്പായ മോഹികളുടെ പരിശ്രമത്തെ ഓർത്തഡോക്സ് അൽമായവേദി അപലപിച്ചു. സഭയുടെ ഹൃദയമായ വൈദിക സെമിനാരിയെ തകർക്കാനുള്ള ഗൂഢശ്രമങ്ങളെ തിരിച്ചറിയണമെന്ന് അൽമായവേദി അഭ്യർത്ഥിച്ചു.

# സ്വപ്നങ്ങൾ ബാക്കിവെച്ച്...

*(ഒന്നാം പേജിൽ നിന്നും)*

അവികസിതമായ ഇടുക്കി ഭദ്രാസനത്തിലേയ്ക്ക് ഔഗേൻ മാർ ദീവന്നാസ്യോസിനെ മെത്രാപ്പോലീത്തായായി അയയ്ക്കുമ്പോൾ പ. വട്ടക്കുന്നേൽ ബാവായുടെ പക്കൽനിന്നും അഭ്യസിച്ച ഭരണപാടവവും പ. വാകത്താനത്തു ബാവായുടെയും പ. വട്ടക്കുന്നേൽ ബാവായുടെയും അനുഗ്രഹവും മാത്രമായിരുന്നു കൈമുതൽ. ചുരുങ്ങിയ ഒന്നരവർഷം കൊണ്ട്, ഇടുക്കി പ്രമുഖ ഭദ്രാസനങ്ങളുടെ നിലയിൽ വന്നു. അരമന, കത്തീഡ്രൽ, അനേകം പള്ളികൾ എന്നിവ പുതുക്കിപ്പണിതു. മാർ ഗ്രീഗോറിയോസ് അബ്ദുൽ ജലീലിന്റെ നാമത്തിലുള്ള അരമന ചാപ്പൽ പണി പൂർത്തിയായി വരുന്നു.

കിഴക്കിന്റെ മഹാനായ കാതോലിക്കാ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായുടെ സമ്പൂർണ്ണകൃതികൾ പ്രസിദ്ധീകരിക്കുക എന്നതാണ് പൂർത്തിയാകാത്ത മറ്റൊരു സ്വപ്നം. 2007 മെയ് 2 ന് പഴയ സെമിനാരിയിൽ മാനേജിംഗ് കമ്മറ്റി യോഗത്തിനു ശേഷം മാർ ദീവന്നാസ്യോസ് ഈ ലേഖകനെ വിളിച്ചു വരുത്തി. പ. വട്ടക്കുന്നേൽ ബാവായുടെ സമ്പൂർണ്ണകൃതികൾ പ്രസിദ്ധീകരിക്കണമെന്ന് ആവശ്യപ്പെട്ടു. ലേഖനങ്ങൾ, കല്പനകൾ, പ്രസംഗങ്ങൾ, കോടതിമൊഴികൾ ഇവ ശേഖരിക്കണമെന്നും സമഗ്ര സംഭാവനകളെപ്പറ്റി ഒരു പഠനം ഈ ലേഖകൻ എഴുതണമെന്നും ഒരു വർഷത്തിനുള്ളിൽ പ്രസിദ്ധീകരിക്കണമെന്നും ആവശ്യപ്പെട്ടു. അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരികയായിരുന്നു. ഈ കൃതിയ്ക്ക് താൻ ഒരു പേര് കണ്ടിട്ടുണ്ടെന്നും അത് കൃതി പൂർത്തിയാകുമ്പോൾ പറയാമെന്നും അദ്ദേഹം അന്നു പറഞ്ഞു. ആ പേരും ഇന്ന് വാഴൂരിൽ നിത്യരഹസ്യമായി മാറി.

അദ്ദേഹത്തിന് പുഷ്പിക്കാത്ത മറ്റൊരു സ്വപ്നമായിരുന്നു ഇടുക്കിയുടെ ആദ്യത്തെ മെത്രാപ്പോലീത്തായും ഇപ്പോൾ അമേരിക്കാ ഭദ്രാസനാധിപനുമായ മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്തായുടെ ശിഷ്ടജീവിതകാലം ഇടുക്കി അരമനയിൽ കൊണ്ടുവന്ന് ശുശ്രൂഷിച്ച് താമസിപ്പിക്കണമെന്നും കാലം ചെയ്യുമ്പോൾ അദ്ദേഹത്തെ അവിടെ കബറടക്കണമെന്നും.

"അഞ്ചു വർഷത്തിനുള്ളിൽ ഇടുക്കിയെ മലങ്കരസഭയിലെ ഏറ്റവും മികച്ച ഭദ്രാസനമാക്കി മാറ്റും. അതിനുശേഷം ഞാൻ അവിടെനിന്നും സഭ നിശ്ചയിക്കുന്ന ഏതു സ്ഥലത്തേക്കും മാറും. ഭദ്രാസനത്തിൽ കെട്ടിപ്പിടിച്ചു കിടക്കാനൊന്നും ഞാനില്ല." ഈ ഏപ്രിൽ അവസാന വാരം വള്ളിക്കാട്ടു ദയറായിൽവച്ചു മാർ ദീവന്നാസ്യോസ് ഈ ലേഖകനോടു പറഞ്ഞതാണിത്. അഞ്ചു വർഷം തികയ്ക്കാതെ മാർ ദീവന്നാസ്യോസ് കടന്നുപോയപ്പോൾ 'മെത്രാൻ വാഴാത്ത ഭദ്രാസന'മെന്ന ദുഷ്പേരിന് ഇടുക്കി ഇരയാകുകയാണോ എന്ന സംശയം ബാക്കി നിൽക്കുന്നു.

# വിഭജനവാദികൾ സുന്നഹദോസിലേയ്ക്ക്

കോട്ടയം: സഭയെ ഏകപക്ഷീയമായി വീതം വെച്ച് ഒരു ഭാഗം പുത്തൻകുരിശു സൊസൈറ്റിക്ക് കൈമാറാൻ ശ്രമിക്കുന്ന മലങ്കരസഭയിലെ വിഭജനവാദികൾ തങ്ങളുടെ വിഭജനപദ്ധതി അടുത്ത എപ്പിസ്കോപ്പൽ സുന്നഹദോസിൽ സമർപ്പിക്കാൻ നീക്കം നടത്തുന്നു.

'വിശാല ഐക്യമെന്നും', 'സമാധാനപരമായ സഹവർത്തിത്വമെന്നും' പേരിട്ട് വിളിക്കുന്ന വിഭജനപദ്ധതി വർക്കിംഗ് കമ്മറ്റിയും ലീഗൽ സെല്ലും കൂട്ടുട്രസ്റ്റിമാരും തള്ളിക്കളഞ്ഞിരുന്നു. പുത്തൻകുരിശു സൊസൈറ്റിയിലെ ചിലരുമായി ഇവരിൽ ചിലർ ഇന്ത്യയിലും വിദേശത്തും വെച്ച് ചില രഹസ്യചർച്ചകളും നടത്തിയിരുന്നു.

എന്നാൽ ഈ ചർച്ചകൾക്ക് ഔദ്യോഗിക അംഗീകാരമില്ലെന്നും വിഭജനം സാദ്ധ്യമല്ലെന്നും സഭാകേന്ദ്രം അസന്നിഗ്ദമായി പ്രഖ്യാപിച്ചതോടെയാണ് വിഭജനവാദികൾ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിൽ ഈ വിഷയം അവതരിപ്പിക്കാൻ ശ്രമിക്കുന്നത്.

# സഭാഗാത്രം മുറിക്കപ്പെടാനുള്ളതല്ല

**തോമസ് ചാണ്ടി**

**(ജനറൽ സെക്രട്ടറി, ഓർത്തഡോക്സ് അൽമായവേദി)**

"ഏതൊരു പ്രശ്നത്തിനും ഏറ്റവും ലളിതവും, എളുപ്പമുള്ളതും ക്ലേശരഹിതവും......... അബദ്ധജഡിലവുമായ ഒരു പരിഹാരമാർഗ്ഗമുണ്ട്" എന്ന് ഒരു പ്രഗത്ഭനായ ചിന്തകൻ പറഞ്ഞത് പലയിടത്തും ഉദ്ധരിക്കപ്പെടാറുള്ളതാണ്. പ്രശ്നങ്ങൾ നിലനിൽക്കുന്ന പള്ളികൾ വിഭജനം എന്ന ഒറ്റമൂലികൊണ്ട് പരിഹരിക്കണമെന്ന് പരിഹാരം നിർദ്ദേശിക്കുമ്പോൾ അത് ലളിതവും എളുപ്പമുള്ളതും ക്ലേശരഹിതവും അതിനാൽത്തന്നെ അബദ്ധജഡിലവുമാണന്ന് പലരും മനസ്സിലാക്കുന്നു.

നിഷ്പക്ഷനായ, സുപ്രീംകോടതിയാൽ നിയോഗിതനായ പ്രഗത്ഭ ന്യായാധിപന്റെ മദ്ധ്യസ്ഥതയിലും മേൽനോട്ടത്തിലും വിമതർകൂടിയംഗീകരിച്ച തത്വങ്ങൾ പ്രകാരം നടത്തപ്പെട്ട മലങ്കര അസ്സോസിയേഷൻ യോഗത്തിൽ പോലും സഹകരിക്കാതെ സമാന്തരയോഗം കൂടി സഭയെ രണ്ടാക്കിയവർ ഏതെങ്കിലും മദ്ധ്യസ്ഥശ്രമത്തിൽ ന്യായമായ നിലപാട് എടുക്കുമെന്ന് പ്രതീക്ഷിക്കാനാവുമോ? താൽക്കാലികമായി ഉണ്ടാക്കിയ ധാരണകളെയും ക്രമീകരണങ്ങളെയും പോലും അതെഴുതിയ കടലാസിന്റെ വില കല്പിക്കാതെ ലംഘിച്ചവർ ഏതൊരു ധാരണയെയാണ് ബഹുമാനിക്കാൻ പോകുന്നത്? 1934 -ലെ ഭരണഘടനയെ അംഗീകരിക്കുന്നുവെന്ന് കോടതിയിൽ സത്യവാങ്മൂലം നൽകിയിട്ട് പുറത്തിറങ്ങി പുതിയ ഭരണഘടനയുണ്ടാക്കിയ മഹാപുരോഹിതന്മാർ നേതൃത്വം നൽകുന്ന വിഭാഗം നൽകുന്ന ഏത് ഉറപ്പിനാണ് പ്രസക്തിയുള്ളത്? ഇങ്ങനെ അനന്തമായി ഉയർത്താവുന്ന ചോദ്യങ്ങൾ ഒരുവശത്ത് നിൽക്കട്ടെ. മറ്റു ചില അടിസ്ഥാന പ്രശ്നങ്ങൾ അപഗ്രഥിക്കാം.

ഒന്നാമത്തെ അടിസ്ഥാനപ്രശ്നം, പള്ളികൾ ആരുടെയാണെന്നതാണ്. പള്ളികൾ സഭയുടേതാണ് - എന്നു വച്ചാൽ വിശ്വാസികളും നിയമാനുസൃതമായി സ്ഥാനമുള്ള വൈദികരും ചേരുന്ന സമൂഹത്തിന്റേത്. സഭ എന്നത് ജീവിച്ചിരിക്കുന്നവരും പരലോകപ്രാപ്തരും ചേർന്ന സമൂഹമാണെന്നത് വ്യക്തമാണല്ലോ. സഭ ഒന്നേയുള്ളു. പല കാലങ്ങളിൽ പലരും സഭ വിട്ടുപോയിട്ടുണ്ട്. ഭാവിയിലും അങ്ങനെ ഉണ്ടായിക്കൂടാ എന്നില്ല. അങ്ങിനെയുള്ള നിർഭാഗ്യകരമായ സംഭവങ്ങൾ ഉടലെടുക്കുമ്പോൾ ഇതുവരെ പള്ളികൾ ഭാഗം വച്ചിട്ടില്ല. കുടുംബങ്ങളിൽ സ്വരച്ചേർച്ചയില്ലായ്മയും അഭിപ്രായവ്യത്യാസവും ഉണ്ടാകുമ്പോൾ ഭാഗം വച്ചു പിരിയുന്നതുപോലെ അഭിപ്രായഭിന്നതയുണ്ടാകുമ്പോൾ പള്ളികൾ വിഭജിക്കാൻ തുടങ്ങിയാൽ അതൊരു അവസാനമില്ലാത്ത പ്രക്രിയയായി മാറും.

പള്ളികൾ ഭരിക്കപ്പെടുന്നതിന് ചില ക്രമങ്ങൾ ഉണ്ട് - ഇല്ലാതെ ഒരു പൊതു സ്ഥാപനത്തിനും നിലനിൽക്കാനാവില്ല. 1934 -ലെ ഭരണഘടനപ്രകാരം 1958 മുതൽ 1970 ന് ശേഷം വരെ ഭരിക്കപ്പെട്ടിരുന്ന പള്ളികൾ ഒരു സുപ്രഭാതത്തിൽ മറ്റൊരു ഭരണഘടന സ്വീകരിച്ച് പോയവർക്കു കൂടി അവകാശം കൊടുക്കണമെന്നു പറയുന്നത് യാതൊരുവിധത്തിലുള്ള യുക്തിക്കും ന്യായത്തിനും നിരക്കുന്നതല്ല. ലോകത്തെവിടെയും നടന്നിട്ടുള്ളതല്ല. സാമാന്യബുദ്ധിയുള്ളയാരും അങ്ങനെയൊന്ന് സാദ്ധ്യമാണെന്നു പോലും പറയില്ല. ഓർത്തഡോക്സ് സഭയിൽ നിന്നു തന്നെ പല വിഭാഗങ്ങളും - തൊഴിയൂർ, സി. എസ്. ഐ., മാർത്തോമ്മാ എന്നിങ്ങനെ - വിട്ടുപോയിട്ടുണ്ട്. മാർത്തോമ്മാസഭയിൽ നിന്ന് ബ്രദറൻ സഭയും സി. എസ്. ഐ. സഭയിൽ നിന്നും ആംഗ്ലിക്കൻ, സി. എം. എസ്. എന്നീ വിഭാഗങ്ങളും വിട്ടുപോയിട്ടുണ്ട്. അപ്പോഴൊന്നും പള്ളികൾ വിഭജിക്കപ്പെടണമെന്ന വാദം ഉയർന്നിട്ടില്ല. അതിനു കാരണം അപ്രകാരം വാദിക്കുന്നത് അസംബന്ധമാണെന്ന് ബന്ധപ്പെട്ടവർക്ക് അറിവുണ്ടായിരുന്നിട്ടാണ്- ഇന്നത്തെ പുത്തൻകുരിശു സൊസൈറ്റിക്കാരേക്കാൾ അറിവോ ബുദ്ധിയോ അവർക്ക് കുറവായിട്ടല്ല.

സമാനമായ മറ്റു ചില ഉദാഹരണങ്ങൾ കൂടി പരിശോധിക്കാം. കാശ്മീർ ഇന്ത്യയുടെ അവിഭാജ്യഭാഗമാണെന്ന തത്വത്തിനു വേണ്ടി ഇന്ത്യാ ഗവണ്മെന്റ് ഓരോ വർഷവും ചിലവഴിക്കുന്ന തുകയുണ്ടെങ്കിൽ പത്തു കാശ്മീറുകൾ സൃഷ്ടിക്കുവാൻ സാധിക്കും. എത്രയേറെ മനുഷ്യജീവനുകളാണ് അവിടെ ബലികഴിക്കപ്പെടുന്നത്? രാജ്യസ്നേഹിയായ ഏതെങ്കിലും ഇന്ത്യാക്കാരൻ കാശ്മീർ വിട്ടുകൊടുത്ത് പ്രശ്നം പരിഹരിച്ചുകൂടേ എന്ന് ചോദിക്കുമോ? ഒരു പ്രത്യേക കാലഘട്ടത്തിൽ പഞ്ചാബിലെ നല്ല സംഖ്യ ആളുകൾ ഖലിസ്ഥാനുവേണ്ടി നിലകൊണ്ടപ്പോഴും എത്രയേറെ വിലപ്പെട്ട ജീവനുകളും - പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടേതടക്കം - എത്രശതകോടി രൂപയും പഞ്ചാബ് പ്രശ്നത്തിൽ ബലികഴിക്കപ്പെട്ടു. പഞ്ചാബിന്റെ കുറെഭാഗം ഖലിസ്ഥാനു വിട്ടുകൊടുത്ത് പ്രശ്നം പരിഹരിക്കാമെന്ന് ഒരു രാജ്യസ്നേഹിയും അന്ന് പറഞ്ഞില്ലല്ലോ. ഇന്നത്തെ സ്ഥിതി എന്താണ്? ഖലിസ്ഥാൻ വാദം പഞ്ചാബിലെ ചെറു ന്യൂനപക്ഷം പോലും അംഗീകരിക്കുന്നില്ലല്ലോ. ഖലിസ്ഥാൻ വാദം കൊടികെട്ടിവാണിരുന്ന കാലത്ത് സമാധാനത്തിനുവേണ്ടി അത് ഭാഗികമായി അംഗീകരിക്കുക എന്ന അടിസ്ഥാനപരമായ അബദ്ധം പ്രവർത്തിച്ചിരുന്നെങ്കിൽ ഇന്ന് യാഥാർത്ഥ്യം മനസ്സിലാക്കിയവർക്ക് അത് തിരുത്തുവാനാവില്ലായിരുന്നല്ലോ. വടക്കുകിഴക്കൻ ഇന്ത്യയിലെ ദശാബ്ദങ്ങളായ വിഘടനവാദവും വിഭജനത്തിലൂടെ പരിഹരിക്കാത്തത് ഭരണാധികാരികൾ ബുദ്ധിശൂന്യരായതുകൊണ്ടല്ലല്ലോ. ശ്രീലങ്കയിൽ തമിഴ് ഈഴത്തിനു വേണ്ടിയുള്ള പോരാട്ടവും, പാക്കിസ്ഥാനിലെ സിന്ധ്, വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ എന്നിങ്ങനെയുള്ള പ്രശ്നങ്ങളും സമാനമായവ തന്നെ.

യഥാർത്ഥ വസ്തുതകൾ മനസ്സിലാക്കി, മുൻപ് പാത്രിയർക്കീസ് വിഭാഗത്തിൽ നിലകൊണ്ടിരുന്ന ഒരു വലിയ വിഭാഗം ഇന്ന് ഓർത്തഡോക്സ് സഭയുടെ നിലപാടാണ് ശരിയെന്ന ബോദ്ധ്യത്തിലെത്തിയിട്ടുണ്ട്. അപൂർവ്വം ചില ഓർത്തഡോക്സ് സഭാംഗങ്ങൾ വിഘടിത വിഭാഗത്തിലേയ്ക്കും ചേക്കേറിയിട്ടുണ്ട്. വിഭജനം നടന്നാൽ അതിനു ശേഷമുള്ള ഇത്തരം മാറ്റങ്ങളെ എങ്ങിനെ കൈകാര്യം ചെയ്യാനാവും?

ഈ വിധത്തിലുള്ള അനേകം സമസ്യകൾ നിലനിൽക്കേ "വിഭജിച്ചു പിരിയുക" എന്ന ലളിതവും എളുപ്പവും ക്ലേശരഹിതവുമായ അബദ്ധത്തിൽ ചെന്നു ചാടണമെന്ന് ചിന്തിക്കുന്ന ആർക്കും പറയാനാവില്ല. കുഞ്ഞിനെ മുറിക്കുവാൻ പെറ്റമ്മക്ക് സാധിക്കയില്ലെന്നും വ്യാജക്കാരിയായ അമ്മക്ക് സാധിക്കുമെന്നുമുള്ള ശലോമോൻ രാജാവിന്റെ വിജ്ഞാനം ഏവരുടേയും കണ്ണു തുറപ്പിക്കേണ്ടതാണ്. ഇന്ത്യ മുഴുവൻ ഒന്നിലേറെ പ്രാവശ്യം സംഘർഷമുഖരിതമാക്കിയ അയോദ്ധ്യ പ്രശ്നത്തിനു പോലും നീതിപീഠത്തിന്റെ തീർപ്പ് ഉഭയകക്ഷികൾക്കും സ്വീകാര്യമെങ്കിൽ അതിലെത്രയോ ചെറിയ മാനങ്ങളുള്ള ഓർത്തഡോക്സ് സഭയിലെ പ്രശ്നങ്ങൾക്കും നീതിപീഠത്തിന്റെ തീർപ്പ് എന്തുകൊണ്ട് സ്വീകാര്യമല്ലെന്ന് ഒരു വിഭജനവാദിയും ഇതുവരെ പറഞ്ഞിട്ടില്ല.

# വിഭജനവാദികൾക്ക് വീണ്ടും തിരിച്ചടി

കോട്ടയം: മലങ്കരസഭയെ വീതം വെച്ച് ഒരു വിഭാഗം പുത്തൻകുരിശു സൊസൈറ്റിക്കു സമ്മാനമായി നൽകാൻ കോട്ടയം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന വിഭജനവാദികൾക്ക് വീണ്ടും തിരിച്ചടി കിട്ടി. തങ്ങൾക്കു വേണ്ടി അഹോരാത്രം പണിയെടുക്കുന്ന മലങ്കരസഭയിലെ അഞ്ചാംപത്തികളെ ഒഴിവാക്കി പുത്തൻകുരിശു സൊസൈറ്റി ഓർത്തഡോക്സ് സഭാനേതൃത്വവുമായി നേരിട്ട് പുനരൈക്യചർച്ച ആരംഭിച്ചത് വിഭജനവാദികളെ ഞെട്ടിപ്പിച്ചിട്ടുണ്ട്.

മലങ്കരസഭയിൽ 1958 -നു ശേഷം പുനസംയോജനം നടത്തിയവർ വിശ്വാസയോഗ്യരല്ലെന്നും അവരെ പുറംതള്ളണമെന്നുമായിരുന്നു വിഭജനവാദികളുടെ സമീപകാല ആവശ്യം. അവർക്കെതിരായി ശക്തമായ വികാരം സഭയിൽ അലയടിക്കുന്നു എന്നായിരുന്നു സഭയുടെ പല ഉയർന്ന സ്ഥാനങ്ങളിലും ഇരിക്കുന്ന ഇവർ പ്രചരിപ്പിച്ചു വന്നത്. എന്നാൽ ജനം ഈ വാദം തള്ളിക്കളയുകയും സഭാ സ്ഥാനങ്ങളിലിരുന്നുകൊണ്ട് സഭയ്ക്കെതിരായി പ്രവർത്തിക്കുന്നതിനെ ചോദ്യം ചെയ്യുകയും ചെയ്തതോടെയാണ് വിഭജനവാദികൾക്ക് ആദ്യ തിരിച്ചടി ലഭിച്ചത്.

തങ്ങൾക്ക് അനുകൂലമല്ലാത്ത നിലപാടെടുത്ത വർക്കിംഗ് കമ്മറ്റിയെയും കൂട്ടുട്രസ്റ്റികളെയും ഒഴിവാക്കി തങ്ങളാണ് സഭ എന്ന രീതിയിൽ നീക്കം നടത്തുന്നതിനും വിഭജനവാദികൾ ശ്രമിച്ചു വന്നിരുന്നു. നേരത്തെ കൂട്ടുട്രസ്റ്റികളും വർക്കിംഗ് കമ്മറ്റിയും വിഭജനത്തിനെതിരായ കടുത്ത നിലപാട് സ്വീകരിച്ചത് ഇവരെ ചൊടിപ്പിച്ചിരുന്നു.

# ജുഡീഷ്യറിക്കെതിരെയുള്ള തോമസ് പ്രഥമന്റെ പരാമർശനങ്ങൾ അപലനീയം: അൽമായവേദി

കോട്ടയം: നീതിന്യായവ്യവസ്ഥയുടെ അടിസ്ഥാനഘടകമായ കോടതികൾക്കെതിരെ മണർകാടുവച്ചും പുത്തൻകുരിശിൽ വച്ചും തോമസ് പ്രഥമൻ നടത്തിയതായി മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തിരിക്കുന്ന പ്രസ്താവനകൾ ഒരു പൗരോഹിത്യസ്ഥാനിക്ക് യോജിക്കുന്നതല്ല എന്ന് അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി വിലയിരുത്തി. കോട്ടയത്തു ചേർന്ന സെക്രട്ടറിയേറ്റ് യോഗമാണ് ഈ വിലയിരുത്തൽ നടത്തിയത്. ജഡ്ജിയുടെ വീടിനു മുന്നിൽ പ്രാർത്ഥനായജ്ഞം നടത്തും എന്ന ഭീഷണി പരിഹാസ്യവും ക്രൈസ്തവർക്കു മൊത്തം നാണക്കേടുണ്ടാക്കുന്നതുമാണെന്ന് അൽമായവേദി അഭിപ്രായപ്പെട്ടു. മുൻകാല അനുഭവങ്ങൾ വച്ചു നോക്കിയാൽ പ്രാർത്ഥനായജ്ഞം ഒരു സമരമുറയായും ക്രമസമാധാന പ്രശ്നമായും മാറുവാനാണ് സാദ്ധ്യത. നീതിന്യായ വ്യവസ്ഥയിൽ വിശ്വസിക്കുന്ന ഏവരും ഒറ്റക്കെട്ടായി ഇത്തരം പ്രസ്താവനകളെ അപലപിക്കണം.

1934 -ലെ ഭരണഘടനയനുസരിച്ച് ഇടവകപ്പള്ളികളുടെ സ്വത്തുക്കൾ ആർക്കും പിടിച്ചെടുക്കാനാവില്ലെന്നും മറിച്ചുള്ള പുത്തൻകുരിശു സൊസൈറ്റിയുടെ പ്രചരണം തെറ്റിദ്ധരിപ്പിക്കാനുള്ളതാണെന്നും അൽമായവേദി ചൂണ്ടിക്കാട്ടി. വിഘടിത വിഭാഗത്തിന്റെ സ്വത്തുക്കൾ ഓർത്തഡോക്സ് സഭ പിടിച്ചെടുക്കാൻ ശ്രമിക്കുന്നുവെന്ന തമ്പു ജോർജ് തുകലന്റെ പ്രസ്താവന 1934 -ലെ ഭരണഘടനയെപ്പറ്റിയുള്ള അജ്ഞതയാണ് വെളിപ്പെടുത്തുന്നതെന്ന് അൽമായവേദി സെക്രട്ടറിയേറ്റ് പ്രസ്താവിച്ചു.

1934 -ലെ ഭരണഘടനയനുസരിച്ച് ഇടവകപ്പള്ളികളും, ഭദ്രാസനവും മലങ്കരസഭയുടെ പൊതുസ്വത്തുക്കളാണ്. അവയെ അതാതുതലത്തിലുള്ള ഭരണസംവിധാനങ്ങളാണ് നിയന്ത്രിക്കുന്നത്. ഇതിൽ കൈകടത്താൻ മറ്റാർക്കും അധികാരമില്ല. സ്വത്തുക്കൾ പിടിച്ചടക്കാനോ ദുർവ്യയം ചെയ്യാനോ ആർക്കും അധികാരവുമില്ല.

2002 -ലോ മറ്റേതെങ്കിലും വർഷമോ ഭരണഘടന ഉണ്ടാക്കാനോ, സഭ സ്ഥാപിക്കുവാനോ ആർക്കും അവകാശമുണ്ട് പക്ഷേ മറ്റൊരു നിയമത്താൽ ഭരിക്കപ്പെടുന്ന സ്ഥാപനങ്ങളോ സ്വത്തുക്കളോ അവയ്ക്കു കീഴിൽ കൊണ്ടുവരാൻ നിയമം അനുവദിക്കുന്നില്ലെന്ന് അൽമായവേദി ചൂണ്ടിക്കാട്ടി.

# ശവസംസ്കാര ശുശ്രൂഷാക്രമങ്ങൾ പരിഷ്കരിക്കണമെന്ന് മാർ ഒസ്താത്തിയോസ്

**അൽമായവേദി ന്യൂസ് സർവ്വീസ്**

നിലവിലുള്ള ശവസംസ്കാരശുശ്രൂഷക്രമങ്ങളിൽ പ്രത്യാശയില്ലാത്ത പ്രാർത്ഥനകളാണുള്ളതെന്നും അവ നീക്കം ചെയ്ത് പ്രാർത്ഥനാക്രമം പരിഷ്കരിക്കണമെന്നും മലങ്കര ഓർത്തഡോക്സ് സഭയിലെ സീനിയർ മെത്രാപ്പോലീത്തായായ ഗീവർഗീസ് മാർ ഒസ്താത്തിയോസ് ആവശ്യപ്പെട്ടു. വള്ളിക്കാട്ട് ദയറായിൽ ഔഗേൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ കബറടക്ക ശുശ്രൂഷകൾ ആരംഭിക്കുന്നതിനു മുമ്പ് നടന്ന അനുസ്മരണപ്രസംഗങ്ങൾക്ക് ഇടയിലാണ് മെത്രാപ്പോലീത്താ മൈക്ക് വാങ്ങി ആവേശപൂർവ്വം ഈ പ്രസ്താവന നടത്തിയത്.

ആരാധനാ പരിഷ്കരണ കമ്മറ്റികൾ സുന്നഹദോസ് തീരുമാനപ്രകാരം വർഷങ്ങളായി പ്രവർത്തിക്കുന്നുണ്ടെങ്കിലും കാര്യമായ പുരോഗതി ഇതുവരെ ഉണ്ടായിട്ടില്ല. ചെന്നൈ ഭദ്രാസനാധിപൻ യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ മാത്രമാണ് ഈ രംഗത്ത് ഇപ്പോൾ എന്തെങ്കിലും തന്നാലാവുന്നത് ചെയ്യുന്നത്. ഇംഗ്ലീഷിലേക്ക് സ്ലീബാ നമസ്കാരവും മറ്റും അദ്ദേഹം പരിഭാഷപ്പെടുത്തിയതു കൂടാതെ സന്യാസികളുടെ (ആശ്രമസ്ഥരുടെ) ശവസംസ്കാര ശുശ്രൂഷാക്രമം എന്നൊരു പുതിയ ക്രമം അദ്ദേഹം രചിച്ചത് ശ്രേഷ്ഠാനുമതിയോടെ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം ഇംഗ്ലീഷിലേക്ക് തർജമ ചെയ്ത ഞായറാഴ്ചയിലെ സ്ലീബാ പ്രഭാത നമസ്കാരം അമേരിക്കയിലെ പല പള്ളികളിലും ഉപയോഗിക്കുന്നുണ്ടെങ്കിലും ഇതുവരെയും ശ്രേഷ്ഠാനുമതിയോടെ പ്രസിദ്ധപ്പെടുത്തിയതായി അറിവില്ല. പ. വട്ടശ്ശേരിൽ തിരുമേനിയെ പരിശുദ്ധനായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച ശുശ്രൂഷാക്രമം തയ്യാറാക്കിയതും ഐറേനിയോസ് മെത്രാപ്പോലീത്താ ആയിരുന്നു.

സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണ വിഭാഗത്തിന്റെ ചുമതല വഹിച്ചുകൊണ്ടും പല കാര്യങ്ങളും ചെയ്യാൻ അദ്ദേഹം ശ്രമിച്ചിരുന്നെങ്കിലും അതിന്റെ സെക്രട്ടറിയുടെ അഴിമതിക്ക് കൂട്ടുനിൽക്കാൻ കഴിയാഞ്ഞിട്ടാണെന്നു തോന്നുന്നു കഴിഞ്ഞ സുന്നഹദോസിൽ ആ സ്ഥാനത്തുനിന്നും മാറി. പകരം നിയമിക്കപ്പെട്ടയാൾക്ക് ഈ മേഖലയിൽ കാര്യമായി യാതൊന്നും ചെയ്യുവാൻ കഴിയുന്നയാളല്ല എന്നാണ് പൊതുവെയുള്ള പറച്ചിൽ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ നിർദ്ദേശം സ്വീകരിച്ച് ശവസംസ്കാര ശുശ്രൂഷക്രമങ്ങളും, പൗരസ്ത്യ ഓർത്തഡോക്സ് വിശ്വാസത്തിനും വേദശാസ്ത്രത്തിനും നിരക്കാത്ത ദുഃഖവെള്ളിയാഴ്ച ശുശ്രൂഷയിലെ പ്രാർത്ഥനകളും മറ്റും പരിഷ്കരിക്കണമെന്ന് സഭാവിശ്വാസികൾ ഒന്നടങ്കം ആഗ്രഹിക്കുന്നു.

# പന്ത്രണ്ടാം വാർഷികത്തിൽ സുപ്രധാന വിധി

തൃശൂർ: 1995 -ലെ സുപ്രീംകോടതി വിധിയുടെ 12-ാം വാർഷികദിനമായ 2007 ജൂൺ 20 നാണ് തൃശൂർ ഭദ്രാസനത്തിൽപെട്ട ചുവന്നമണ്ണ് പള്ളിക്കേസ് ജില്ലാക്കോടതി വിധിച്ചത്.

1995, 2002, 2007 വർഷങ്ങളിലെ സുപ്രീംകോടതിവിധിയുടെ അടിസ്ഥാനത്തിൽ മദ്ധ്യവേനലവധിക്കു ശേഷം കോടതി തുറന്നിട്ട് ആദ്യമുണ്ടാകുന്ന വിധിയാണിത്. ഇടവകപള്ളികൾക്ക് 1934 ലെ ഭരണഘടന ബാധകമാണെന്ന ഈ വിധിക്ക് ദൂരവ്യാപക ഫലങ്ങളുണ്ട്.

2007 -ലെ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ കോടതികൾ അവധിക്കു ശേഷം തുറക്കുമ്പോൾ കേസുകളുടെ പരമ്പര ഉണ്ടാകുമെന്ന് *അൽമായവേദി* നേരത്തെ റിപ്പോർട്ട് ചെയ്തിരുന്നു.

വിധി നടപ്പാക്കുമെന്നും, എന്നാൽ ഒന്നിനും തിരക്കു കൂട്ടില്ലെന്നും തൃശൂർ ഭദ്രാസനകേന്ദ്രം വ്യക്തമാക്കി.

# ഡിസംബർ 21 -ന് നിരണം തീർത്ഥാടനം സംഘടിപ്പിക്കണം: അൽമായവേദി

കോട്ടയം: പ. മാർത്തോമ്മാ ശ്ലീഹാ കുന്തമേറ്റ ഡിസംബർ 21 -ന് നിരണം പള്ളിയിലേയ്ക്ക് അഖില മലങ്കര അടിസ്ഥാനത്തിൽ തീർത്ഥയാത്രകൾ സംഘടിപ്പിക്കാൻ സഭാ നേതൃത്വവും, പ. സുന്നഹദോസും തയ്യാറാകണമെന്ന് അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി ആവശ്യപ്പെട്ടു.

കത്തോലിക്കാസഭ ഒരു പുതിയ പള്ളി വച്ച് നിരണം പള്ളിയുടെ പൗരാണികതയേയും മാർത്തോമ്മാശ്ലീഹായുടെ പാദസ്പർശനത്തെയും അവരുടെ സ്വന്തമാക്കാനുള്ള നീക്കം സഭാനേതൃത്വം കണ്ടില്ലെന്നു നടിക്കരുതെന്ന് അൽമായവേദി സെക്രട്ടറിയേറ്റ് പ്രസ്താവനയിൽ പറഞ്ഞു.

# ലീഗൽ സെൽ പുനഃസംഘടനാ നീക്കം പാളി

കോട്ടയം: സഭയുടെ കേസു നടത്തിപ്പിനുള്ള ലീഗൽ സെൽ പുനഃസംഘടിപ്പിക്കേണ്ടതില്ലെന്നും നിലവിലുള്ള വക്കീലന്മാർ നിയമോപദേശം നൽകിയാൽ മതിയെന്നും പ. കാതോലിക്കാ ബാവാ പ്രഖ്യാപിച്ചു. ജൂലൈ രണ്ടിന് നടന്ന ലീഗൽ സെൽ യോഗത്തിലാണ് ഈ തീരുമാനം പ്രഖ്യാപിച്ചത്. ഇതോടെ ലീഗൽ സെൽ പുനഃസംഘടിപ്പിക്കാനുള്ള പുതിയ സെക്രട്ടറിയുടെ ശ്രമം വീണ്ടും പരാജയപ്പെട്ടു.

തനിക്ക് അനഭിമിതരായവരെ പുറത്താക്കാനും തിരഞ്ഞെടുപ്പിൽ സഹായിച്ച ഏതാനും വക്കീലന്മാരെ സഹായിക്കുവാനുമായിയാണ് ലീഗൽ സെൽ പുനഃസംഘടിപ്പിക്കാൻ സെക്രട്ടറി ശ്രമിക്കുന്നതെന്ന് ആരോപണമുയർന്നിരുന്നു. നേരത്തെ വർക്കിംഗ് കമ്മറ്റിയിൽ ഈ ആവശ്യം ഉന്നയിച്ചിരുന്നെങ്കിലും അവർ തള്ളിക്കളഞ്ഞിരുന്നു. ഏതാണ്ട് ഒരു മാസക്കാലമായി സെക്രട്ടറി ലീഗൽ സെൽ പുനഃസംഘടിപ്പിക്കാൻ ശ്രമിച്ചു വരികയായിരുന്നു. എന്നാൽ നിയുക്ത കാതോലിക്കായും കേസുകളുടെ ചുമതലകളുള്ള അഡ്വ. പി. ജി. ജേക്കബും നീക്കത്തെ എതിർത്തതിനാൽ പുനഃസംഘടനാ നീക്കം നടക്കാതെ വന്നു. തുടർന്ന് ജൂലൈ രണ്ടിന് ലീഗൽ സെൽ വിളിച്ചുകൂട്ടി. തന്നെക്കൂടി ഉൾപ്പെടുത്തണമെന്ന സെക്രട്ടറിയുടെ ആവശ്യം ലീഗൽസെൽ അംഗങ്ങൾ തള്ളിക്കളഞ്ഞതായി അറിയുന്നു. നിലവിലുള്ള സംവിധാനത്തിൽ സെക്രട്ടറി ലീഗൽ സെൽ അംഗമല്ല.

തന്റെ തിരഞ്ഞെടുപ്പ് സമയത്ത് സഭാകേസുകളുടെ നടത്തിപ്പ് ചുമതല നൽകാമെന്ന് വാഗ്ദാനം കൊടുത്ത വക്കീലന്മാരായ മാനേജിംഗ് കമ്മറ്റിയംഗങ്ങളെ തിരുകി കയറ്റാനാണ് പുനഃസംഘടനയ്ക്കു ശ്രമിച്ചതെന്നാണ് പിന്നാമ്പുറ സംസാരം.

ഇതിനിടെ മെയ് 31-നു കൂടിയ വർക്കിംഗ് കമ്മറ്റി കേസുകളുടെ പുരോഗതി വിലയിരുത്താൻ കൂട്ടു ട്രസ്റ്റിമാരെയും വർക്കിംഗ് കമ്മറ്റിയംഗമായ ഫാ. ഏലിയാസ് ചെറുകാടിനെയും ചുമതലപ്പെടുത്തുകയും അതനുസരിച്ച് അവർ ആദ്യഘട്ട നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

# ഇടുക്കി ഭദ്രാസനത്തിന് അഡ്മിനിസ്ട്രേറ്ററെ നിയമിക്കാനുള്ള നീക്കം പാളി

കുമളി: ഇടുക്കി ഭദ്രാസനത്തിന് അഡ്മിനിസ്ട്രേറ്ററായി പത്തനംതിട്ട സ്വദേശിയായ ഫാ. സൈമൺ സ്കറിയായെ നിയമിക്കാനുള്ള നീക്കം രൂക്ഷമായ എതിർപ്പിനെ തുടർന്ന് തകർന്നു. കഴിഞ്ഞ അസോസിയേഷൻ സെക്രട്ടറി തെരഞ്ഞെടുപ്പിൽ തനിക്കുവേണ്ടി സജീവ പ്രചരണ രംഗത്ത് ഇറങ്ങിയിരുന്ന ഫാ. സൈമൺ സ്കറിയായെ നിയമവിരുദ്ധമായി ഒരു പുതിയ പദവി സൃഷ്ടിച്ച് അതിൽ നിയമിക്കാൻ അസോസിയേഷൻ സെക്രട്ടറി നടത്തിയ ശ്രമമാണ് വിവിധ ഭാഗങ്ങളിൽ നിന്നുണ്ടായ രൂക്ഷമായ എതിർപ്പിനെ തുടർന്ന് പിൻവലിക്കേണ്ടി വന്നത്. തൽക്കാലം ഇടുക്കി അരമന മാനേജർ എന്ന പദവി ഫാ. സൈമൺ സ്കറിയായ്ക്കു നൽകി സെക്രട്ടറി തടിയൂരിയതായാണ് അറിവ്.

മലങ്കരസഭാ ഭരണഘടനപ്രകാരം മെത്രാപ്പോലീത്താമാർ ഇല്ലാതെ വരുന്ന ഭദ്രാസനം മലങ്കര മെത്രാപ്പോലീത്താ ഏറ്റെടുക്കുകയാണ് പതിവ്. ചിലപ്പോൾ സമീപ ഭദ്രാസനത്തിലെ മെത്രാപ്പോലീത്തായെ സഹായ മെത്രാപ്പോലീത്തായായി നിയമിക്കാറുമുണ്ട്. ഇതിന് പകരമായി ഇടുക്കി ഭദ്രാസനാംഗമോ ആ ഭദ്രാസനത്തിൽ സേവനം അനുഷ്ഠിക്കുന്ന വൈദികനോ അല്ലാത്ത ഫാ. സൈമൺ സ്കറിയായെ അഡ്മിനിസ്ട്രേറ്ററായി നിയമിച്ച് ഇടുക്കി ഭദ്രാസനച്ചുമതല ഏല്പിക്കാനായിരുന്നു നീക്കം. എന്നാൽ സഭയിലെ തെരഞ്ഞെടുക്കപ്പെട്ട ചില സ്ഥാനികൾ ഈ നീക്കത്തെ രൂക്ഷമായി എതിർക്കുകയും ഇപ്രകാരമൊരു പദവിക്ക് ഭരണഘടനാപരമായ നിലനിൽപ്പില്ല എന്ന് വ്യക്തമാക്കുകയും ചെയ്തതോടെയാണ് അരമന മാനേജർ സ്ഥാനം നൽകി മുഖം രക്ഷിച്ചത്.

കഴിഞ്ഞ തെരഞ്ഞെടുപ്പിൽ പുതിയ അസോസിയേഷൻ സെക്രട്ടറിയെ പരസ്യമായി സഹായിച്ച വ്യക്തിയാണ് ഫാ. സൈമൺ സ്കറിയാ. അടുത്ത മെത്രാൻ തെരഞ്ഞെടുപ്പിൽ ഇദ്ദേഹത്തെ ഔദ്യോഗിക ലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഈ നിയമവിരുദ്ധ നിയമനം നടത്തിയതെന്ന് ആരോപണമുണ്ട്. ഇടുക്കി ഭദ്രാസനത്തിൽ യോഗ്യരായ അനേകം വൈദികരുള്ളപ്പോൾ പുറത്തുനിന്ന് ഒരാളെ പ്രതിഷ്ഠിച്ചതിൽ ഇടുക്കി ഭദ്രാസനത്തിലെ വൈദികർക്കിടയിൽ ശക്തമായ പ്രതിഷേധം ഉയർന്നിട്ടുണ്ട്.

“കഴിഞ്ഞ രണ്ടരവർഷം കൊണ്ട് ഔഗേൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ഇടുക്കി ഭദ്രാസനത്തിനുണ്ടാക്കിയ വളർച്ച ഇല്ലാതാക്കാനേ ഈ നിയമനം ഉപകരിക്കൂ. അദ്ദേഹത്തിന്റെ ആത്മാവുപോലും ഇടുക്കി ഭദ്രാസനത്തോടു ചെയ്യുന്ന ഈ ദ്രോഹം പൊറുക്കില്ല.” ഇടുക്കി ഭദ്രാസനത്തിലെ ഒരു വൈദികൻ രോഷാകുലനായി *അൽമായവേദി*യോടു പറഞ്ഞു. പുതിയ സെക്രട്ടറിയുടെ രഹസ്യ അജൻഡ നടപ്പാക്കാൻ ഇടുക്കി ഭദ്രാസനത്തെ കരുവാക്കുകയാണെന്നും അദ്ദേഹം ആരോപിച്ചു.

ഇതിനിടെ ശ്രേഷ്ഠ നിയുക്ത കാതോലിക്കാ, സെക്രട്ടറിയുടെ മാത്രം അഭിപ്രായമനുസരിച്ചാണ് പ്രവർത്തിക്കുന്നതെന്നും തെരഞ്ഞെടുക്കപ്പെട്ട സ്ഥാനികളെയോ സമിതികളെയോ വിശ്വാസത്തിലെടുക്കുന്നില്ലെന്നും ആരോപണം ഉയർന്നിട്ടുണ്ട്.

# സഭയിൽ നിന്ന് ജനങ്ങൾ പിണങ്ങിപ്പോകുന്നതിന്റെ കാരണം സ്കൂളും കോളജുകളുമെന്ന് സഭാ സെക്രട്ടറി

കോട്ടയം: സഭാംഗങ്ങൾ സഭയിൽ നിന്നും പിണങ്ങിപ്പോകുന്നതിന്റെ പ്രധാന കാരണം സഭയിലെ സ്കൂളുകളിലും കോളജുകളിലും അഡ്മിഷൻ കിട്ടാതെ വരുന്നതുകൊണ്ടാണെന്ന് സഭാ സെക്രട്ടറി ജോർജ് ജോസഫ് പറഞ്ഞു. ഓർത്തഡോക്സ് സെമിനാരിയിലെ സോഫിയാ സെന്ററിൽ നടന്ന അത്മായ നേതൃത്വ പരിശീലന കളരിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സഭാ മാനേജ്മെന്റിലുള്ള സ്കൂളിൽ അദ്ധ്യാപക ജോലിക്കായി അപേക്ഷിച്ചിട്ട് തനിക്കുണ്ടായ തിക്താനുഭവങ്ങൾ അദ്ദേഹം പ്രസംഗത്തിൽ വിശദീകരിച്ചു.

**രാവിലെ പത്രം നോക്കിയിട്ടും പത്രങ്ങളുടെ ഇന്റർനെറ്റ് എഡിഷൻ പരതിയിട്ടും മലങ്കരസഭാ വാർത്തകളൊന്നും കണ്ടില്ലേ? നിരാശപ്പെടേണ്ട. മലങ്കരസഭാ വാർത്തകളറിയാൻ മലങ്കര ഓർത്തഡോക്സ് ടി. വി. സ്ഥിരമായി സന്ദർശിച്ചുകൊണ്ടിരിക്കുക. മലങ്കര ഓർത്തഡോക്സ് ടി. വി. നൽകുന്ന വാർത്തകൾ മറ്റൊരിടത്തു നിന്നും നിങ്ങൾക്ക് വായിക്കാൻ സാധിക്കുകയില്ലെന്ന കാര്യവും ഓർക്കുക. നിങ്ങൾക്ക് ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ഷൻ ഉണ്ടെങ്കിൽ മലങ്കര ഓർത്തഡോക്സ് ടി. വി. നിങ്ങൾക്ക് ശരിയായി പ്രയോജനപ്പെടുത്താൻ സാധിക്കും. മലങ്കര സഭാ സംബന്ധമായ വാർത്തകൾ തത്സമയം കേൾക്കുവാനും, വായിക്കുവാനും സഭാ പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ, സി. ഡി. കൾ, പാട്ടുകൾ എന്നിവ സൗജന്യമായി ഡൗൺലോഡ് ചെയ്യുവാനും ഇപ്പോൾ സാധിക്കുന്നു.**

**മലങ്കര ഓർത്തഡോക്സ് ടി. വി.**

സന്ദർശിച്ചുകൊണ്ടിരിക്കുക

**www.malankaraorthodox.tv/**

# ആദരാഞ്ജലികൾ

## ഫാ. സി. ജെ. ജോർജ്, തുമ്പമൺ



തുമ്പമൺ, ബാഹ്യകേരള ഭദ്രാസനങ്ങളിൽ ദീർഘകാലം സേവനമനുഷ്ഠിച്ച ഫാ: സി. ജെ. ജോർജ് ദിവംഗതനായി. റിട്ടയർ ചെയ്തശേഷം കോട്ടയത്ത് പുത്തനങ്ങാടിയിൽ വിശ്രമജീവിതം നയിക്കുകയായിരുന്നെങ്കിലും സഭാകാര്യങ്ങളിൽ സജീവ താല്പര്യം പ്രകടിപ്പിച്ചിരുന്നു. ഉജ്ജ്വല വാഗ്മി, ഗാംഭീര്യമാർന്ന എഴുത്തുകാരൻ തുടങ്ങിയ ബഹുമുഖ കർമ്മമണ്ഡലത്തിൽ സജീവ സാന്നിദ്ധ്യമായിരുന്നു ജോർജ്ജ് അച്ചൻ.

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ ഒരു ഉത്തമ സുഹൃത്തും വഴികാട്ടിയുമായിരുന്നു. അൽമായവേദിയിലും മറ്റു പല സഭാസംബന്ധിയായ പ്രസിദ്ധീകരണങ്ങളിലും അദ്ദേഹത്തിന്റെ തൂലിക ശക്തമായ സാന്നിദ്ധ്യമായിരുന്നു. അൽമായവേദിക്കായി ഒരു ലേഖനം എഴുതിയിട്ടുണ്ടെന്നും അതിന് ചില മിനുക്കുപണികൾ മാത്രം ബാക്കിയാണെന്നും മരണത്തിന് ഏതാനും ദിവസങ്ങൾ മുമ്പേ അദ്ദേഹം അറിയിച്ചിരുന്നു. അൽമായവേദി പ്രവർത്തകർ പ്രസിഡന്റ് കെ. വി. ഏബ്രഹാം, ജനറൽ സെക്രട്ടറി തോമസ് ചാണ്ടി, സെക്രട്ടറി ഫീലിപ്പോസ് പോട്ടക്കാവയലിൽ, മാത്യൂസ് തൈപ്പറമ്പൻ, ജോർജ്ജ് മാത്യു ചക്കാലപ്പറമ്പിൽ എന്നിവരുടെ നേതൃത്വത്തിൽ ശവസംസ്ക്കാര ശുശ്രൂഷയിൽ സംബന്ധിച്ച് റീത്ത് സമർപ്പിച്ച് അനുശോചനമറിയിക്കുകയും ചെയ്തു.

## ശോശാമ്മ വർഗ്ഗീസ്, തുമ്പമൺ



പ്രസാർഭാരതി ഡയറക്ടർ ബോർഡംഗമായ ജോർജ് വർഗ്ഗീസിന്റെ (തുമ്പമൺ വലിയ വീട്ടിൽ ബഥാന്യ കുടുംബാംഗം, ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മറ്റിയംഗം) പത്നി ശ്രീമതി ശോശാമ്മ വർഗ്ഗീസിന്റെ നിര്യാണത്തിൽ അൽമായവേദിയുടെ അനുശോചനം രേഖപ്പെടുത്തുന്നു. പരേത കോട്ടയം വാകത്താനം പള്ളിക്കപ്പറമ്പിൽ കുടുംബാംഗമാണ്.

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിക്കുവേണ്ടി പ്രസിഡണ്ട് കെ. വി. ഏബ്രഹാം കൊടുവത്ത്, ജനറൽ സെക്രട്ടറി തോമസ് ചാണ്ടി, എഡിറ്റർ ഫീലിപ്പോസ് പൊട്ടക്കാവയലിൽ, പി. ആർ. ഒ. ജോയ്സ് തോട്ടയ്ക്കാട് തുടങ്ങിയവർ ശവസംസ്ക്കാര ശുശ്രൂഷകളിൽ സംബന്ധിക്കുകയും റീത്ത് സമർപ്പിച്ച് സന്തപ്ത കുടുംബാംഗങ്ങളോടുള്ള അനുശോചനം രേഖപ്പെടുത്തുകയും ചെയ്തു.

# പള്ളിവാതുക്കൽ സ്കൂളിനു മരണമണി

പാമ്പാടി. എന്തു വില കൊടുത്തും ആശാകിരണിലെ കുട്ടികളെ പാമ്പാടി എം. ഡി. എൽ. പി. സ്കൂളിൽ പ്രവേശിപ്പിയ്ക്കുമെന്ന് വിദ്യാഭ്യാസമന്ത്രി എം. എ. ബേബി പ്രഖ്യാപിച്ചതോടെ പാമ്പാടിയിലെ ആറു തലമുറയ്ക്കു ആദ്യാക്ഷരം പകർന്നു കൊടുത്ത പള്ളിവാതുക്കൽ സ്കൂളിനു മരണമണി മുഴങ്ങി.

പാമ്പാടിയിലെ ഏറ്റവും പാവപ്പെട്ട വിദ്യാർത്ഥികൾ പഠിക്കുന്ന പള്ളിവാതുക്കൽ സ്കൂളിൽ ആശാകിരൺ എന്ന സ്ഥാപനത്തിലെ എച്ച്. ഐ. വി. ബാധിതരായ അഞ്ചു കുട്ടികളെ പ്രവേശിപ്പിക്കുന്നതു സംബന്ധിച്ച പ്രശ്നം കഴിഞ്ഞ വർഷം ആരംഭിച്ചതാണ്. ഈ കുട്ടികളെ പ്രവേശിപ്പിച്ചതോടെ ഭീതിയിലാണ്ട മറ്റു കുട്ടികൾ വരാതായി. ആശാകിരണിലെ കുട്ടികളെ തുടർന്നു പഠിപ്പിച്ചാൽ തങ്ങളുടെ കുട്ടികളെ സ്കൂളിൽ വിടുകയില്ലെന്നു രക്ഷകർത്തൃസമിതി ഐകകണ്ഠേന തീരുമാനിച്ചു.

പാമ്പാടി സെന്റ് ജോൺസ് കത്തീഡ്രലിനു മുമ്പിൽ സ്ഥിതി ചെയ്യുന്ന പള്ളിവാതുക്കൽ സ്കൂൾ 1879 -ൽ സ്ഥാപിച്ചതും സഭയുടെ മാനേജ്മെന്റിലുള്ളതുമാണ്. പാമ്പാടിയിലെ ആദ്യത്തെ അധുനിക വിദ്യാലയമായ ഇവിടെയാണ് പ. പാമ്പാടി തിരുമേനി വിദ്യാഭ്യാസം നടത്തിയത്.

ആശാകിരൺ എന്ന സ്ഥാപനം മലങ്കരസഭയുടേതല്ല. പാമ്പാടി കെ. ജി. കോളജിനോടു സമീപം സ്ഥിതിചെയ്യുന്ന ഈ സ്ഥാപനത്തിനു സ്ഥലം വാങ്ങാനും തുടർന്നുള്ള നടത്തിപ്പിനും പാമ്പാടി തിരുമേനിയുടെ പേരുപയോഗിച്ചാണ് പിരിവു നടത്തിയതെന്ന് നാട്ടുകാർ പറയുന്നു. പാമ്പാടി ദയറായുടെ വരുമാനം ആശാകിരണിനായി വകമാറ്റുന്നുവെന്നും ആരോപണമുണ്ട്. പാമ്പാടി ദയറാ മാനേജർ പി. സി. യോഹന്നാൻ റമ്പാനാണ് ആശാകിരൺ സെക്രട്ടറി.

കേവലം അഞ്ചു കുട്ടികളുള്ളതും പാമ്പാടിക്കാർക്ക് താൽപ്പര്യമില്ലാത്തതുമായ ഈ സ്ഥാപനം തുടർന്നുകൊണ്ടുപോകുന്നതിൽ ദുരുദ്ദേശ്യമുണ്ടെന്നും നാട്ടുകാർ ആരോപിക്കുന്നു. ഈ കുട്ടികളെ ഇത്തരക്കാർക്കായി കേരളത്തിൽ നല്ല നിലയിൽ നടക്കുന്ന മറ്റു സ്ഥാപനങ്ങളിൽ പുനരധിവസിപ്പിക്കണമെന്നും അവർ ആവശ്യപ്പെടുന്നു.

ഉന്നതസ്വാധീനമുള്ള ആശാകിരണുമായി ഏറ്റുമുട്ടാനാവാത്ത അവസ്ഥയിലാണ് ദരിദ്രരായ രക്ഷിതാക്കൾ. തങ്ങളുടെ കുട്ടികളുടെ സുരക്ഷിതത്വത്തിൽ ആശങ്ക പൂണ്ട ഇവർ ഇന്ന് കേരളാ ഹൈക്കോടതിയിലും ദേശീയ മനുഷ്യാവകാശ കമ്മീഷനിലും നിയമനടപടി നേരിടുകയാണ്.

അടച്ചുപൂട്ടലിന്റെ വക്കിൽ നിൽക്കുന്ന പള്ളിവാതുക്കൽ സ്കൂളിൽ മറ്റു കുട്ടികളില്ലെങ്കിലും ശമ്പളം നൽകുമെന്ന് മന്ത്രി പ്രഖ്യാപിച്ചെങ്കിലും അദ്ധ്യാപകർ തൊഴിൽ നഷ്ടപ്പെടുമെന്ന ഭീതിയിലാണ്. അടുത്ത വർഷം ആശാകിരണിലെ കുട്ടികൾ മാറിയാൽ ശമ്പളം ആരു തരും എന്നവർ ചോദിക്കുന്നു.

ഒന്നുകിൽ ഉന്നതസ്വാധീനമുള്ള ആശാകിരൺ അധികൃതർക്ക് വഴങ്ങുക, അല്ലെങ്കിൽ കിലോമീറ്ററുകൾ ദൂരെ ആലാംപള്ളിയിലോ, വെള്ളൂരോ തിരക്കുപിടിച്ച കെ. കെ റോഡിലൂടെ തങ്ങളുടെ പിഞ്ചുകുഞ്ഞുങ്ങളെ വിടുക എന്ന നിസഹായാവസ്ഥയിലാണ് വെറും സാധാരണക്കാരായ ഒരു പറ്റം രക്ഷിതാക്കൾ. പ. പാമ്പാടി തിരുമേനിയെ ആദ്യാക്ഷരം കുറിപ്പിച്ച പള്ളിവാതുക്കൽ സ്കൂൾ പൂട്ടുന്നതിനു കാരണമായ ആശാകിരൺ ആർക്കു വേണ്ടി എന്ന ചോദ്യമാണ് ഉയരുന്നത്.

## യോനാ ഇപ്പോഴും കപ്പലിൽ തന്നെ; അഗാധ നിദ്രയിൽ: ഒരു വിശദീകരണം

2006 ഒക്ടോബർ ലക്കം ‘അൽമായവേദിയിൽ’ ‘യോനാ ഇപ്പോഴും കപ്പലിൽ തന്നെ; അഗാധ നിദ്രയിൽ’ എന്ന പേരിൽ പ്രസിദ്ധീകരിച്ച ലേഖനം, ഞങ്ങൾക്കു ലഭിച്ച തെളിവുകളുടെ അടിസ്ഥാനത്തിൽ സത്യസന്ധമെന്നു പൂർണ്ണ വിശ്വാസത്തോടെ പ്രസിദ്ധീകരിച്ചതാണ്. ഈ ലേഖനം മൂലം ആർക്കെങ്കിലും എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായിട്ടുണ്ടെങ്കിൽ അതിൽ നിർവാജ്യം ഖേദിക്കുന്നു. ടി. ലേഖനത്തിലെ ഏതെങ്കിലും കാര്യങ്ങൾ വസ്തുതാപരമായി തെറ്റാണെന്നു തെളിയിക്കുന്ന രേഖകൾ സഹിതം നൽകുന്ന ലേഖനം പ്രസിദ്ധീകരിക്കാൻ ഞങ്ങൾ തയാറാണെന്ന് അറിയിച്ചുകൊള്ളുന്നു.

ഇത് സംബന്ധമായി ഫാ. ജോൺസന്റെ സഹോദരൻ സാബു ജോൺ അയച്ച കത്ത് സഭ്യമല്ലാത്തതുകൊണ്ടും കത്തിൽ അദ്ദേഹം ഒപ്പിട്ടിട്ടില്ലാത്തതുകൊണ്ടുമാണ് പ്രസിദ്ധീകരിക്കാത്തത്.

– പത്രാധിപർ

സഭയുടെ ഭിത്തിയെ ബലവത്താക്കുവാനും സഭാഗാത്രത്തിന് ശക്തി പകരുവാനുമായി അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരിക്കുന്നത്.

**Almayavedi:** Printed and Published by K. V. Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedhi, PB No. 652, Kottayam - 686001,
printed at Sophia Print House, Surya Guest Line, Thekkenada, Kottayam and published from Kottayam. Editor: Philipose Pottakkavayalil Ph: 93497 54448